www.malankaralibrary.com

ജി. ചേടിയത്ത്

# ഐറേനിയസ്
# അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്

കോട്ടയം
2003

www.malankaralibrary.com

ജി. ചേടിയത്ത്

# ഐറേനിയസ്
# അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്

No: 277

കോട്ടയം

2003

www.malankaralibrary.com

G.Chediath (tr.), **IRENAEUS, APOSTŌLI KA PRABŌDHANATHINTE THELIVU** (Proof of the Apostolic Preaching)
A publication of the Oriental Institute of Religious Studies, India,
P.B. No.10, Vadavathoor, Kottayam, 686 010. Kerala, India.

© G. Chediath, 2003

Price: 20.00
ISBN: 81-88456-14-4
Type Setting & Printing: **WiGi Offset Printers**
Manganam, Kottayam-686 018,
Tel: 2570862, E-mail:wigipress@sify.com

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം ........................................ 7

**ഐറേനിയസ്**
**അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്**
**A. ദൈവവും സൃഷ്ടികളും - വീഴ്ച**

1. ജീവന്റെ വഴി ........................................ 9
2. വിശ്വാസവും സത്പ്രവൃത്തികളും ........................................ 10
3. വിശ്വാസനിയമം ........................................ 11
4. സൃഷ്ടികളുടെ ഉത്ഭവം ........................................ 12
5. ത്രിത്വവും സൃഷ്ടികളും ........................................ 13
6. മൂന്ന് വിശ്വാസസത്യങ്ങൾ ........................................ 13
7. ത്രിത്വവും നമ്മുടെ വീണ്ടുംജനനവും ........................................ 14
8. പിതാവായ ദൈവവും മനുഷ്യകുലവും ........................................ 15
9. സപ്താകാശങ്ങൾ ........................................ 16
10. ദൈവം പരമോന്നതഭരണാധികാരി ........................................ 16
11. മനുഷ്യസൃഷ്ടി ........................................ 17
12. പറുദീസാ ........................................ 18
13. ഹവ്വാ ........................................ 18
14. ആദ്യ നിഷ്കളങ്കത ........................................ 19
15. അറിവിന്റെ വൃക്ഷം - അമർത്യത ........................................ 19
16. വീഴ്ച ........................................ 20

**B. രക്ഷാചരിത്രം**

17. കായേനും ഹാബേലും ........................................ 20
18. മല്ലന്മാർ ........................................ 21
19. ജലപ്രളയം ........................................ 22

www.malankaralibrary.com



20. ഹാമിനു കിട്ടിയ ശാപം ........ 22
21. ശേമിനും യാഫേത്തിനും ലഭിച്ച അനുഗ്രഹം ........ 23
22. നോഹയോടുള്ള ഉടമ്പടി ........ 24
23. ബാബേൽ ........ 24
24. അബ്രഹാം, ഇസഹാക്ക്, യാക്കോബ് ........ 25
25. ഈജിപ്ത്: പെസഹാ ........ 27
26. നിയമം ........ 27
27. ചാരന്മാർ. മരുഭൂമിയിൽ അലഞ്ഞുതിരിയൽ ........ 28
28. നിയമാവർത്തനം ........ 29
29. വാഗ്ദത്തനാട് ........ 30
30. പ്രവാചകന്മാർ ........ 30
31. അഴിവില്ലായ്മ ........ 30
32. ആദവും ക്രിസ്തുവും ........ 31
33. ഹവ്വായും മറിയവും ........ 32
34. അറിവിന്റെ വൃക്ഷവും കുരിശും ........ 32
35. അബ്രഹാമിനോടുള്ള വാഗ്ദാനപൂർത്തീകരണം; വിശ്വാസംവഴിയുള്ള നീതീകരണം ........ 33
36. ദാവീദിനോടുള്ള വാഗ്ദാനപൂർത്തീകരണം; കന്യാത്വജനനം ........ 34
37. രക്ഷയുടെ വിജയം ........ 34
38. യഥാർത്ഥ ജനനം, മരണം, ഉത്ഥാനം ........ 35
39. ക്രിസ്തുവിന്റെ പ്രാഥമ്യം ........ 36
40. മോശയിൽനിന്ന് ശ്ലീഹന്മാരിലേക്ക് ........ 36
41. ശ്ലൈഹിക പ്രഘോഷണം ........ 37

## C. ക്രിസ്തു പഴയനിയമത്തിൽ

42. പ്രവചനങ്ങൾ ........ 38
43. പുത്രൻ ആരംഭത്തിൽ ........ 38
44. പുത്രനും അബ്രഹാമും. സോദോമും ഗോമോറയും ........ 39
45. പുത്രനും യാക്കോബും. പ്രത്യക്ഷീകരണങ്ങൾ പുത്രന്റേത് ........ 40
46. പുത്രനും മോശയും മരുഭൂമിയിൽ ........ 41

www.malankaralibrary.com



47. ത്രിത്വം ........ 42
48. സങ്കീർത്തനം 110 ........ 42
49. രാജാവായി അഭിഷിക്തനായ പുത്രൻ.
പ്രവാചകന്മാരിലൂടെ സംസാരിച്ച ദൈവം ........ 43
50. നിത്യനായ പുത്രൻ സകലരുടെയും രക്ഷകൻ ........ 44
51. പുത്രന്റെ പ്രിസ്ഥിതി ........ 45
52. തിരുലിഖിതസാരം ........ 45
53. "കന്യകയുടെ ഗർഭധാരണം ........ 46
54. കന്യാത്വജനനം, അമ്മാനുവേൽ ........ 47
55. വിസ്മയനീയനായ ഉപദേഷ്ടാവ് ........ 47
56. അവിശ്വാസികൾക്കുള്ള ശിക്ഷാവിധി ........ 48
57. "യൂദായിൽ നിന്നുള്ള ഭരണാധികാരി"; "മുന്തിരിച്ചാറ്" ........ 49
58. യാക്കോബിന്റെ നക്ഷത്രം ........ 50
59. ചെങ്കോലും ഈശായിയുടെ വേരിൽ നിന്നുള്ള മുളയും ........ 50
60. ബലഹീനർക്ക് നീതിയുള്ള ന്യായവിധി ........ 51
61. "ചെന്നായ് കുഞ്ഞാടിന്റെ കൂടെ മേയും" ........ 52
62. "ഞാൻ ദാവീദിന്റെ കൂടാരം ഉയർത്തും" ........ 53
63. യൂദയായിലെ ബേത്ലഹേം ........ 53
64. എന്നേക്കും ദാവീദിന്റെ പുത്രൻ ........ 54
65. ജറുസേലം പ്രവേശനം ........ 54
66. ക്രിസ്തു പ്രവാചകന്മാരിൽ ........ 55
67. ക്രിസ്തുവിന്റെ അത്ഭുതങ്ങൾ ........ 55
68. പീഡാനുഭവം ........ 55
69. ന്യായവിധി ........ 57
70. "അവന്റെ തലമുറയെ ആരു വിവരിക്കും?" ........ 58
71. "നിന്റെ നിഴലിൻ കീഴിൽ ഞങ്ങൾ പാർക്കും" ........ 58
72. നീതിമാന്റെ മരണം ........ 59
73. ഉത്ഥാനം ........ 60
74. ഹേറോദേസും പീലാത്തോസും ........ 60
75. പീഡാനുഭവം പിതൃഹിതപ്രകാരം ........ 61
76. ക്രിസ്തുവിനെ അറസ്റ്റുചെയ്യുന്നത് ........ 61

www.malankaralibrary.com



77. ക്രിസ്തു ഹേറോദേസിന്റെ മുമ്പിൽ ........ 62
78. പാതാളപ്രവേശനം ........ 62
79. ക്രൂശാരോഹണം ........ 62
80. വസ്ത്രം പങ്കിട്ടെടുക്കൽ ........ 63
81. മുപ്പതു വെള്ളിനാണയങ്ങൾ ........ 63
82. വിനാഗിരിയും കയ്പും ........ 64
83. സ്വർഗാരോഹണം ........ 64
84. സ്വർഗപ്രവേശനം ........ 65
85. കാത്തിരിക്കുന്ന ന്യായവിധി ........ 65

D. ക്രിസ്തു പുതിയനിയമത്തിൽ

86. പ്രവാചകന്മാരും ശ്ലൈഹികപ്രബോധനവും ........ 66
87. നിയമത്തെ മറികടക്കുന്ന സ്നേഹം ........ 66
88. ക്രിസ്തു മഹത്ത്വത്തിൽ.
അവൻ നമ്മെ വീണ്ടെടുത്തു ........ 67
89. ആത്മാവ് നിയമത്തെ ഉല്ലംഘിക്കുന്നു ........ 68
90. ആത്മാവിന്റെ പുതുക്കം. പുതിയ ഉടമ്പടി ........ 68
91. വിജാതീയർ ഉടമ്പടിയുടെ അവകാശികൾ ........ 69
92. വിജാതീയർ അവനെ ദർശിച്ചു ........ 69
93. വിശുദ്ധ ജനമായി തീരേണ്ട വിജാതീയർ ........ 70
94. സിനഗോഗിനേക്കാൾ സഭ സമൃദ്ധയാണ് ........ 70
95. ഇസ്രായേലിനു പകരം വിജാതീയർ ........ 71
96. നമുക്ക് “നിയമത്തിന്റെ” ആവശ്യമില്ല ........ 72
97. സർവശക്തന്റെ സമീപസ്ഥമായ സഹായം ........ 73
98. ഉപസംഹാരം ........ 74
99. ത്രിത്വത്തിലെ ആളുകൾക്കെതിരെയുള്ള തെറ്റുകൾ ........ 74
100. പാഷണ്ഡികളെ സംബന്ധിച്ചു
കരുതലുള്ളവരായിരിക്കണം ........ 75
പദസൂചിക ........ 77

www.malankaralibrary.com

# ആമുഖം

രണ്ടാം നൂറ്റാണ്ടിലെ ഒരു സുപ്രധാന ദൈവശാസ്ത്രജ്ഞനായിരുന്നു ലയൺസിലെ വിശുദ്ധ ഐറേനിയസ് (+200). പോളിക്കാർപ്പുവഴി ശ്ലൈഹികസഭയോട് അദ്ദേഹം ബന്ധപ്പെട്ടിരുന്നു. ഏഷ്യാമൈനർകാരനായ അദ്ദേഹം ഗോളിൽ (ഫ്രാൻസിൽ) എത്തുകയും സഭാനേതാവാകുകയും ചെയ്തു. സഭയിൽ ഉടലെടുത്ത പ്രശ്നങ്ങളിൽ സമാധാന സംസ്ഥാപകനായിട്ടത്രേ ഐറേനിയസ് അറിയപ്പെടുക. ഗ്നോസ്റ്റിക് അബദ്ധോപദേശകരെ എതിർത്തു തോല്പിക്കാൻ തന്റെ കൃതികളിലൂടെ അദ്ദേഹം അത്യധ്വാനം ചെയ്തു. 'പാഷണ്ഡതകൾക്കെതിരെ' (Adversus Haereses), 'അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്' എന്നിവയാണ് അദ്ദേഹത്തിന്റെ സുപ്രധാനകൃതികൾ. രണ്ടാമത്തെ കൃതിയുടെ മലയാള വിവർത്തനമാണ് താഴെ ചേർക്കുന്നത്.

ഐറേനിയസ് ഗ്രീക്കിൽ എഴുതിയെങ്കിലും അർമേനിയൻ വിവർത്തനത്തിൽ മാത്രമേ ഈ കൃതി നമുക്ക് ലഭിച്ചിട്ടുള്ളൂ. 1907-ൽ ഇത് പ്രസിദ്ധീകൃതമായി. ഇതിന് രണ്ടു ഭാഗങ്ങളാണുള്ളത്. ഈ കൃതി എഡിറ്റു ചെയ്ത ഹാർനാക്ക് നൂറ് നമ്പറുകളായി തിരിച്ചു. കൃതിയിൽ ഇപ്പോൾ കാണുന്ന തലക്കെട്ടും പില്ക്കാലത്ത് വിവർത്തകർ കൂട്ടിച്ചേർത്തതാണ്. ഈ കൃതി രചിക്കാനുള്ള പ്രേരണകളെപ്പറ്റി ആമുഖമായി പറഞ്ഞിട്ട് (1-3), ക്രിസ്തീയവിശ്വാസത്തിന്റെ സാരസത്തയെപ്പറ്റി ഒന്നാംഭാഗം (4-42) ചർച്ച ചെയ്യുന്നു: മൂന്നു ദൈവിക ആളുകൾ, സൃഷ്ടി, മനുഷ്യാധഃപതനം, മനുഷ്യാവതാരം, രക്ഷ എന്നിവ പ്രതിപാദ്യ വിഷയങ്ങളാണ്. വിശ്വാസസംബന്ധമായ പല പ്രമുഖവിഷയങ്ങളും ചർച്ച ചെയ്തിട്ടില്ല. അതായത്, ഒരു സമഗ്ര ദൈവശാസ്ത്ര ചർച്ചയല്ല ഇത് എന്നു സാരം. രണ്ടാംഭാഗം (42-97) ക്രൈസ്തവ വെളിപാടിന്റെ യാഥാർത്ഥ്യത്തിന് പഴയനിയമ പ്രവചനങ്ങളിൽനിന്ന് തെളിവു

www.malankaralibrary.com



നൽകുന്നു. യേശുവിനെ ദൈവപുത്രനായും മിശിഹാ ആയും വരച്ചുകാട്ടുന്നു. വിശ്വാസാനുസൃത ജീവിതം നയിക്കാനും അബദ്ധോപദേശങ്ങളിൽ നിന്ന് അകന്നു മാറാനും അവസാന ഭാഗത്ത് ഐറേനിയസ് ഉപദേശിക്കുന്നു. ജസ്റ്റിന്റെ കൃതികൾ അദ്ദേഹത്തെ സ്വാധീനിച്ചതിന്റെ ലക്ഷണം കാണുന്നുണ്ട്. പലയിടങ്ങളിലും വ്യത്യസ്ത ബൈബിൾ ടെക്സ്റ്റും അദ്ദേഹം ഉപയോഗിച്ചിരുന്നു. തെയോഫിലസിൽ നിന്നുള്ള സ്വാധീനവും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അന്നത്തെ സഭയുടെ ഒരു വേദപാഠ ഗ്രന്ഥമായി ഇതിനെ കണക്കാക്കാം. ശ്ലൈഹിക പ്രബോധനം വേദപുസ്തകാധിഷ്ഠിതമാണെന്ന് കാട്ടുന്നു. പഴയനിയമത്തിൽ പ്രവചിച്ചിരുന്നവയുടെ പൂർത്തീകരണമാണ് പുതിയനിയമം. അർത്ഥവ്യക്തതയില്ലാത്ത ചില ഭാഗങ്ങളും അവിടവിടെ കാണാം. St.Irenaeus, *Proof of the Apostolic Preaching*, (Newman Press) (*ACW*-16),Washington D.C., 1952 എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയാണ് ഈ മലയാള വിവർത്തനം. ഈ ഗ്രന്ഥം ആദ്യമായാണ് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത പൗരസ്ത്യ വിദ്യാപീഠത്തിലെ പ്രസിദ്ധീകരണ വിഭാഗമായ OIRSI യോടും അതിന്റെ ഡയറക്ടർ ബഹു. മണ്ണൂരാംപറമ്പിൽ തോമസ് അച്ചനോടും മുദ്രണം ഭംഗിയായി നിർവഹിച്ച മാങ്ങാനം വി.ജി. പ്രിന്റേഴ്സിന്റെ അധികാരികളോടും പ്രവർത്തകരോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു. ഈ ഗ്രന്ഥം സസന്തോഷം സഹൃദയസമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

മലങ്കര മേജർ സെമിനാരി
നാലാഞ്ചിറ, തിരുവനന്തപുരം
ഡിസംബർ 28, 2003.

**ജി. ചേടിയത്ത്**

www.malankaralibrary.com

## ഐറേനിയസ്

# അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്

### A. ദൈവവും സൃഷ്ടികളും – വീഴ്ച

### 1. ജീവന്റെ വഴി

എന്റെ പ്രിയപ്പെട്ട മാർചിയാനൂസ്, മനുഷ്യരെ നിത്യജീവനിൽ എത്തിക്കുന്ന ഏകമാർഗമായ ദൈവസേവനത്തിന്റെ പാതയിൽ സഞ്ചരിക്കാനുള്ള നിന്റെ താല്പര്യം ഗ്രഹിച്ചുകൊണ്ട് ഞാൻ നിന്നെ അഭിനന്ദിക്കുകയും നീ വിശ്വാസം അവികലമായി കാത്തുസൂക്ഷിക്കുന്നതിനും നിന്റെ സ്രഷ്ടാവായ ദൈവത്തിന് പ്രീതിയുള്ളവനായിരിക്കുന്നതിനും പ്രാർഥിക്കുകയും ചെയ്യുന്നു. പരസ്പരം സഹായിക്കുന്നതിനും പ്രയോജനപ്രദമായ വിഷയങ്ങളെപ്പറ്റിയുള്ള അനുദിന ചർച്ചകളിലൂടെ ഭൗമികജീവിതത്തിന്റെ പര്യാകുലതകളിൽ നിന്ന് മോചനം പ്രാപിക്കുന്നതിനും വേണ്ടി, നമുക്ക് എപ്പോഴും ഒന്നിച്ചു കഴിയാൻ സാധിച്ചിരുന്നെങ്കിൽ!

നാമിപ്പോൾ ശാരീരികമായി പരസ്പരം അകന്നിരിക്കുന്നതിനാൽ, എഴുത്തിലൂടെ ബന്ധം പുലർത്തുന്നതിനും നിന്റെ വിശ്വാസം ഉറപ്പിക്കുന്നതിനായി സത്യപ്രബോധനം ചുരുക്കമായി അവതരിപ്പിക്കുന്നതിനും ഒട്ടും താമസം വരുത്തിയില്ല. ചുരുങ്ങിയ വിവരണത്തിലൂടെ സത്യപ്രബോധനത്തിന്റെ നാനാവശങ്ങളും ഗ്രഹിക്കുകയും ദൈവികകാര്യങ്ങളുടെ തെളിവ് ചുരുക്കമായി സ്വീകരിക്കുകയും ചെയ്തുകൊണ്ട്, ചുരുങ്ങിയ വാക്കുകളിൽ അനേക കാര്യങ്ങൾ നീ കണ്ടെത്താനായി, പ്രധാന സംഗതികളെക്കുറിച്ച് കുറിപ്പുകളുടെ രൂപത്തിലത്രേ നാമിത് നിനക്ക് എഴുതി അയച്ചുതരുന്നത്. ഈ രീതിയിൽ, ഇത് നിന്റെ സ്വന്തം രക്ഷയ്ക്ക് ഫലം പുറപ്പെടുവിക്കും; എന്നു മാത്രമല്ല, തെറ്റായ വീക്ഷണങ്ങൾ

www.malankaralibrary.com



പുലർത്തുന്നവരെയൊക്കെ തർക്കിച്ചു പരാജയപ്പെടുത്തുന്നതിനും കേൾക്കാൻ ആഗ്രഹമുള്ളവരോടൊക്കെ അവികലമായും പരിപാവനമായും നമുക്കു പറയാനുള്ളത് ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നതിനും സഹായിക്കുകകൂടി ചെയ്യും. എന്തുകൊണ്ടെന്നാൽ, കാഴ്ചശക്തിയുള്ളവരുടെയെല്ലാം പാത, സ്വർഗീയ പ്രകാശം തെളിച്ച മുകളിലേക്കുള്ള ഏക പാതയാണ്; എന്നാൽ കാഴ്ചശക്തിയില്ലാത്തവരുടെ പാത ഇരുണ്ടതും വളഞ്ഞുപുളഞ്ഞതും പലതുമാണ്. മനുഷ്യരെ ദൈവവുമായി ഐക്യപ്പെടുത്തിക്കൊണ്ട്, ആദ്യപാത സ്വർഗരാജ്യത്തിലേക്കു നയിക്കുന്നു; എന്നാൽ മറ്റുള്ളവയാകട്ടെ, മനുഷ്യരെ ദൈവത്തിൽനിന്ന് അകറ്റിക്കൊണ്ട്, മരണത്തിലെത്തിക്കുന്നു. അതുകൊണ്ട് സ്ഥിരതയുടെയോ, സ്ഥിരോത്സാഹത്തിന്റെയോ കുറവുമൂലം നീ ഭൗതിക വികാരങ്ങളിൽ ഉറച്ചുപോകുകയോ, നേരെയുള്ള പാതയിൽനിന്ന് വഴിതെറ്റി അകന്നുപോകുകയോ ചെയ്യാതിരിക്കാനായി, നീയും, ആത്മാക്കളുടെ രക്ഷയ്ക്കായി അധ്വാനിക്കുന്ന എല്ലാവരും വഴി തെറ്റിപ്പോകാതെയും ധൈര്യത്തോടും ഉറച്ച തീരുമാനത്തോടുംകൂടെ വിശ്വാസത്തിലൂടെ നിന്റെ പാതയിൽ മുന്നേറണം.

## 2. വിശ്വാസവും സത്പ്രവൃത്തികളും

മനുഷ്യൻ ആത്മാവും ശരീരവും ഉള്ള മൃഗമാണ് . ഇവ രണ്ടിൽ നിന്നും വീഴ്ചയ്ക്കുള്ള അവസരം ഉണ്ടാകാൻ ഇടയുണ്ട്. അതുകൊണ്ട് ദുഷ്പ്രവൃത്തികളുടെയും നിന്ദ്യമായ കാര്യങ്ങളുടെയും വർജനയാകുന്ന സംരക്ഷണം എന്ന ശാരീരിക വിശുദ്ധിയും യാതൊന്നും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ ദൈവത്തിലുള്ള വിശ്വാസത്തിന്റെ സമഗ്രസംരക്ഷണം എന്ന ആത്മാവിന്റെ വിശുദ്ധിയുമുണ്ട്. ആത്മശരീരങ്ങളുടെ സഹവർത്തിത്വത്തിലൂടെയാണ് ഇതു സാധിക്കേണ്ടത്. എന്തുകൊണ്ടെന്നാൽ, ശരീരത്തിന്റെ അശുദ്ധികൊണ്ടും മാലിന്യംകൊണ്ടും ഭക്തിക്കു മങ്ങലേൽക്കുകയും അതിന്റെ ശോഭ നശിക്കുകയും ചെയ്യുന്നു; ആത്മാവിൽ അസത്യം കടന്നുകയറുമ്പോൾ അതു തകരുകയും കറ പുരളുകയും അതിന്റെ ആർജവം നഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ ശാരീരിക വിശുദ്ധിയിലും ആത്മാവിന്റെ സത്യത്തിലും നിരന്തരം നിലനില്ക്കുന്നതിലൂടെ അത് സൗന്ദര്യത്തിലും കൃത്യമായും സംരക്ഷിക്കാനാവും.

www.malankaralibrary.com



കാരണം, ശരീരത്തെ മലിനമാക്കിക്കൊണ്ടും ദുഷ്പ്രവൃത്തികൾ ചെയ്തുകൊണ്ടും വാക്കിലുള്ള സത്യം അറിഞ്ഞിട്ടെന്തു കാര്യം? അഥവാ, ആത്മാവിൽ സത്യമില്ലെങ്കിൽ, ശാരീരികവിശുദ്ധിക്ക് യഥാർത്ഥത്തിൽ എന്തു നന്മ ചെയ്യാനാകും? രണ്ടും പരസ്പര പൂരകങ്ങളാണ്; അവ ഒന്നിച്ചുപോകുന്നു; മനുഷ്യനെ ദൈവസന്നിധിയിൽ നിലനിർത്താൻ രണ്ടും ഒന്നിച്ച് അധ്വാനിക്കുന്നു. അതുകൊണ്ട് ദാവീദിലൂടെ പരിശുദ്ധാത്മാവ് പറയുന്നു; "അഭക്തരുടെ ഉപദേശാനുസൃതം വ്യാപരിക്കാത്തവൻ ഭാഗ്യവാൻ" (സങ്കീ 1,1). അതായത്, ദൈവത്തെ അറിയാത്തവരുടെ ഉപദേശം. സത്താപരമായി ദൈവം ആകുന്നവനെ ആരാധിക്കാത്തവരാണ് "അഭക്തർ". അതുകൊണ്ട്, തിരുവചനം മോശയോടു പറയുന്നു: "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" (പുറ 3,14). സത്യമായും ആകുന്ന ദൈവത്തെ ആരാധിക്കാത്തവരാണ് "അഭക്തർ". "പാപികളുടെ പാതയിൽ നില്ക്കാത്തവൻ": ദൈവത്തെപറ്റിയുള്ള അറിവ് ഉണ്ടെങ്കിലും, അവിടുത്തെ കല്പനകൾ പാലിക്കാത്തവരാണ് "പാപികൾ". അതായത് നിന്ദ്യരും വകതിരിവില്ലാത്തവരുമായ വർഗം. "പരിഹാസകരുടെ പീഠത്തിൽ ഇരിക്കാത്തവനും": ദുഷ്ടതരവും വഴി പിഴച്ചതുമായ പ്രബോധനങ്ങളാൽ തങ്ങളെ തന്നെയും മറ്റുള്ളവരെയും ദുഷിപ്പിക്കുന്നവരാണ് പരിഹാസകർ. "പീഠം" അവരുടെ സ്കൂളിന്റെ പ്രതീകമാണ്. അത്തരക്കാരാണ് പാഷണ്ഡികൾ. അവരുടെ പ്രബോധനമാകുന്ന പാഷാണം കഴിക്കുന്നവരാണ് അവരുടെ പീഠത്തിൽ ഇരുന്ന് ജീർണതയിൽ എത്തുന്നവർ.

## 3. വിശ്വാസനിയമം

അതുകൊണ്ട്, ഇപ്രകാരം നമുക്ക് സംഭവിക്കാതിരിക്കാൻ, വഴിതെറ്റാതെ കൃത്യമായി വിശ്വാസനിയമം സംരക്ഷിക്കണം. ദൈവത്തിൽ വിശ്വസിച്ചുകൊണ്ടും അവിടുന്നു കർത്താവാകയാൽ അവനെ ഭയപ്പെട്ടുകൊണ്ടും അവിടുന്നു പിതാവാകയാൽ അവനെ സ്നേഹിച്ചുകൊണ്ടും അവിടുത്തെ കല്പനകൾ പാലിക്കണം. പ്രവൃത്തി, വിശ്വാസത്താലാണ് സംരക്ഷിക്കപ്പെടുക; കാരണം, "നീ വിശ്വസിക്കുന്നില്ലെങ്കിൽ നീ മുന്നോട്ടുപോകുകയില്ല" എന്ന് ഏശായാ പറയുന്നു (7,9). വിശ്വാസം യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമാകയാൽ, സത്യത്താലാണ് വിശ്വാസം നൽകപ്പെടുക. കാരണം, യഥാർത്ഥത്തിൽ ആയിരിക്കുന്നതിനെ അത് ആയിരിക്കുന്നതു

www.malankaralibrary.com



പോലെ, നമുക്കു വിശ്വസിക്കാം; അത് എന്നേക്കും ആയിരിക്കുന്നതു പോലെ യഥാർത്ഥത്തിൽ ആയിരിക്കുന്നതിനെ വിശ്വസിച്ചുകൊണ്ട്, ഉറപ്പായി അംഗീകരിക്കാം. നമ്മുടെ രക്ഷയെ നിലനിർത്തുന്നത് വിശ്വാസം ആകയാൽ, യാഥാർത്ഥ്യത്തെപ്പറ്റിയുള്ള സത്യദർശനം ഉണ്ടാകുവാൻവേണ്ടി ഇതു നിലനിർത്താൻ എല്ലാവരും അതീവ ജാഗരൂകരായിരിക്കണം. ശ്ലീഹന്മാരുടെ ശിഷ്യരായ മൂപ്പന്മാർ നമുക്കു കൈമാറിത്തന്നതുപോലെ, ഇതാണ് വിശ്വാസം നമുക്കുവേണ്ടി ചെയ്യുന്നത്. ഒന്നാമതായി, പിതാവായ ദൈവത്തിന്റെ നാമത്തിലും അവതരിക്കുകയും മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിലും ദൈവത്തിന്റെ പരിശുദ്ധാത്മാവിലും നാം പാപമോചനത്തിനായി മാമോദീസാ സ്വീകരിച്ചു എന്ന കാര്യം ഓർക്കണമെന്ന് അതു നമ്മെ ഉപദേശിക്കുന്നു. ഈ സ്നാനം നിത്യജീവന്റെ മുദ്രയും, നാം മേലിൽ മർത്യരായ മനുഷ്യരുടെ മക്കളായിരിക്കാതെ, നിത്യനും എന്നും നിലനില്ക്കുന്നവനുമായ ദൈവത്തിന്റെ മക്കളായിരിക്കാനായി ദൈവത്തിലേക്കുള്ള വീണ്ടും ജനനവുമാണ്. നിത്യനും എന്നും നിലനില്ക്കുന്നവനും ദൈവമാണ്; അവിടുന്നു സൃഷ്ടികൾക്ക് ഉപരിസ്ഥനാണ്; സമസ്ത വസ്തുക്കളും അവിടുത്തേക്ക് വിധേയ വുമാണ്. അവനു വിധേയമായവയെ എല്ലാം അവൻ തന്നെ ഉണ്ടാ ക്കിയതാണ്. അങ്ങനെ, മറ്റൊരാളുടേതിന്മേലല്ല ദൈവം കർത്താവും ഭരണാധികാരിയുമായിരിക്കുന്നത്, പിന്നെയോ, സ്വന്തത്തിന്മേലത്രേ. സമസ്തവും ദൈവത്തിന്റേതാണ്; അതുകൊണ്ട്, ദൈവം സർവ ശക്തനാണ്; എല്ലാത്തരം വസ്തുക്കളും ദൈവത്തിൽ നിന്നാണ്.

## 4. സൃഷ്ടികളുടെ ഉത്ഭവം

ഏതോ വലിയ ഹേതുവിൽ നിന്നായിരിക്കണം സൃഷ്ടികളുടെ അസ്തിത്വത്തിന്റെ ആരംഭം; എല്ലാറ്റിന്റെയും ഉത്ഭവം ദൈവമാണ്. ദൈവം ആരിൽനിന്നും ഉത്ഭവിച്ചതല്ല. എന്നാൽ സമസ്തവും തന്നിൽ നിന്നാണ്. അതുകൊണ്ട് എല്ലാം സൃഷ്ടിച്ചുണ്ടാക്കുകയും ഇല്ലായ്മയിൽനിന്ന് അസ്തിത്വത്തിലേക്കു കൊണ്ടുവരികയും ചെയ്ത പിതാവായ ഏകദൈവം ഉണ്ടെന്നും അവിടുന്ന് എല്ലാം സംവഹിച്ചിരിക്കുന്നെങ്കിലും, താൻമാത്രം അഗ്രാഹ്യനാണെന്നും ഒന്നാമതായി വിശ്വസിക്കേണ്ടിയിരിക്കുന്നു. "സമസ്ത വസ്തുക്കളും" എന്നതിൽ മനുഷ്യൻ ഉൾപ്പെടെയുള്ള ഈ ലോകവും ഉൾപ്പെടുന്നു. അതുകൊണ്ട്, ദൈവമാണ് ഈ ലോകവും സൃഷ്ടിച്ചത്.

www.malankaralibrary.com



## 5. ത്രിത്വവും സൃഷ്ടികളും

ഈ രീതിയിൽ, പിതാവും സൃഷ്ടിക്കപ്പെടാത്തവനും അദൃശ്യനും എല്ലാറ്റിനെയും നിർമിച്ചവനുമായ ഏകദൈവം ഉണ്ടെന്ന് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അവനു മുകളിലായി മറ്റൊരു ദൈവമില്ല; അവനുശേഷവും മറ്റൊരു ദൈവമില്ല. ദൈവം ബൗദ്ധികനാണ്; അതുകൊണ്ട്, തന്റെ വചനത്താൽ അവിടുന്നു സൃഷ്ടികളെ പുറപ്പെടുവിച്ചു. ദൈവം ആത്മാവാണ്; അതുകൊണ്ട്, ദൈവത്തിന്റെ വചനത്താൽ ആകാശങ്ങളും തന്റെ ആത്മാവിനാൽ അവയിലെ ശക്തികളും സ്ഥാപിക്കപ്പെട്ടു എന്ന് പ്രവാചകൻ പറഞ്ഞിരിക്കുന്ന തുപോലെ (സങ്കീ 33,6), വചനം "സ്ഥാപിക്കുന്നു"; അതായത്, ശാരീരികമായി പ്രവർത്തിക്കുകയും യാഥാർത്ഥ്യങ്ങളെ ഉറപ്പിക്കു കയും ചെയ്യുന്നു. ആത്മാവ് വിവിധ ശക്തികളെ ക്രമീകരിക്കുകയും രൂപീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, ഉചിതമായും ശരിയായും വചനം പുത്രൻ എന്നും, ആത്മാവ് ദൈവത്തിന്റെ വിജ്ഞാനം എന്നും വിളിക്കപ്പെടുന്നു. "എല്ലാറ്റിനും ഉപരിയായും എല്ലാറ്റിനോടുകൂടിയും നാമെല്ലാവരിലും ഉള്ള പിതാവായ ഏക ദൈവം" എന്ന് അവന്റെ ശ്ലീഹായായ പൗലോസും നന്നായി പറയുന്നു (എഫേ 4,6). "എല്ലാറ്റിനും ഉപരിസ്ഥൻ" ആയിരിക്കുന്നത് പിതാവാണ്. "എല്ലാറ്റിനോടുകൂടി" ആയിരിക്കുന്നത് വചനമാണ്; കാരണം, അവനിലൂടെയാണ് പിതാവ് എല്ലാറ്റിനെയും നിർമിച്ചത്. ''നാമെല്ലാവരിലും" ആയിരിക്കുന്നത് "ആബാ, പിതാവേ" എന്നു നിലവിളിക്കുന്ന ആത്മാവാണ്. അവനാണ് ദൈവത്തിന്റെ ഛായയിലേക്ക് മനുഷ്യനെ രൂപീകരിച്ചത്. ആത്മാവ് പുത്രനെ വെളിപ്പെടുത്തുന്നു; അതുകൊണ്ട്, പ്രവാചകന്മാർ ദൈവപുത്രനെപ്പറ്റി അറിയിച്ചു; വചനം ആത്മാവിനെ വ്യക്തമാക്കുന്നു. അതുകൊണ്ട് അവൻ തന്നെയാണ് പ്രവാചകന്മാർക്ക് സന്ദേശം നൽകുന്നതും മനുഷ്യനെ എടുത്ത് പിതാവിന്റെ പക്കൽ എത്തിക്കുന്നതും.

## 6. മൂന്ന് വിശ്വാസസത്യങ്ങൾ

നമ്മുടെ വിശ്വാസത്തിന്റെ കോരിയെടുക്കലും കെട്ടിടത്തിന്റെ അസ്തിവാരവും, ജീവിതരീതിയുടെ ഉറപ്പും ഇതാകുന്നു: പിതാവും സൃഷ്ടിക്കപ്പെടാത്തവനും അഗ്രാഹ്യനും അദൃശ്യനും എല്ലാറ്റിന്റെയും സ്രഷ്ടാവുമായ ഏക ദൈവം. ഇതാണ് പ്രഥമവും

www.malankaralibrary.com



സർവപ്രധാനവുമായ വിശ്വാസ സത്യം. ദൈവപുത്രനും വചനമാം ദൈവവും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവാണ് രണ്ടാമത്തെ സത്യം. പിതാവ് സജ്ജമാക്കിയ രീതി അനുസരിച്ചും പ്രവാചകന്മാരുടെ പ്രവചനരീതികൾ അനുസരിച്ചും പ്രവാചകന്മാർ അവനെ ചിത്രീകരിച്ചു; സമസ്തവസ്തുക്കളും അവനിലൂടെ നിർമിക്കപ്പെട്ടു. മരണത്തെ നീക്കിക്കളയാനും ജീവൻ എത്തിക്കാനും മനുഷ്യനും ദൈവവും തമ്മിലുള്ള സംസർഗം സ്ഥാപിക്കാനും എല്ലാറ്റിനെയും കൂട്ടിച്ചേർക്കാനും[1] വേണ്ടി അവിടുന്ന് കാലാന്ത്യത്തിൽ ദൃശ്യനും സ്പർശനവിധേയനുമായി മനുഷ്യരുടെ ഇടയിൽ മനുഷ്യനായിത്തീർന്നു. മൂന്നാമത്തെ സത്യം പരിശുദ്ധാത്മാവാണ്. അവൻവഴി പ്രവാചകന്മാർ പ്രവചിച്ചു, പുരാതന പിതാക്കന്മാർ ദൈവത്തെപ്പറ്റി പ്രബോധിതരായി, നീതിമാന്മാർ നീതിപാതയിലൂടെ വഴിനടത്തപ്പെട്ടു, അവൻ കാലാന്ത്യത്തിൽ, ദൈവത്തിലേക്ക് മനുഷ്യരെ നവീകരിച്ചുകൊണ്ട് മനുഷ്യരുടെമേൽ ഭൂമി മുഴുവൻ പുതിയ രീതിയിൽ ചൊരിയപ്പെട്ടു.

## 7. ത്രിത്വവും നമ്മുടെ വീണ്ടുംജനനവും

അതുകൊണ്ട്, പിതാവായ ദൈവത്തിലേക്ക് പുത്രനിലൂടെയും പരിശുദ്ധാത്മാവിനാലും നമുക്ക് വീണ്ടും ജനനം നൽകിക്കൊണ്ട്, നമ്മുടെ വീണ്ടുംജനനസ്നാനം ഈ മൂന്ന് സത്യങ്ങളിലൂടെ എത്തിച്ചേരുന്നു. ദൈവാത്മവാഹകർ, വചനത്തിലേക്ക്, അതായത് പുത്രനിലേക്ക് ആനീതരാക്കപ്പെടുന്നു; പുത്രൻ അവരെ സ്വീകരിച്ച് പിതാവിനു സമർപ്പിക്കുന്നു; പിതാവ് അവർക്ക് അഴിവില്ലായ്മ പ്രദാനം ചെയ്യുന്നു. അതുകൊണ്ട് ആത്മാവിനെ കൂടാതെ വചനമാം ദൈവത്തെ കാണാനാവില്ല; പുത്രനെക്കൂടാതെ പിതാവിനെ സമീപിക്കാനും സാധ്യമല്ല, കാരണം, പിതാവിന്റെ അറിവാണ് പുത്രൻ; പുത്രന്റെ അറിവ് പരിശുദ്ധാത്മാവിലൂടെയാണ്. എന്നാൽ പുത്രൻ പിതാവിന്റെ തിരുഹിതാനുസൃതം, പിതാവ് ഇച്ഛിക്കുന്നതുപോലെ, തനിക്കിഷ്ടമുള്ളവർക്ക് ആത്മാവിനെ സൗജന്യമായി വർഷിക്കുന്നു.

---

1. Recapitulation (anakephalaiosis)

www.malankaralibrary.com



## 8. പിതാവായ ദൈവവും മനുഷ്യകുലവും

പിതാവിനെ അത്യുന്നതൻ എന്നും സർവശക്തൻ എന്നും സൈന്യങ്ങളുടെ കർത്താവ് എന്നും ആത്മാവ് വിളിക്കുന്നു. ദൈവം യഥാർത്ഥത്തിൽ അങ്ങനെയാണ് എന്നു നാം ഗ്രഹിക്കാൻ വേണ്ടിയാണിത്. അതായത്, അവിടുന്ന് ആകാശത്തിന്റെയും ഭൂമിയുടെയും ലോകം മുഴവന്റെയും സ്രഷ്ടാവും മാലാഖമാരുടെയും മനുഷ്യരുടെയും നിർമാതാവും എല്ലാറ്റിന്റെയും കർത്താവും എല്ലാറ്റിനെയും നിലനിർത്തുന്നവനും എല്ലാറ്റിനെയും താങ്ങി നിർത്തുന്നവനും കരുണാപൂർണനും ദയാലുവും ആർദ്രഹൃദയനും നല്ലവനും നീതിമാനും, യഹൂദരും വിജാതീയരും വിശ്വാസികളുമായ സകലരുടെയും ദൈവവും ആണ്. എന്നാൽ വിശ്വാസികൾക്ക് അവിടുന്ന് പിതാവാണ്. കാരണം, കാലാന്ത്യത്തിൽ ദത്തുപുത്ര സ്ഥാനത്തിന്റെ ഉടമ്പടി തുറന്നു. യഹൂദർക്ക് അവിടുന്ന് കർത്താവും നിയമദാതാവും ആയിരുന്നു; കാരണം, മനുഷ്യകുലം ദൈവത്തെ മറക്കുകയും വീണുപോകുകയും ദൈവത്തിനെതിരെ മത്സരി ക്കുകയും ചെയ്തപ്പോൾ, നിയമത്തിലൂടെ അവിടുന്ന് അവരെ വിധേയത്വത്തിലേക്കാനയിച്ചു. അവർക്ക് സ്രഷ്ടാവും നിർമാതാ വുമായി ഒരാളുണ്ടെന്നും അവനാണ് ജീവശ്വാസം നൽകുന്ന തെന്നും, അവനു രാപകൽ കൃതജ്ഞത അർപ്പിക്കണമെന്നും അവർ ഗ്രഹിക്കുന്നതിനായിരുന്നു അത്. എന്നാൽ പുറജാതികൾക്ക് അവിടുന്ന് സ്രഷ്ടാവും നിർമാതാവും സർവശക്തനുമായിരുന്നു. എല്ലാവർക്കും അവൻ ഒരുപോലെ പരിപാലകനും പരിപോഷകനും രാജാവും ന്യായാധിപനുമാണ്. യഹൂദരോ, വിജാതീയരോ, വിശ്വാ സികളുടെ ഇടയിലെ പാപികളോ, മാലാഖമാരോ, ആരും തന്നെ അവന്റെ ന്യായവിധിയിൽനിന്നു രക്ഷപെടുകയില്ല. അവന്റെ കരുണ യെപ്പറ്റി ഇപ്പോൾ സംശയിക്കുന്നവർ, ന്യായവിധിയിൽ അവന്റെ ശക്തി എന്താണെന്നറിയും. ഭാഗ്യവാനായ ശ്ലീഹാ പറയുന്നു:"നിന്നെ അനുതാപത്തിലേക്കു നയിക്കുകയാണ് ദൈവത്തിന്റെ കരുണയുടെ ലക്ഷ്യമെന്ന് അറിയാതെ, ദൈവത്തിന്റെ നീതിയുക്തമായ വിധി വെളിപ്പെടുന്ന ക്രോധത്തിന്റെ ദിനത്തിലേക്ക് നീ നിന്റെ കഠിനവും അനുതാപരഹിതവുമായ ഹൃദയം നിമിത്തം നിനക്കു തന്നെ ക്രോധം സംഭരിച്ചു വയ്ക്കുന്നു. എന്തെന്നാൽ ഓരോരുത്തർക്കും താന്താ ങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ച് അവിടുന്നു പ്രതിഫലം നൽകും" (റോമാ 2,4-6). "അബ്രഹാമിന്റെ ദൈവവും ഇസഹാക്കിന്റെ

www.malankaralibrary.com



ദൈവവും യാക്കോബിന്റെ ദൈവവും ജീവിക്കുന്നവരുടെ ദൈവവും" എന്ന് നിയമം വിളിക്കുന്നയാൾ (പുറ 3,6) ഇതാകുന്നു. എന്നാൽ ഈ ദൈവത്തിന്റെ ഔന്നത്യവും മഹത്ത്വവും തികച്ചും അവാച്യമാണ്.

## 9. സപ്താകാശങ്ങൾ

ഭൂമി ഏഴ് ആകാശങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. എല്ലാം സൃഷ്ടിച്ച സർവശക്തനായ ദൈവത്തിന് ആരാധന അർപ്പിച്ചു കൊണ്ട് ശക്തികളും മാലാഖമാരും പ്രധാന മാലാഖമാരും അവിടെ വസിക്കുന്നു. അവിടുത്തേക്ക് ആവശ്യമാണ് എന്ന നിലയിലല്ല, പിന്നെയോ, അവർ അലസരായിരുന്ന് പ്രയോജനരഹിതരും ശപിക്കപ്പെട്ടവരും ആകാതിരിക്കാനത്രേ. അതുകൊണ്ട് ദൈവാത്മാവ് തന്റെ വാസത്തിൽ ബഹുമുഖനാണ്. തന്റെ മനുഷ്യാവതാരാഗമനത്തിൽ ദൈവപുത്രനിൽ, അതായത് വചനത്തിൽ, വസിച്ചുകൊണ്ട് ഏഴ് വരദാനങ്ങളിൽ ഏശായാ പ്രവാചകൻ അതിനെ എണ്ണുന്നു. കാരണം, അവൻ പറയുന്നു:"കർത്താവിന്റെ ആത്മാവ് അവന്റെമേൽ ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ഉപദേശത്തിന്റെയും ശക്തിയുടെയും ആത്മാവ്, അറിവിന്റെയും ദൈവഭക്തിയുടെയും ആത്മാവ്, ദൈവഭയത്തിന്റെ ആത്മാവ് അവനെ നിറയ്ക്കും" (11,2f). അതുകൊണ്ട് മുകളിൽ നിന്ന് മറ്റെല്ലാറ്റിനെയും ചുറ്റുന്ന ഒന്നാമത്തെ ആകാശം വിജ്ഞാനമാണ്. അതിനു ശേഷം വിവേകം; മൂന്നാമത്തേത് ഉപദേശം; മുകളിൽനിന്ന് താഴേക്ക് നാലാമത്തേത് ശക്തി; അഞ്ചാമത്തേത് അറിവ്; ആറാമത്തേത് ദൈവഭക്തി; ഏഴാമത്തേത് ആകാശങ്ങളെ പ്രകാശിപ്പിക്കുന്ന, ഈ ആത്മാവിനെക്കുറിച്ചുള്ള ഭയത്തിന്റെ പൂർണതയാകുന്ന നമ്മുടെ ഈ ആകാശം. ഈ മാതൃകയിലാണ് വിശുദ്ധസ്ഥലത്ത് നിരന്തരം കത്തുന്ന ഏഴു കവരങ്ങളുള്ള വിളക്കുതണ്ട് മോശയ്ക്കു ലഭിച്ചത്. "മലയിൽ നീ ദർശിച്ചതുപോലെ എല്ലാം ചെയ്യണം" എന്ന വചനമനുസരിച്ച് (പുറ 25,40), ആകാശങ്ങളുടെ മാതൃകയിലാണ് അവന് ലിറ്റർജി ലഭിച്ചത്.

## 10. ദൈവം പരമോന്നത ഭരണാധികാരി

എന്നേക്കും തന്റെ പുത്രനായ വചനവും എല്ലാറ്റിന്റെയും പിതാവിന്റെ വിജ്ഞാനമായ പരിശുദ്ധാത്മാവും ഈ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു. വചനത്തിന്റെയും വിജ്ഞാനത്തിന്റെയും

www.malankaralibrary.com



ശക്തികളായ, ക്രോവേന്മാരെന്നും സ്രാപ്പേന്മാർ എന്നും വിളിക്കപ്പെടുന്നവർ, ഇടവിടാതെയുള്ള ശബ്ദത്താൽ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു; എല്ലാറ്റിന്റെയും പിതാവിന് സ്വർഗീയ സമൂഹം ഒന്നടങ്കം മഹത്ത്വം കരേറ്റുന്നു. തന്റെ വചനംകൊണ്ട് അവിടുന്ന് ലോകം മുഴുവനെയും സ്ഥാപിച്ചു; മാലാഖമാരും ഈ ലോകത്തിൽ ഉൾപ്പെടുന്നു. ഓരോന്നും തനിക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദൗത്യം നിർവഹിച്ചുകൊണ്ട്, തന്റെ സ്ഥാനത്തു നിൽക്കുന്നതിനും ദൈവം നിശ്ചയിച്ചിരിക്കുന്ന അതിർത്തി കടക്കാതിരിക്കുന്നതിനുമായി ലോകത്തിനു മുഴുവൻ അവിടുന്ന് നിയമങ്ങൾ നൽകിയിരിക്കുന്നു.

## 11. മനുഷ്യസൃഷ്ടി

എന്നാൽ ദൈവം ഏറ്റവും ശുദ്ധിയുള്ള നല്ല മണ്ണെടുക്കുകയും ചേരുന്ന അളവിൽ അതിനോട് തന്റെ സ്വന്തം ശക്തി കലർത്തുകയും തന്റെ സ്വന്തം കരങ്ങൾകൊണ്ട് മനുഷ്യനെ മെനഞ്ഞുണ്ടാക്കുകയും ചെയ്തു. ദൈവത്തിന്റെ ച്ഛായയിലാണ് മനുഷ്യൻ രൂപീകരിക്കപ്പെട്ടതും ഭൂമിയിൽ സ്ഥാപിക്കപ്പെട്ടതും. മനുഷ്യന്റെ ദൃശ്യരൂപവും ദൈവതുല്യമായിരിക്കാൻ, തന്റെ സ്വന്തം രൂപം അതിനു നൽകി. അവനു ജീവനുണ്ടാകുവാനായി അവിടുന്ന് അവന്റെ മുഖത്തേക്ക് ജീവശ്വാസം ഊതി. മനുഷ്യൻ രൂപത്തിലും പ്രചോദനത്തിലും ദൈവത്തെപ്പോലെ ആയിരിക്കാനാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്. ധരയിലുള്ള സകലത്തിന്മേലും യജമാനൻ ആയിരിക്കാൻ ദൈവം സൃഷ്ടിച്ചതിനാൽ, അവൻ സ്വതന്ത്രനും തന്റെതന്നെ യജമാനനും ആയിരുന്നു. മനുഷ്യസൃഷ്ടിക്കുമുമ്പ് ദൈവം സജ്ജമാക്കിയ ഈ സൃഷ്ടലോകം, അതിലുള്ള സകലതിനോടും കൂടെ മനുഷ്യനു വിഹാരരംഗമായി സമ്മാനിച്ചു. എല്ലാറ്റിനെയും സൃഷ്ടിച്ച ദൈവത്തിന്റെ ദാസന്മാർ തങ്ങളുടെ ദൗത്യവുമായി ഈ മണ്ഡലത്തിൽ ഉണ്ടായിരുന്നു. ഈ മണ്ഡലം സംരക്ഷിച്ചുകൊണ്ടിരുന്ന പ്രധാന ഭരണാധികാരി ഉണ്ടായിരുന്നു; തന്റെ സഹദാസന്മാരുടെ മേലാളായിരുന്നു അവൻ; മാലാഖമാരായിരുന്നു ദാസന്മാർ, പ്രധാന മാലാഖ ഭരണാധികാരിയും.

www.malankaralibrary.com



## 12. പറുദീസാ

ഭൂമിയുടെയും അതിലുള്ള സകലത്തിന്റെയുംമേൽ മനുഷ്യനെ കർത്താവാക്കിയിട്ട് ദൈവം അവനെ അതിലുള്ള ദാസന്മാരുടെമേലും രഹസ്യമായി കർത്താവാക്കി. അവർ പൂർണവികാസം പ്രാപിച്ച അവസ്ഥയിൽ ആയിരുന്നു; എന്നാൽ കർത്താവായ അവനാകട്ടെ, ഒരു കൊച്ചു മനുഷ്യനായിരുന്നു. അവൻ ഒരു ശിശുവായിരുന്നു; അവന്റെ പൂർണ പക്വതയിലെത്താൻ അവൻ വളരേണ്ടിയിരുന്നു. അവനു പോഷണം ലഭിക്കാനും ആരോഗ്യത്തോടുകൂടെ വളരുന്നതിനുമായി ഈ ലോകത്തേക്കാൾ മെച്ചപ്പെട്ടതും നല്ല കാലാവസ്ഥയുള്ളതും സുന്ദരവും പ്രകാശപൂർണവും ഭക്ഷ്യയോഗ്യമായ സസ്യങ്ങളും ഫലങ്ങളും ജലവും ഉള്ളതും ജീവസന്ധാരണത്തിനാവശ്യമായ മറ്റു സംഗതികൾ ഉള്ളതുമായ ഒരു സ്ഥലം അവിടുന്നു തയാറാക്കി; പറുദീസാ എന്നായിരുന്നു അതിന്റെ നാമം. അതു മനോഹരവും നന്മകളാൽ സമൃദ്ധവുമായിരുന്നു; വചനമാം ദൈവം സദാ അതിൽ സഞ്ചരിച്ചിരുന്നു. താൻ എപ്രകാരം മനുഷ്യനായി തീരുമെന്നും, മനുഷ്യരോടു സംസാരിക്കുമെന്നും, അവരെ നീതി പഠിപ്പിച്ചുകൊണ്ട് മനുഷ്യരുടെ കൂടെ വ്യാപരിക്കുമെന്നും മറ്റുമുള്ള ഭാവി സംഭവങ്ങളെ സൂചിപ്പിച്ചുകൊണ്ട് അവൻ ചുറ്റിനടന്ന് മനുഷ്യനോട് സംസാരിച്ചിരുന്നു. എന്നാൽ മനുഷ്യൻ തീരെ ചെറുപ്പമായിരുന്നു; അവന് ബുദ്ധിവികാസം വന്നിരുന്നില്ല; അതുകൊണ്ട് അവൻ എളുപ്പത്തിൽ വഞ്ചിക്കപ്പെട്ടു.

## 13. ഹവ്വാ

മനുഷ്യൻ പറുദീസായിൽ ചുറ്റിക്കറങ്ങി നടന്നുകൊണ്ടിരുന്നപ്പോൾ, ദൈവം എല്ലാ ജീവജാലങ്ങളെയും അവന്റെ മുമ്പിൽ കൊണ്ടുവരികയും പേരിടാനായി നിർദേശിക്കുകയും ചെയ്തു. ആദം അവയ്ക്കു നൽകിയ പേരുകൾ അവയുടെ പേരായി തീർന്നു. മനുഷ്യന് ഒരു സഹായിയെക്കൂടി ഉണ്ടാക്കുവാൻ ദൈവം തീരുമാനിച്ചു; 'മനുഷ്യൻ തനിയെ ആയിരിക്കുന്നതു നന്നല്ല; അവനെപ്പോലെയുള്ള ഒരു സഹായിയെ അവന് നമുക്കുണ്ടാക്കാം' എന്നു ദൈവം പറഞ്ഞു. കാരണം, സർവ ജീവജാലങ്ങളുടെയും ഇടയിൽ തന്നെപ്പോലെയുള്ള ഒരു സഹായിയെയും തുണയെയും കണ്ടെത്താനായില്ല. എന്നാൽ ദൈവം 'ആദത്തെ ഒരു ഗാഢനിദ്രയിലാഴ്ത്തി'. ഒന്നിൽനിന്ന് മറ്റൊന്ന്

www.malankaralibrary.com



സാധിക്കാനുണ്ടായിരുന്നു. തോട്ടത്തിൽ അതുവരെ നിദ്ര കടന്നിരുന്നില്ല. ദൈവതിരുഹിതത്താൽ ആദം നിദ്രയിലമർന്നു. "ദൈവം ആദത്തിന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്തതിനുശേഷം അവിടം മാംസം കൊണ്ടു മൂടി. താനെടുത്ത വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്കു രൂപം കൊടുത്തു. അവളെ അവന്റെ മുമ്പിൽ കൊണ്ടുവന്നു". അപ്പോൾ അതു കണ്ട ആദം പറഞ്ഞു: "ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽ നിന്ന് എടുക്കപ്പെട്ടതുകൊണ്ട് നാരി എന്ന് ഇവൾ വിളിക്കപ്പെടും" (ഉല്പ 2,18ff).

## 14. ആദ്യ നിഷ്കളങ്കത

സ്ത്രീയുടെ നാമം ഹവ്വാ എന്നായിരുന്നു. ആദവും ഹവ്വായും നഗ്നരായിരുന്നു; എന്നാൽ അവർക്കു ലജ്ജ തോന്നിയില്ല. അവരുടെ ചിന്തകൾ നിഷ്കളങ്കവും ശിശുസഹജവുമായിരുന്നു; ഭോഗാസക്തിയുടെയും ദുരാശയുടെയും ദുഷ്ടതയാൽ ആത്മാവിൽ ഉദിക്കുന്ന തരത്തിലുള്ള ഭാവനയോ ചിന്തയോ ഒന്നും അവർക്കില്ലായിരുന്നു. കാരണം, അവർ തങ്ങളുടെ സ്വാഭാവികാവസ്ഥ സംരക്ഷിച്ചുകൊണ്ട് അവികലർ ആയി വർത്തിച്ചിരുന്നു. അവരിലേക്ക് ഊതിക്കയറ്റിയത് ജീവാത്മാവിനെയായിരുന്നു. ആത്മാവ് ശരിയായ ക്രമത്തിലും ശക്തിയിലും നിന്നിടത്തോളം സമയം ലജ്ജാകരമായ ഭാവനകളോ ചിന്തകളോ അവരിൽ ഉദിച്ചിരുന്നില്ല. അവർ പരസ്പരം ചുംബിച്ചപ്പോഴും ശിശുക്കളുടെ നിഷ്കളങ്കതയിൽ കെട്ടിപ്പിടിച്ചപ്പോഴും അവർക്കു ലജ്ജ തോന്നിയില്ല.

## 15. അറിവിന്റെ വൃക്ഷം – അമർത്യത

മനുഷ്യനു നൽകപ്പെട്ട കർതൃത്വവും സ്വാതന്ത്ര്യവും നിമിത്തം തനിക്കൊരു കർത്താവും ഇല്ല എന്ന രീതിയിൽ തന്നെപ്പറ്റി അതിരുകടന്നു ചിന്തിച്ച് അഹങ്കരിക്കാതിരിക്കാനും, അതിർത്തി ലംഘിച്ച് സ്രഷ്ടാവായ ദൈവത്തിനെതിരെ പാപത്തിൽ നിപതിക്കാതിരിക്കാനും, ദൈവത്തിനെതിരെ ധിക്കാരപൂർവം സ്വയം ഉയർത്തുന്ന ഒരു നിലപാട് എടുക്കാതിരിക്കാനും, സകലത്തിന്റെയും നാഥനായ ഒരു കർത്താവ് തനിക്കുണ്ടെന്ന് അറിയാനുമായി ദൈവം അവന് ഒരു നിയമം നൽകി. അവിടുന്ന് അവന് ചില നിബന്ധനകൾ വച്ചു: അവൻ ദൈവകല്പന അനുസരിക്കുമെങ്കിൽ, താൻ ആയിരിക്കുന്ന

www.malankaralibrary.com



അവസ്ഥയിൽ, അതായത്, അമർത്യതയിൽ, അവൻ എന്നും നിലനില്ക്കും. കല്പന പാലിച്ചില്ലെങ്കിൽ, താൻ എടുക്കപ്പെട്ട ഭൂമിയിൽ ലയിച്ച്, മർത്യനായിത്തീരും. ഇതായിരുന്നു കല്പന: "തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്. തിന്നുന്ന ദിവസം നീ മരിക്കും" (ഉല്പ 2,15-16).

## 16. വീഴ്ച

മനുഷ്യൻ ഈ കല്പന കാത്തില്ല. പിന്നെയോ, ദൈവം മനുഷ്യനു നൽകിയ നിരവധി അനുഗ്രഹങ്ങളിൽ അസൂയ പൂണ്ട ദൂതൻ അവനെ വഴിതെറ്റിക്കുകയും ദൈവത്തെ ധിക്കരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തതിനാൽ, മനുഷ്യൻ തന്നെത്തന്നെ നശിപ്പിക്കുകയും സ്വയം പാപിയാക്കിത്തീർക്കുകയും ദൈവത്തോട് അനുസരണക്കേടു കാണിക്കുകയും ചെയ്തു. ദൂതൻ നുണയാൽ പാപത്തിന്റെ ഉറവിടവും ശിരസ്സും ആയിത്തീർന്നുകൊണ്ട്, ദൈവത്തെ പ്രകോപിപ്പിച്ചതിനാൽ ശിക്ഷിക്കപ്പെടുകയും മനുഷ്യനെ പറുദീസായിൽനിന്ന് പുറത്താക്കാൻ ഹേതുവായി തീരുകയും ചെയ്തു. തന്റെ സ്വഭാവത്തിന്റെ പ്രേരണയാൽ അവൻ മത്സരിക്കുകയും ദൈവത്തിൽനിന്നു വീണുപോകുകയും ചെയ്തതിനാൽ, ഹീബ്രുവിൽ അവൻ *സാത്താൻ* എന്നു വിളിക്കപ്പെടുന്നു;അതായത്, മത്സരക്കാരൻ. അവൻ നുണയൻ എന്നും വിളിക്കപ്പെടുന്നു. അതുകൊണ്ട് ഈ നുണയനെ വഹിച്ച സർപ്പത്തെ ദൈവം ശാസിച്ചു; ഈ ശാപം സർപ്പത്തിന്മേലും അവനിൽ മറഞ്ഞിരുന്ന സാത്താനായ ദൂതന്റെ മേലും നിപതിച്ചു. മനുഷ്യനെ ദൈവം തന്റെ മുമ്പിൽ നിന്നോടിച്ചു; തോട്ടം പാപികളെ സ്വീകരിക്കാത്തതിനാൽ, തോട്ടത്തിലേക്കുള്ള പാതയിൽ പാർക്കാൻ ദൈവം മനുഷ്യനെ അയച്ചു.

# B. രക്ഷാചരിത്രം

## 17. കായേനും ഹാബേലും

തോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ടപ്പോൾ ആദവും അവന്റെ ഭാര്യയായ ഹവ്വായും ദുഃഖിച്ചും നെടുവീർപ്പിട്ടും അധ്വാനിച്ചും ഈ ലോകത്തിൽ ചുറ്റിനടന്ന് ആത്മാവിന്റെയും ശരീരത്തിന്റെയും

www.malankaralibrary.com



നിരവധി ദുരിതങ്ങളിൽ നിപതിച്ചു. സൂര്യപ്രകാശത്തിൽ മനുഷ്യൻ അധ്വാനിച്ചു, എങ്കിലും, പാപഫലമായ മുള്ളും മുൾച്ചെടികളും ഭൂമി അവനു മുളപ്പിച്ചു. എഴുതപ്പെട്ടിരിക്കുന്നതും പിന്നീട് സംഭവിച്ചു: "ആദം തന്റെ ഭാര്യയെ അറിഞ്ഞു; അവൾ ഗർഭം ധരിച്ച് കായേനെ പ്രസവിച്ചു; അതിനുശേഷം അവൾ ഹാബേലിനെ പ്രസവിച്ചു" (ഉല്പ 4,1ff). മനുഷ്യനെ അനുസരണക്കേടിലേക്കു തള്ളിവിടുകയും പാപിയാക്കുകയും തോട്ടത്തിൽനിന്നു പുറംതള്ളാൻ കാരണക്കാരനാകുകയും ചെയ്ത മത്സരക്കാരനായ ദൂതൻ, ആദ്യത്തെ ദുഷ്ടത കൊണ്ട് തൃപ്തനാകാതെ, സഹോദരങ്ങളുടെ ഇടയിൽ രണ്ടാമതൊരെണ്ണം ചെയ്തു; കായേനെ തന്റെ അരൂപി കൊണ്ട് നിറച്ച് അവനെ തന്റെ സഹോദരന്റെ ഘാതകനാക്കി. ഇപ്രകാരം ഹാബേൽ തന്റെ സഹോദരന്റെ കൈകളാൽ കൊല്ലപ്പെട്ടു. നീതിരഹിതർ നീതിമാനെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യും എന്നതിനും, ചിലർ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യും എന്നതിനും, അവൻ ഭാവിയിലേക്കുള്ള ഒരടയാളമായിത്തീർന്നു. അപ്പോൾ ദൈവം അത്യധികം കോപിക്കുകയും കായേനെ ശപിക്കുകയും ചെയ്തു; അവന്റെ പിന്തുടർച്ചക്കാർ എല്ലാ തലമുറകളിലും അവനെപ്പോലെ ആയിത്തീർന്നു. കൊല്ലപ്പെട്ട ഹാബേലിന്റെ സ്ഥാനത്ത് ദൈവം ആദത്തിന് മറ്റൊരു മകനെ നൽകി.

## 18. മല്ലന്മാർ

നീതിയുടെ കണിക പാടെ ഇല്ലാതാകുന്നതുവരെ ദുഷ്ടത എല്ലാ മനുഷ്യരുടെയും ഇടയിൽ സർവത്ര വ്യാപിക്കുകയും ദീർഘനാൾ നിലനില്ക്കുകയും ചെയ്തു. ഭൂമിയിൽ നിയമരഹിതബന്ധങ്ങൾ ഉണ്ടായി. മാലാഖമാർ മനുഷ്യപുത്രിമാരുമായി ബന്ധം പുലർത്തുകയും അവർക്ക് മക്കളുണ്ടാകുകയും ചെയ്തു. അവരുടെ വലുപ്പം നിമിത്തം അവരെ മല്ലന്മാർ എന്ന് വിളിച്ചിരുന്നു. പിന്നീട് ദൂതന്മാർ ദുഷ്ടപ്രബോധനങ്ങളാകുന്ന സമ്മാനങ്ങൾ തങ്ങളുടെ ഭാര്യമാർക്കു കൊണ്ടുകൊടുത്തു; ഔഷധച്ചെടികളെപ്പറ്റിയുള്ള വിവരങ്ങൾ, ചായമിടുന്ന വിദ്യ, സൗന്ദര്യവർധക വസ്തുക്കൾ, അമൂല്യ രത്നങ്ങളുടെ കണ്ടുപിടിത്തങ്ങൾ, കാമസൂക്തങ്ങൾ, വിദ്വേഷം, ശൃംഗാരവിലാസം, ദുർമോഹങ്ങൾ, ബലാൽസംഗം, മന്ത്രവാദം, വിഗ്രഹാരാധന, ദൈവനിന്ദനം ആദിയായവ അവർ അവരെ പഠിപ്പിച്ചു.

www.malankaralibrary.com



ഇതു ലോകത്തിൽ കടന്നുവന്നപ്പോൾ, ദുഷ്പ്രവൃത്തികൾ കരകവിഞ്ഞൊഴുകുകയും സത്പ്രവൃത്തികൾ അറ്റുപോകുകയും ചെയ്തു.

## 19. ജലപ്രളയം

അവസാനം പ്രളയജലത്തിലൂടെ ആദ്യമനുഷ്യന്റെ പത്താം തലമുറയിൽ ദൈവത്തിൽ നിന്നുള്ള ന്യായവിധി ലോകത്തിന്മേൽ നിപതിച്ചപ്പോൾ, നോഹ മാത്രം നീതിമാനായി കാണപ്പെട്ടു. അവന്റെ നീതി നിമിത്തം അവനും, അവന്റെ ഭാര്യയും അവന്റെ മൂന്നു മക്കളും അവരുടെ ഭാര്യമാരും രക്ഷിക്കപ്പെടുകയും പെട്ടകത്തിലേക്ക് കൊണ്ടുവരാൻ ദൈവം നോഹയോടു കല്പിച്ച എല്ലാ മൃഗങ്ങളോടുംകൂടി പെട്ടകത്തിൽ അടയ്ക്കപ്പെടുകയും ചെയ്തു. ഭൂമിയിലുണ്ടായിരുന്ന മനുഷ്യരും മറ്റു ജീവജാലങ്ങളും നശിച്ചപ്പോൾ, പെട്ടകത്തിൽ സംരക്ഷിക്കപ്പെട്ടവർ രക്ഷിക്കപ്പെട്ടു. ശേം, ഹാം, യാഫേത് എന്നിവരായിരുന്നു നോഹയുടെ മൂന്നു മക്കൾ. അവരുടെ തലമുറ പെറ്റുപെരുകി. പ്രളയജലത്തിനുശേഷം മനുഷ്യകുലത്തിന്റെ ആരംഭം ഇവരിലായിരുന്നു (ഉല്പ 9,18f).

## 20. ഹാമിനു കിട്ടിയ ശാപം

എന്നാൽ ഇവരിലൊരാൾ ശപിക്കപ്പെട്ടു, മറ്റു രണ്ടുപേർ തങ്ങളുടെ പ്രവൃത്തികൾ നിമിത്തം അനുഗ്രഹിക്കപ്പെട്ടു. അവരിൽ ഒരാളായ ഹാം തന്റെ പിതാവിനെ അവമാനിച്ചു. തന്റെ പിതാവിനെതിരായി ചെയ്ത നിന്ദനവും മര്യാദകേടും നിമിത്തം ഭക്തിരാഹിത്യമെന്ന പാപത്തിന് അവൻ കുറ്റപ്പെടുത്തപ്പെടുകയും ശാപഗ്രസ്തനാകുകയും തന്റെ സന്താനപരമ്പരകൾക്കെല്ലാം ശാപത്തിന്റെ ഓഹരി പങ്കുവയ്ക്കുകയും ചെയ്തു. അവന്റെ പിൻതലമുറ മുഴുവൻ ശപിക്കപ്പെട്ടതായിത്തീരുകയും അവരിൽ പാപം വർധിച്ചുപെരുകുകയും ചെയ്തു. എന്നാൽ തങ്ങളുടെ പിതാവിനോടുള്ള കടപ്പാട് നിർവഹിച്ചതിനാൽ, അവന്റെ സഹോദരന്മാരായ ശേമും യാഫേത്തും അനുഗ്രഹത്തിന് അർഹരായി. ഹാമിന്റെ പിതാവായ നോഹ ഉച്ചരിച്ച ശാപം ഇതായിരുന്നു: "ഹാം ശപിക്കപ്പെട്ടവനാകട്ടെ; അവൻ തന്റെ സഹോദരന്മാരുടെ ദാസനായിരിക്കട്ടെ". അവന്റെ വംശപരമ്പരയ്ക്ക് ഇതു സംഭവിച്ചപ്പോൾ പതിന്നാലു തലമുറകളിലായി, നിബിഡവനം കണക്കെ അവന് ഇവയിൽ വളരെ

www.malankaralibrary.com



സന്തതികൾ ഉണ്ടായിരുന്നു. അപ്പോഴാണ് അവന്റെ വംശം ന്യായ വിധിക്ക് ഏല്പിക്കപ്പെട്ടതും ദൈവം അവനെ ശിക്ഷിച്ചതും. കനാന്യർ, ഹിത്യർ, ഫെരെസ്യർ, ഹിവ്യർ, അമോര്യർ, യബൂസ്യർ, ഗെർഗെസ്യർ, സോദോമ്യർ, അറബികൾ, ഫിനീഷ്യർ, ഈജിപ്തുകാർ, ലിഡിയർ ആദിയായവർ ഹാമിന്റെ വംശപരമ്പരയിൽ പെട്ടവരാണ്. ഇവരെല്ലാം ശാപഗ്രസ്തരാണ്; അഭക്തരുടെമേൽ നിപതിച്ച ഈ ശാപം ദീർഘകാലത്തേക്കുള്ളതായിരുന്നു (ഉല്പ 9,21-27).

## 21. ശേമിനും യാഫേത്തിനും ലഭിച്ച അനുഗ്രഹം

ശാപംപോലെതന്നെ, അനുഗ്രഹം ലഭിച്ചവന്റെ പിൻതലമുറകളും അനുഗൃഹീതരായി. ശേമിനാണ് ആദ്യം അനുഗ്രഹം ലഭിച്ചത്. അത് ഇപ്രകാരം ആയിരുന്നു: "ശേമിന്റെ ദൈവമായ കർത്താവ് അനുഗൃഹീതനാകുന്നു; ഹാം അവന്റെ ദാസനായിരിക്കട്ടെ" (9,26). ഈ അനുഗ്രഹത്തിന്റെ ശക്തി ഇതാണ്: എല്ലാറ്റിന്റെയും കർത്താവായ ദൈവത്തെ ആരാധിക്കുക ശേമിന് ഒരു പ്രത്യേക അവകാശം ആയിരിക്കും; വംശാവലി അനുസരിച്ച് പത്താം തലമുറയിൽ ശേമിൽ നിന്നുത്ഭവിച്ച അബ്രഹാമിൽ എത്തിയപ്പോൾ ഈ അനുഗ്രഹം തളിർത്തു. അതുകൊണ്ട് പിതാവും എല്ലാവരുടെയും ദൈവവുമായവൻ, "അബ്രഹാമിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും" എന്ന് വിളിക്കപ്പെടാൻ തിരുമനസ്സായി (പുറ 3,6). കാരണം, ശേമിനു ലഭിച്ച അനുഗ്രഹം അബ്രഹാമിലെത്തിച്ചേർന്നു. യാഫേത്തിനു ലഭിച്ച അനുഗ്രഹം ഇതായിരുന്നു: "ദൈവം യാഫേത്തിനെ വിസ്തൃതമാക്കട്ടെ; അവൻ ശേമിന്റെ ഭവനത്തിൽ പാർക്കട്ടെ; ഹാം അവന്റെ ദാസനായിരിക്കട്ടെ" (ഉല്പ 9,27). വിളിക്കപ്പെട്ട വിജാതീയർക്കുള്ള കർത്താവിന്റെ പ്രത്യക്ഷീകരണത്തിൽ, ദൈവം തന്റെ വിളി അവരിലേക്കു വ്യാപിപ്പിച്ചപ്പോൾ, ഈ യുഗാന്ത്യത്തിൽ ഇതു മൊട്ടിട്ടുവിരിഞ്ഞു. "അവരുടെ ശബ്ദം ഭൂമി മുഴുവനിലും, അവരുടെ വാക്കുകൾ ലോകാതിർത്തികൾവരെയും കടന്നുചെന്നു" (സങ്കീ 19,4; റോമാ 10,18). "വിസ്തൃതമാകട്ടെ" എന്നത് പുറജാതികളുടെ വിളിയെ സൂചിപ്പിക്കുന്നു. അതായത്, സഭ. "അവൻ ശേമിന്റെ ഭവനത്തിൽ പാർക്കും". അതായത്, ജന്മാവകാശം യേശുക്രിസ്തുവിൽ സ്വീകരിച്ചുകൊണ്ട്, പിതാക്കന്മാരുടെ അവകാശത്തിൽ. അതുകൊണ്ട്, ഓരോരുത്തർക്കും ലഭിച്ച അനുഗ്രഹം അനുസരിച്ച്, അനുഗ്രഹഫലം പിൻതലമുറയ്ക്കും ലഭിച്ചു.

www.malankaralibrary.com



## 22. നോഹയോടുള്ള ഉടമ്പടി

ഭൂമിയിലുള്ള പുതിയ ജീവനെ മേലിൽ പ്രളയജലത്തിൽ നശിപ്പിക്കുകയില്ലെന്ന് ലോകം മുഴുവനും വേണ്ടി, എല്ലാ ജന്തുക്കൾക്കുവേണ്ടിയും എല്ലാ മനുഷ്യർക്കുവേണ്ടിയും, ദൈവം പ്രളയാനന്തരം ഒരു ഉടമ്പടിയുണ്ടാക്കി. അവൻ അവർക്ക് ഒരടയാളവും നിശ്ചയിച്ചു: "ആകാശം മേഘാവൃതമാകുമ്പോൾ, മേഘത്തിൽ മഴവില്ലു കാണപ്പെടും. അപ്പോൾ ഞാൻ എന്റെ ഉടമ്പടി ഓർക്കും. ഭൂമുഖത്തുള്ള ജീവജാലങ്ങളെയെല്ലാം ജലത്താൽ നശിപ്പിക്കയില്ല" (9,14-16). മാംസം ഭക്ഷിക്കാൻ അനുവദിച്ചുകൊണ്ട്, മനുഷ്യരുടെ ആഹാരരീതിയിലും അവിടുന്ന് വ്യത്യാസം വരുത്തി. കാരണം, ആദ്യമനുഷ്യനായ ആദംമുതൽ ജലപ്രളയംവരെ കായ്കനികളും പഴങ്ങളും ഭക്ഷിച്ചാണ് മനുഷ്യർ ജീവിച്ചത്; മാംസാഹാരം അനുവദനീയമല്ലായിരുന്നു. എന്നാൽ നോഹയുടെ മക്കൾ മനുഷ്യകുലത്തിന്റെ പുതിയൊരാരംഭമാകയാൽ, അവർ വർധിച്ചുപെരുകാനായി ദൈവം അവരെ ഇപ്രകാരം അനുഗ്രഹിച്ചു: "വർധിച്ചു പെരുകുവിൻ, ധരനിറഞ്ഞ് അതിന്റെ അധിപരായിരിക്കുവിൻ. ധരയിലെ മൃഗങ്ങളും ആകാശപ്പറവകളും നിങ്ങളെ ഭയന്നു വിറയ്ക്കട്ടെ. ഹരിതസസ്യങ്ങൾപോലെ അവയും നിങ്ങൾക്ക് ആഹാരം ആയിരിക്കട്ടെ. എന്നാൽ ജീവരക്തത്തോടുകൂടിയ മാംസം ഭക്ഷിക്കരുത്. ജീവരക്തത്തിന് മനുഷ്യരോടും മൃഗങ്ങളോടും ഞാൻ കണക്കു ചോദിക്കും. മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനുഷ്യൻ തന്നെ ചൊരിയും. കാരണം, തന്റെ ഛായയിലാണ് ദൈവം അവനെ സൃഷ്ടിച്ചത്" (ഉല്പ 9,1-6). "ഛായ" ദൈവപുത്രനാണ്; അവന്റെ ഛായയിലാണ് മനുഷ്യൻ നിർമിക്കപ്പെട്ടത്. അതുകൊണ്ട്, തന്നെത്തന്നെ തന്റെ ഛായയെ കാണിക്കാൻ, "അവസാനകാലത്ത് അവൻ പ്രത്യക്ഷപ്പെട്ടു" (1 പത്രോ 1,20). ഈ ഉടമ്പടിക്കുശേഷം മൂന്നുപേരുടെയും സന്താനപരമ്പരകളിൽനിന്ന് മനുഷ്യകുലം വർധിച്ചു പെരുകി; "അന്ന് ഭൂമിയിൽ ഏകഭാഷയേ ഉണ്ടായിരുന്നുള്ളു" (ഉല്പ 11,1).

## 23. ബാബേൽ

അവർ എഴുന്നേറ്റ് കിഴക്കുദിക്കിൽനിന്ന് പുറപ്പെട്ടു. അവർ ഭൂമിയിലൂടെ നടന്ന് വിസ്തൃതമായ ശീനാർ സമതലത്തിലെത്തി. അവർ അവിടെ ഒരു ഗോപുരനിർമാണം ആരംഭിച്ചു; അതുവഴി സ്വർഗത്തി

www.malankaralibrary.com



ലേക്ക് കയറാമെന്നും മനുഷ്യരുടെ ഇടയിൽ തങ്ങളുടെ ഓർമ്മ നില നിർത്താൻ ഇതൊരു സ്മാരകമായിരിക്കുമെന്നും അവർ കരുതി. ചുട്ട ഇഷ്ടികകൊണ്ടും കളിമൺപശകൊണ്ടുമാണ് അവരിതുണ്ടാക്കിയത്. അവരുടെ നിർവിശങ്കമായ ധിക്കാരം വളരെ വർധിച്ചിരുന്നു. അവർ ഏകമനസ്സോടും ഏകഹൃദയത്തോടുംകൂടെ ഏകഭാഷ സംസാരിച്ചുകൊണ്ട്, തങ്ങളുടെ ലക്ഷ്യം അനുസരിച്ച് മുന്നേറി. അവരുടെ ജോലി പൂർത്തിയാകാതിരിക്കാൻ, അവർ പരസ്പരം മനസ്സിലാക്കാതിരിക്കാൻ, ദൈവം അവരുടെ ഭാഷ ഭിന്നിപ്പിച്ചു. ഇങ്ങനെ അവർ പിരിഞ്ഞ് ചിന്നിച്ചിതറി, തങ്ങളുടെ ഭാഷകളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി വിവിധ നാടുകളിൽ വാസമുറപ്പിച്ചു. ഇങ്ങനെയാണ് ഭൂമിയിൽ വിവിധ ജനപദങ്ങളും വിവിധ ഭാഷകളും ഉണ്ടായത്. അങ്ങനെ മൂന്നു ഗോത്രങ്ങൾ ഭൂമി കൈവശപ്പെടുത്തി; ഒന്ന് ശാപഗ്രസ്തരും മറ്റു രണ്ടുകൂട്ടർ അനുഗൃഹീതരും. ആദ്യത്തെ അനുഗ്രഹം ശേമിനു ലഭിച്ചു. അവന്റെ പിൻതലമുറ കിഴക്കു പാർത്തു; കൽദായരുടെ നാട് അവർ സ്വന്തമാക്കി.

## 24. അബ്രഹാം, ഇസഹാക്ക്, യാക്കോബ്

കാലം കടന്നുപോയപ്പോൾ, അതായത് ജലപ്രളയത്തിനുശേഷം പത്താം തലമുറയിൽ തന്റെ പൂർവപിതാവിന്റെ അനുഗ്രഹത്താൽ തന്റെ അവകാശമായിരുന്ന ദൈവത്തെ തേടുന്ന അബ്രഹാമിനെ നാം കാണുന്നു. തന്റെ ഹൃദയത്തിന്റെ ചാച്ചിലും പ്രേരണയും അനുസരിച്ച്, ദൈവം എവിടെയാണ് എന്ന് അന്വേഷിച്ച് അവൻ ഭൂമി മുഴുവൻ ചുറ്റിക്കറങ്ങി. അവൻ ആശയറ്റവനായി തന്റെ പരിശ്രമത്തിൽനിന്നു പിൻവാങ്ങാൻ തുടങ്ങുകയായിരുന്നു. ദൈവത്തെ താല്പര്യപൂർവം തേടിയത് അവൻ മാത്രമായിരുന്നു. അവനിൽ അനുകമ്പ തോന്നിയ ദൈവം, ഒരു പ്രകാശകിരണത്തിലൂടെ എന്നവണ്ണം വചനത്തിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ട് അവനു കാണപ്പെട്ടു. ദൈവം ആകാശത്തുനിന്ന് അവനോടു സംസാരിച്ചുകൊണ്ടു പറഞ്ഞു: "നിന്റെ ദേശത്തെയും ബന്ധുമിത്രാദികളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോയി" (ഉല്പ 12,1) അവിടെ പാർക്കുക. അവൻ സ്വർഗീയ സ്വരത്തിൽ വിശ്വസിച്ചു. അവന് എഴുപതുവയസ്സു പ്രായമുണ്ടായിരുന്നു; അവന് പ്രായമായ ഒരു ഭാര്യയും ഉണ്ടായിരുന്നു. അവൻ അവളോടൊപ്പം അവിടെനിന്ന് എഴുന്നേറ്റ് തന്റെ പരേതനായ സഹോദ

www.malankaralibrary.com



രന്റെ മകൻ ലോത്തിനെയുംകൂട്ടി മെസൊപ്പൊട്ടേമിയായിൽനിന്നു പുറപ്പെട്ടു. ഇപ്പോൾ യൂദയാ എന്നു വിളിക്കപ്പെടുന്ന നാട് അന്ന് ഹാമിന്റെ സന്തതിപരമ്പരകളിൽപെട്ട ഏഴ് ജാതികൾ കൈയടക്കിയിരുന്നു. അബ്രഹാം അവിടെ എത്തിയപ്പോൾ ദൈവം ഒരു ദർശനത്തിൽ അവനു കാണപ്പെട്ട് അവനോടു പറഞ്ഞു: "ഞാൻ ഈ നാട് നിനക്കും, നിനക്കുശേഷം നിന്റെ സന്തതികൾക്കും എന്നേക്കുമുള്ള അവകാശമായി തരും". അവന്റെ സന്തതി അന്യനാട്ടിൽ പരദേശികളായി കഴിയും. അവിടെ അവർ നാനൂറ് വർഷത്തേക്ക് അപമാനിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും അടിമകളാക്കപ്പെടുകയും ചെയ്യും. അബ്രഹാമിനോട് വാഗ്ദാനം ചെയ്യപ്പെട്ട സ്ഥലത്തേക്ക് നാലാം തലമുറയിൽ അവർ തിരികെ വരും. അവന്റെ സന്തതികളെ അടിമകളാക്കിയവരെ ദൈവം ന്യായം വിധിക്കും. തന്റെ സന്തതിപരമ്പരകളുടെ ബഹുത്വവും ഔന്നത്യവും ഗ്രഹിക്കാനായി, ദൈവം അബ്രഹാമിനെ രാത്രിയിൽ പുറത്തേക്കാനയിച്ച് ഇപ്രകാരം പറഞ്ഞു: "ആകാശത്തിലേക്കു നോക്കുക; ആകാശത്തിലെ നക്ഷത്രങ്ങളെ എണ്ണാൻ കഴിയുമെങ്കിൽ, എണ്ണുക; നിന്റെ സന്തതിയും ഇപ്രകാരം ആയിരിക്കും". അവന്റെ വിശ്വാസവും അവന്റെ ആത്മാവിന്റെ നിശ്ചയ ദാർഢ്യവും ദർശിച്ച്, തിരുലിഖിതത്തിൽ പരിശുദ്ധാത്മാവിലൂടെ ഇപ്രകാരം അവനു സാക്ഷ്യം നൽകി: "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു; അത് അവന് നീതിക്കായി പരിഗണിക്കപ്പെട്ടു" (ഉല്പ 15,6). അവന് ഈ സാക്ഷ്യം ലഭിച്ച അവസരം അവൻ പരിച്ഛേദിതൻ ആയിരുന്നില്ല. അവന്റെ വിശ്വാസത്തിന്റെ ശ്രേഷ്ഠത ഒരടയാളത്താൽ മുദ്രിതമാക്കാനായി, അഗ്രചർമത്തിലുള്ള അവന്റെ വിശ്വാസത്തിന്റെ നീതിയുടെ മുദ്രയായി, അവന് ദൈവം പരിച്ഛേദനം നൽകി. ഇതിനുശേഷം, ദൈവത്തിന്റെ വാഗ്ദാനമനുസരിച്ച്, വന്ധ്യയായ സാറായിൽനിന്ന് അവന് ഇസഹാക്ക് എന്ന മകൻ ജനിച്ചു; അവനുമായി ദൈവം ചെയ്ത ഉടമ്പടി അനുസരിച്ച്, അബ്രഹാം ഇസഹാക്കിനെ പരിച്ഛേദനം നടത്തി; ഇസഹാക്കിൽനിന്ന് യാക്കോബ് ജനിച്ചു. ഈ രീതിയിൽ, ആദിയിൽ ശേമിനു നൽകിയ ആദ്യ അനുഗ്രഹം അബ്രഹാമിൽ എത്തിച്ചേർന്നു; അബ്രഹാമിൽനിന്ന് ഇസഹാക്കിലേക്കും, ഇസഹാക്കിൽനിന്നു യാക്കോബിലേക്കും ആത്മാവ് അവകാശം കൈമാറികൊടുത്തു. അവൻ "അബ്രഹാമിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും" എന്ന് വിളിക്കപ്പെട്ടു. യാക്കോബിന് പന്ത്രണ്ടു

www.malankaralibrary.com



പുത്രന്മാർ ജനിച്ചു; ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ അവരുടെ പേരിൽ അറിയപ്പെടുന്നു.

## 25. ഈജിപ്ത്: പെസഹാ

ലോകം മഴുവൻ ക്ഷാമം ബാധിച്ചപ്പോൾ, ഈജിപ്തിൽ മാത്രമേ ധാന്യങ്ങൾ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് യാക്കോബ് തന്റെ മക്കളോടുകൂടി ഈജിപ്തിലേക്ക് കുടിയേറി. കുടിയേറിയവർ മൊത്തം എഴുപത്തഞ്ചുപേരായിരുന്നു; ആദിയിൽ പ്രവചിച്ചിരുന്നതുപോലെ, നാനൂറുവർഷം കഴിഞ്ഞപ്പോൾ അവർ ആറുലക്ഷത്തി അറുപതിനായിരമായി പെരുകി. ക്രൂരമായ അടിമത്തത്താൽ അവർ നിഷ്ഠൂരമായി പീഡിപ്പിക്കപ്പെടുകയും കഷ്ടപ്പെടുകയും ചെയ്തു. അപ്പോൾ അവർ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നീ പൂർവപിതാക്കന്മാരുടെ ദൈവത്തിൻ പക്കലേക്ക് നെടുവീർപ്പോടും കണ്ണുനീരോടുംകൂടി തിരിഞ്ഞു. ദൈവം പത്തു പീഡകളാൽ ഈജിപിതുകാരെ പ്രഹരിച്ചു. പത്താമത്തെ പീഡയിൽ ദൈവം ഒരു സംഹാരകനെ അയച്ച് മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂലുകളെ സംഹരിച്ചു. എന്നാൽ ഊനമറ്റ കുഞ്ഞാടിന്റെ അർപ്പണത്തിലൂടെയും എബ്രായരുടെ ഭവനങ്ങളിൽ കടക്കാതിരിക്കാനുള്ള ഗ്യാരന്റിയായി തളിക്കപ്പെട്ട അതിന്റെ രക്തത്തിലൂടെയും ക്രിസ്തുവിന്റെ പീഡാനുഭവം ചിത്രീകരിച്ചുകൊണ്ട് ഇസ്രായേൽ മക്കളെ ഇതിൽനിന്ന് അവിടുന്നു സംരക്ഷിച്ചു; സ്വാതന്ത്ര്യത്തിന്റെ ഉറവിടമായ പെസഹാ എന്നായിരുന്നു ഈ രഹസ്യത്തിന്റെ നാമം. അവിടുന്ന് കടലിനെ വിഭജിച്ച് ഇസ്രായേൽ മക്കളെ കരുതലോടെ മരുഭൂമിയിലേക്ക് ആനയിച്ചു. അവരെ പിൻതുടർന്ന് കടലിലേക്കിറങ്ങിയ ഈജിപ്തുകാരെല്ലാം മുങ്ങിച്ചത്തു; അബ്രഹാമിന്റെ മക്കളെ നീതിരഹിതമായി പീഡിപ്പിച്ചവർക്കുള്ള ദൈവിക ന്യായവിധിയായിരുന്നു ഇത്.

## 26. നിയമം

മോശ മരുഭൂമിയിൽവച്ച് ദൈവത്തിൽനിന്ന് നിയമം, ദൈവത്തിന്റെ വിരൽകൊണ്ട് കല്പലകകളിൽ എഴുതപ്പെട്ട പത്തു വാചകങ്ങൾ, സ്വീകരിച്ചു. "ദൈവത്തിന്റെ വിരൽ" എന്നാൽ, അനുസരിക്കാനായി ഇസ്രയേൽ മക്കൾക്ക് പരിശുദ്ധാത്മാവിൽ പിതാവ് നൽകിയ കല്പനകളും നിയമങ്ങളും എന്നർത്ഥം. മോശ ദൈവകല്പനയാൽ സാക്ഷ്യകൂടാരം നിർമിച്ചു; സ്വർഗത്തിൽ അദൃശ്യവും

www.malankaralibrary.com



ആത്മീയവുമായതിന്റെ, ഭൂമിയിലെ ദൃശ്യമായ നിർമാണവും, സഭയുടെ രൂപത്തിന്റെ സാദൃശ്യവും, വരാനിരിക്കുന്നവയുടെ പ്രവചനവുമായിരുന്നു അത്. അതിൽ അവൻ പാത്രങ്ങളും ബലിപീഠങ്ങളും പേടകവും വച്ചു. പേടകത്തിൽ അവൻ കല്പലകകൾ നിക്ഷേപിച്ചു. പുരോഹിതരായി അഹറോനെയും അവന്റെ മക്കളെയും നിയമിച്ചു; അവർക്കും സന്തതികൾക്കുമായി പൗരോഹിത്യം നൽകി. അവർ ലേവി ഗോത്രത്തിൽ പെട്ടവരായിരുന്നു. ദൈവാലയ ശുശ്രൂഷ ചെയ്യാനായി ദൈവവചനത്താൽ മോശ ആ ഗോത്രത്തെ മുഴുവൻ വിളിക്കുകയും അവൻ അവർക്ക് ലേവായനിയമം നൽകുകയും ചെയ്തു. ദൈവഭവനത്തിലെ ശുശ്രൂഷകൾ നിരന്തരം നിർവഹിക്കുക എന്നുള്ളതായിരുന്നു അവരുടെ ദൗത്യവും കടമയും.

## 27. ചാരന്മാർ. മരുഭൂമിയിൽ അലഞ്ഞുതിരിയൽ

ദൈവം അബ്രഹാമിനും അവന്റെ സന്തതികൾക്കുമായി വാഗ്ദാനം ചെയ്ത നാടിനോട് അടുക്കാറായപ്പോൾ, മോശ ഓരോ ഗോത്രത്തിൽനിന്നും ഓരോരുത്തരെ തെരഞ്ഞെടുത്ത് നാടിനെയും നഗരങ്ങളെയും അവയിലെ നിവാസികളെയും ഒറ്റുനോക്കാനായി അയച്ചു (സംഖ്യ 13:2-21). വിശ്വസിക്കുന്നവരെ രക്ഷിക്കാൻ ശക്തിയുള്ള ഏകനാമം തദവസരം ദൈവം അവനു വെളിപ്പെടുത്തി. നൂന്റെ മകനും ഒറ്റുകാരിൽ ഒരുവനുമായ ഹോഷെയായുടെ നാമം മോശ ജോഷ്വാ എന്നാക്കി, നാമത്തിന്റെ ശക്തിയോടുകൂടി അയച്ചു (13:16). നാമത്തിന്റെ ശക്തിയിൽ അവൻ സുരക്ഷിതനായി തിരികെവരും എന്ന ആത്മവിശ്വാസം അവനുണ്ടായിരുന്നു. അത് അപ്രകാരം സംഭവിക്കുകയും ചെയ്തു. അവർ നാട് ഒറ്റുനോക്കി വിവരം ശേഖരിച്ച് ചുറ്റിക്കറങ്ങിയശേഷം ഒരു മുന്തിരിക്കുല വഹിച്ചുകൊണ്ട്, തിരികെ വരിക തന്നെ ചെയ്തു. എന്നാൽ നഗരങ്ങൾ വലിയവയും സുരക്ഷിതവും ആണെന്നും നാട് സംരക്ഷിക്കാൻ കഴിയുന്ന, പ്രബലന്മാരുടെ മക്കളായ മല്ലന്മാരാണ് ദേശവാസികൾ എന്നും പറഞ്ഞ് പന്ത്രണ്ടു പേരിൽ ചിലർ ജനത്തെ മുഴുവൻ ഭയബാധിതരാക്കി. തങ്ങളെ നയിക്കുകയും എല്ലാവരെയും തങ്ങൾക്ക് കീഴ്പ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിലുള്ള വിശ്വാസം നശിച്ച്, ജനങ്ങൾ ദുഃഖാർത്തരായി. അതുപോലെ നാട് ഫലഭൂയിഷ്ടമല്ലെന്നും, ഇത്തരം നാടിനുവേണ്ടി ജീവൻ പണയപ്പെടുത്തുന്നതിൽ കഥയില്ലെന്നും ഒക്കെ പറഞ്ഞ് അവർ ജനങ്ങളെ നിരുത്സാഹപ്പെടുത്തി.

www.malankaralibrary.com



എന്നാൽ പന്ത്രണ്ടിൽ രണ്ടുപേർ, നൂന്റെ മകനായ ജോഷ്വായും, യാഫോണിന്റെ മകനായ കാലേബും ഈ ദുഷ്പ്രചരണം നിമിത്തം തങ്ങളുടെ വസ്ത്രം കീറി (സംഖ്യ 14:6–9). ദൈവം സർവതും തങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കയാണെന്നും, നാട് വളരെ നല്ലതാണെന്നും അതുകൊണ്ട്, ആരും നഷ്ടധൈര്യരായി പിൻവാങ്ങരുതെന്നും അവർ ജനത്തോട് അപേക്ഷിച്ചു. എന്നിട്ടും ജനങ്ങൾ അവിശ്വസിച്ച് മനസ്സുമടുത്ത് കഴിഞ്ഞതിനാൽ, മരുഭൂമിയിൽ ശിക്ഷിച്ചും ക്ലേശിപ്പിച്ചുംകൊണ്ട് വഴിതെറ്റിക്കാനായി ദൈവം അവരുടെ ഗതി തിരിച്ചുവിട്ടു. ഒറ്റുകാർ തങ്ങളുടെ യാത്രയ്ക്ക് അങ്ങോട്ടുമിങ്ങോട്ടുമായി നാല്പതുദിവസം എടുത്തു. ഓരോ ദിവസത്തിനും ഓരോ വർഷം എന്ന കണക്കിൽ നാല്പതു വർഷം അലയാൻ ഇടയാക്കി. പൂർണവളർച്ചയിൽ എത്തി ബൗദ്ധിക വ്യാപാരത്തിന് കഴിവുറ്റവരായിരുന്നവരിൽ ആരുംതന്നെ തങ്ങളുടെ വിശ്വാസരാഹിത്യം നിമിത്തം, നാട്ടിൽ കയറാൻ യോഗ്യരായി അവൻ കണ്ടില്ല; പിന്നെയോ, അനുകൂലമായി സംസാരിച്ച, നൂന്റെ മകൻ ജോഷ്വായും, യഫോണിന്റെ മകൻ കാലേബും ഇടതുകരവും വലതുകരവും തിരിച്ചറിയാൻ കഴിവില്ലാതിരുന്ന ശിശുക്കളും മാത്രമേ അതിൽ പ്രവേശിച്ചുള്ളു. തങ്ങളുടെ അവിശ്വാസത്തിന് അനുസൃതമായി അവിശ്വാസികൾ എല്ലാവരും മരുഭൂമിയിൽ ചാത്തൊടുങ്ങി; എന്നാൽ ഈ നാല്പതുവർഷംകൊണ്ട് വളർന്ന കുട്ടികൾ അവരുടെ വിടവു നികത്തി എണ്ണം തികച്ചു.

## 28. നിയമാവർത്തനം

നാല്പതുവത്സരം പൂർത്തിയായപ്പോൾ, ജനം യോർദ്ദാന്റെ സമീപത്ത് എത്തി. ജറീക്കോയ്ക്കെതിരെ ഒന്നിച്ചുകൂടി അണിനിരന്നു. മോശ ജനത്തെ വിളിച്ചുകൂട്ടി അന്നുവരെ ദൈവം ചെയ്ത മഹാകാര്യങ്ങൾ വിവരിക്കുകയും ദൈവത്തെ ഭയക്കാനും അനുസരിക്കാനും മരുഭൂമിയിൽ വളർന്നവരെ ഒരുക്കുകയും സജ്ജരാക്കുകയും നേരത്തെ നൽകിയതിനുപുറമെ പുതിയൊരു നിയമം എന്ന രീതിയിൽ നടപ്പാക്കുകയും ചെയ്തുകൊണ്ട് നേരത്തെ പറഞ്ഞവയെല്ലാം ഒന്നുകൂടി ആവർത്തിച്ചു. ഇത് *നിയമാവർത്തനം* എന്നു വിളിക്കപ്പെട്ടു; ഇതിലും നമ്മുടെ കർത്താവേശു ക്രിസ്തുവിനെപ്പറ്റിയും തന്റെ ജനത്തെപ്പറ്റിയും പുറജാതികളുടെ വിളിയെപ്പറ്റിയും രാജ്യത്തെപ്പറ്റിയും നിരവധി പ്രവചനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com



## 29. വാഗ്ദത്തനാട്

മോശ തന്റെ ഉപദേശം അവസാനിപ്പിച്ചപ്പോൾ, "മലയിലേക്കു കയറി മരിക്കുക" എന്നു ദൈവം കല്പിച്ചു. കാരണം, നീയല്ല എന്റെ ജനത്തെ നാട്ടിലെത്തിക്കുക. കർതൃവചനാനുസൃതം അവൻ മരിച്ചു; നൂന്റെ മകനായ ജോഷ്വാ അവന്റെ പിൻഗാമിയായി. അവൻ യോർദാൻ ഭാഗിച്ച് ജനത്തെ നാട്ടിലെത്തിച്ചു. അവിടെ പാർത്തിരുന്ന ഏഴുജാതികളെ തോല്പിച്ച് നിഗ്രഹിച്ചശേഷം നാട് ജനത്തിനു പങ്കിട്ടുകൊടുത്തു. ഇവിടെയാണ് ജറുസലേമും ദാവീദ് രാജാവും അവന്റെ മകൻ സോളമനും. സ്വർഗീയവും ആത്മീയവുമായ വസ്തുക്കളുടെ മാതൃകയിൽ മോശ ഉണ്ടാക്കിയ പേടകത്തിന്റെ മാതൃകയിൽ ദൈവനാമത്തിൽ സോളമൻ ഇവിടെ ആലയം നിർമിച്ചു.

## 30. പ്രവാചകന്മാർ

ദൈവം പരിശുദ്ധാത്മാവിലൂടെ അവിടേക്കു പ്രവാചകന്മാരെ അയച്ചു. അവർ ജനത്തെ ഉപദേശിക്കുകയും പിതാക്കന്മാരുടെ ദൈവമായ സർവശക്തനിലേക്ക് അവരെ തിരികെ കൊണ്ടുവരികയും ചെയ്തു. അവർ ദൈവപുത്രനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വെളിപാടിന്റെ അറിയിപ്പുകാരായിരുന്നു. നീണ്ട വംശാവലിയിലൂടെ, അബ്രഹാമിന്റെ മകനായിരുന്ന ദാവീദിന്റെ വംശാവലിയിൽനിന്ന് അവന്റെ മാംസം പൊട്ടിമുളയ്ക്കുമെന്നും ജഡപ്രകാരം അവൻ ദാവീദിന്റെ പുത്രനായിരിക്കുമെന്നും, എന്നാൽ അവൻ ആത്മാവിൽ ദൈവപുത്രനും പിതാവിനോടൊത്ത് സ്ഥിതി ചെയ്യുന്നവനും ലോകസ്ഥാപനത്തിനു മുമ്പു ജനിച്ചവനും ഈ യുഗാന്ത്യത്തിൽ സമസ്ത ലോകത്തിന്റെയും മുമ്പാകെ മനുഷ്യനായി കാണപ്പെടുന്നവനും സ്വർഗത്തിലും ഭൂമിയിലുമുള്ള സകലതും തന്നിൽ സമാഹരിക്കുന്ന വചനമാം ദൈവവും ആണെന്നും അവർ അറിയിച്ചു.

## 31. അഴിവില്ലായ്മ

അതുകൊണ്ട്, അവർ മനുഷ്യരെ ദൈവവുമായി ഐക്യപ്പെടുത്തുകയും ദൈവവും മനുഷ്യരുമായുള്ള സംസർഗം സ്ഥാപിക്കുകയും ചെയ്തു. അവിടുന്ന് നമ്മുടെ പക്കലേക്കു വന്നില്ലായിരുന്നെ

www.malankaralibrary.com



ങ്കിൽ, യാതൊരുതരത്തിലും അഴിവില്ലായ്മയിൽ ഭാഗഭാഗിത്വം ലഭിക്കാൻ നമുക്കു കഴിയുമായിരുന്നില്ല. അദൃശ്യവും ഇന്ദ്രിയാതീതവും ആയിരിക്കുന്നതിനാൽ, അഴിവില്ലായ്മ നമ്മെ സഹായിക്കുകയില്ല. അതുകൊണ്ട്, നമുക്ക് അഴിവില്ലായ്മയിൽ സമ്പൂർണഭാഗഭാഗിത്വം ലഭിക്കാനായി അവിടുന്നു ദൃശ്യനായി. ആദത്തിന്റെ ആദ്യരൂപീകരണത്തിൽ നാമെല്ലാം ഉൾപ്പെട്ടിരുന്നതിനാൽ, അനുസരണക്കേടുനിമിത്തം നാം മരണവിധേയരായിരുന്നു. അതുകൊണ്ട്, നമുക്കുവേണ്ടി മനുഷ്യനായി തീർന്നവന്റെ അനുസരണത്തിലൂടെ, മരണത്തിന്റെ ബന്ധനങ്ങൾ അവശ്യാവശ്യം തകർക്കപ്പെടേണ്ടിയിരുന്നു; മരണം ശരീരത്തിൽ ആധിപത്യം പുലർത്തിയതിനാൽ, ശരീരത്തിലൂടെ അതു നീക്കം ചെയ്യപ്പെടുകയും മനുഷ്യൻ പീഡനത്തിൽനിന്ന് വിടുവിക്കപ്പെടുകയും ചെയ്യേണ്ടിയിരുന്നു. അതുകൊണ്ട് നമ്മുടെമേൽ ആധിപത്യം ലഭിക്കുകയും നമ്മെ കീഴടക്കുകയും കീഴമർത്തുകയും ചെയ്ത പാപം മേലിൽ നമ്മിൽ ഉണ്ടാകാതിരിക്കാൻ, അതേ ശരീരത്തിലൂടെ അതിനെ നശിപ്പിക്കാനായി "വചനം മാംസമായി". അതുകൊണ്ട് ആദത്തിലൂടെ നമ്മെ തളർത്തിയതിനെ ആദത്തിലൂടെ കീഴടക്കാനായി തന്റെ തിരുഅവതാരത്തിനായി നമ്മുടെ കർത്താവ് അതേ ആദ്യരൂപം സ്വീകരിക്കുകയും തന്റെ പൂർവപിതാക്കന്മാർക്കുവേണ്ടി പോരാടുകയും ചെയ്തു.

## 32. ആദവും ക്രിസ്തുവും

അപ്പോൾ, ആദ്യമനുഷ്യന്റെ സത്ത എവിടെ നിന്നുവന്നു? ദൈവത്തിന്റെ ഇച്ഛയിൽനിന്നും വിജ്ഞാനത്തിൽനിന്നും കന്യാത്വഭൂമിയിൽനിന്നും വന്നു. കാരണം, മനുഷ്യനെ നിർമിക്കുന്നതിനു മുമ്പ് "ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിരുന്നില്ല; ഭൂമിയിൽ കൃഷി ചെയ്യാൻ ഒരു മനുഷ്യനും ഉണ്ടായിരുന്നില്ല" എന്നു തിരുലിഖിതം പറയുന്നു (ഉല്പ 2,5). അപ്പോൾ, കന്യകയായിരുന്ന ഈ ഭൂമിയിൽനിന്ന് ദൈവം മണ്ണെടുത്ത് മനുഷ്യകുലത്തിലെ ആദ്യമനുഷ്യനെ മെനഞ്ഞുണ്ടാക്കി. അതുകൊണ്ട് ഈ മനുഷ്യനെ പുതുതായി സമാഹരിച്ച് അവന്റെ മനുഷ്യാവതാരത്തിന്റെ സ്കീം പുനരവതരിപ്പിച്ചുകൊണ്ടും ദൈവത്തിന്റെ ഇച്ഛയാലും വിജ്ഞാനത്താലും കന്യകയിൽനിന്ന് ജനിച്ചുകൊണ്ടും അവനും ആദത്തിന്റെ രൂപീകരണത്തിന്റെ കോപ്പി ആയിരിക്കുന്നതിനും ആരംഭത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ "ദൈവത്തിന്റെ ഛായയിലും

www.malankaralibrary.com



സാദൃശ്യത്തിലും" മനുഷ്യൻ രൂപീകരിക്കപ്പെടുന്നതിനും ആയിരുന്നു അത്.

## 33. ഹവ്വായും മറിയവും

മനുഷ്യൻ ഇടറിവീണ് മരിച്ചത് ഒരു കന്യകയുടെ അനുസരണക്കേടു മൂലമായിരുന്നതുപോലെ, ദൈവവചനത്തെ അനുസരിച്ച ഒരു കന്യകയിലൂടെയാണ് ജീവനാൽ നവീകരിക്കപ്പെട്ട് മനുഷ്യൻ ജീവൻ പ്രാപിച്ചത്. കാരണം, നഷ്ടപ്പെട്ട ആടിനെ തേടിപ്പിടിക്കാനാണ് കർത്താവ് വന്നത്; നഷ്ടപ്പെട്ടത് മനുഷ്യനായിരുന്നു; അതുകൊണ്ട് അവിടുന്നു മറ്റൊരു രൂപവും എടുത്തല്ല വന്നത്. പിന്നെയോ, ആദത്തിന്റെ വംശാവലിയിൽപെട്ടവളുടേതുപോലെ തന്റെ രൂപമെടുത്തു. എന്തുകൊണ്ടെന്നാൽ, മർത്യത അമർത്യതയിലും ഹവ്വാ മറിയത്തിലും അലിഞ്ഞുചേരുന്നതിനും ഒരു കന്യക മറ്റൊരു കന്യകയുടെ മധ്യസ്ഥയായിരിക്കുന്നതിനും കന്യകയുടെ അനുസരണക്കേട് കന്യകയുടെ അനുസരണയിലൂടെ നീക്കി നശിപ്പിക്കുന്നതിനുമായി, ക്രിസ്തുവിൽ ആദാം അവശ്യാവശ്യം നവീകരിക്കപ്പെടേണ്ടിയിരുന്നു.

## 34. അറിവിന്റെ വൃക്ഷവും കുരിശും

തിന്മയുടെ അറിവിനെ നശിപ്പിച്ചുകൊണ്ടും നന്മയുടെ അറിവ് കൊണ്ടുവന്നു കൊടുത്തുകൊണ്ടും മനുഷ്യപുത്രൻ മരത്തിൽ തറയ്ക്കപ്പെട്ടു. അങ്ങനെ മരത്തിലൂടെ സംഭവിച്ച പാപം മരത്തിന്റെ അനുസരണയാൽ, അതായത്, ദൈവത്തോടുള്ള അനുസരണയാൽ നീക്കപ്പെട്ടു. ദൈവത്തോടുള്ള അനുസരണ നന്മ ആയിരിക്കുന്നതുപോലെ, ദൈവത്തോടുള്ള അനുസരണക്കേടാണ് തിന്മ. അതുകൊണ്ട്, ഭാവിയിൽ സംഭവിക്കാനിരിക്കുന്നത് മുന്നറിയിച്ചുകൊണ്ട് വചനം ഏശായാ പ്രവാചകനിലൂടെ പറയുന്നു – ഭാവികാര്യങ്ങൾ അറിയിച്ചതിനാലാണ് അവർ പ്രവാചകന്മാർ ആയിരിക്കുന്നത് – വചനം അവനിലൂടെ ഇപ്രകാരം പറയുന്നു:"ഞാൻ എതിർക്കുകയോ, പിൻമാറുകയോ ചെയ്തില്ല. അടിച്ചവർക്ക് പുറവും താടിമീശ പറിച്ചവർക്ക് കവിളുകളും ഞാൻ കാണിച്ചുകൊടുത്തു. നിന്ദയിൽ നിന്നും തുപ്പലിൽനിന്നും ഞാൻ മുഖം തിരിച്ചില്ല" (50,5-6). മരത്തിൽ തൂങ്ങിക്കിടന്നുകൊണ്ട്, മരണത്തോളം അനുസരിച്ച അനുസരണത്താൽ, മരത്തിലൂടെ കടന്നുവന്ന അനുസരണക്കേട് അവിടുന്ന് നീക്കിക്കളഞ്ഞു. അവിടുന്നു സർവശക്തനായ വചനമാം ദൈവം

www.malankaralibrary.com



തന്നെ ആയിരിക്കുന്നതിനാലും ലോകം മുഴുവൻ തന്റെ അദൃശ്യ രൂപത്തിൽ സാർവത്രികമായി വ്യാപിച്ചിരിക്കുന്നതിനാലും അതിന്റെ നീളവും വീതിയും ഉയരവും ആഴവും ചൂഴ്ന്നതിനാലും ലോകത്തിൽ കുരിശാകൃതിയിൽ മുദ്രപതിപ്പിച്ചുകൊണ്ട്, ഇവയിൽ ക്രൂശിക്കപ്പെട്ടു. കാരണം, സർവവും ദൈവവചനത്താൽ ഭരിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു. ദൃശ്യനാകുന്നതിലൂടെ, തന്റെ ദൃശ്യരൂപത്തിലൂടെ, തന്റെ പ്രവൃത്തി സ്പഷ്ടമായി കാണിക്കാനായി, തന്റെ കുരിശിന്റെ സാർവത്രികത അവശ്യാവശ്യം പ്രസ്പഷ്ടമാക്കേണ്ടതുണ്ടായിരുന്നു. "ഉയരത്തെ, അതായത് സ്വർഗത്തെ പ്രകാശിപ്പിക്കുന്നതും ആഴത്തെ, അതായത് ഭൂമിയുടെ അന്തർഭാഗങ്ങളെ സംരക്ഷിക്കുന്നതും കിഴക്കുനിന്നു പടിഞ്ഞാറുവരെ കൈനീട്ടി വിസ്തൃതമാക്കുന്നതും വടക്കും തെക്കും നിയന്ത്രിക്കുന്നതും ചിതറപ്പെട്ടു കിടക്കുന്ന എല്ലാവരെയും പിതാവിനെപ്പറ്റിയുള്ള അറിവിലേക്ക് എല്ലാഭാഗത്തുനിന്നും വിളിക്കുന്നതും അവിടുന്നാണെന്ന് അറിയിക്കേണ്ടിയിരുന്നു.

## 35. അബ്രഹാമിനോടുള്ള വാഗ്ദാനപൂർത്തീകരണം; വിശ്വാസംവഴിയുള്ള നീതീകരണം

അബ്രഹാമിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയാക്കും എന്ന് ദൈവം അബ്രഹാമിനോടു ചെയ്ത വാഗ്ദാനം അവിടുന്നു പൂർത്തിയാക്കി; അബ്രഹാമിന്റെ വംശാവലിയിൽ ജനിച്ച കന്യകയിൽനിന്ന് ജനിക്കുകയും തന്നിൽ വിശ്വസിക്കുന്നവരെ ലോകത്തിൽ വിളക്കുകളായി സ്ഥാപിക്കുകയും വിജാതീയരെ അബ്രഹാമിനോടൊത്ത് അതേ വിശ്വാസത്താൽ നീതീകരിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തു ഇതു സാധിച്ചു. "എന്തുകൊണ്ടെന്നാൽ, അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു; അത് അവന് നീതിക്കായി ഗണിക്കപ്പെട്ടു". ദൈവത്തിൽ വിശ്വസിക്കുന്നതിനാൽ നാമും നീതീകരിക്കപ്പെടുന്നു; "എന്തുകൊണ്ടെന്നാൽ, നീതിമാൻ വിശ്വാസത്താൽ ജീവിക്കും" (റോമാ 1,17). അതുകൊണ്ട്, "നിയമത്തിലൂടെയല്ല, വിശ്വാസത്തിലൂടെയത്രേ അബ്രഹാമിനോടു വാഗ്ദാനം ചെയ്തത്" (4,13). കാരണം, അബ്രഹാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു; "നിയമം നീതിമാന്മാർക്കുവേണ്ടിയല്ല ഉണ്ടാക്കപ്പെട്ടിരിക്കുന്നത്" (1 തിമോ 1,9). അതുകൊണ്ട്, നാമും നീതീകരിക്കപ്പെട്ടത് നിയമത്താലല്ല, പിന്നെയോ, വചനമാം ദൈവം നമ്മുടെ

www.malankaralibrary.com



പക്കലെത്തിച്ച നിയമവും പ്രവാചകന്മാരും സാക്ഷ്യം നൽകിയവ നിലുള്ള വിശ്വാസത്താലത്രേ.

## 36. ദാവീദിനോടുള്ള വാഗ്ദാനപൂർത്തീകരണം; കന്യാത്വ ജനനം

ദാവീദിനോടു ചെയ്ത വാഗ്ദാനവും അവൻ പൂർത്തീകരിച്ചു; ഒരിക്കലും അവസാനിക്കാത്ത ഭരണം നടത്തുന്ന ഒരു നിത്യ രാജാവിനെ അവന്റെ ഉദരഫലത്തിൽ നിന്ന് എഴുന്നേൽപ്പിക്കുമെന്ന് ദൈവം ദാവീദിനോട് വാഗ്ദാനം ചെയ്തിരുന്നു. മനുഷ്യപുത്രനായി തീർന്ന ദൈവപുത്രനായ ക്രിസ്തുവാണ് ഈ രാജാവ്. അതായത്, ദാവീദിന്റെ വംശാവലിയിൽനിന്നുള്ള കന്യകയിൽനിന്നു ജനിച്ച വൻ. അതുകൊണ്ട്, "നിന്റെ ഉദരഫലത്തിൽ നിന്ന്" എന്നായിരുന്നു ഉടമ്പടി. അതായത് ഒരു സ്ത്രീയിൽ പ്രത്യേകമായി രൂപീകരി ക്കപ്പെടുന്നതും ജനിക്കുന്നതും. അല്ലാതെ, "നിന്റെ അരയുടെ ഫല ത്തിൽനിന്ന് എന്നോ, നിന്റെ ലിംഗത്തിന്റെ ഫലത്തിൽ നിന്ന്" എന്നോ അല്ല. അത് പുരുഷനിൽനിന്നുള്ള ഉല്പാദനത്തെയും ജനന ത്തെയും വിശേഷവിധിയായി ചൂണ്ടിക്കാണിക്കുമായിരുന്നു. ദാവീദിൽനിന്ന് ഉത്ഭവിച്ച ഈ കന്യാത്വ ഉദരത്തിന്റെ പ്രത്യേകവും അനന്യവുമായ ഫലദായകത്വത്തെ വിളംബരം ചെയ്യാനായിരുന്നു ഇത്. ക്രിസ്തു ദാവീദിന്റെ ഭവനത്തിന്മേൽ നിത്യരാജാവത്രേ; അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ല (ലൂക്കാ 1,32f).

## 37. രക്ഷയുടെ വിജയം

ദൈവപുത്രൻ ദാവീദിന്റെ പുത്രനും അബ്രഹാമിന്റെ പുത്രനും ആയിത്തീർന്നു. ഇവയുടെ പൂർത്തീകരണത്തിലും തന്നിൽത്തന്നെ യുള്ള ഇവയുടെ സമാഹരണത്തിലും മരണത്തെ നിർമാർജനം ചെയ്യാനും മനുഷ്യനിൽ ജീവൻ പ്രവർത്തിക്കാനും വേണ്ടി, തന്റെ സ്വന്തം ജീവൻ നമുക്കു നൽകാനായി, കന്യകയെ ഉപകരണമാക്കി കൊണ്ട് വചനമാം ദൈവം മാംസമായിത്തീർന്നു. കാരണം, നാം പാപബന്ധനത്തിലായിരുന്നു; പാപത്തിലൂടെ ജനിക്കുകയും മര ത്തോടുകൂടി ജീവിക്കുകയും ചെയ്യണമായിരുന്നു. ഇത്തരത്തിൽ പെട്ടതായിരുന്നു നമ്മുടെ രക്ഷയുടെ വിജയവും പിതാക്കന്മാരോടു ചെയ്ത വാഗ്ദാനപൂർത്തീകരണവും ആദ്യ അനുസരണക്കേടിന്റെ നീക്കിക്കളയലും.

www.malankaralibrary.com



## 38. യഥാർത്ഥ ജനനം, മരണം, ഉത്ഥാനം

പിതാവായ ദൈവത്തിന്റെ കാരുണ്യം വലുതായിരുന്നു: സൃഷ്ടിക്കുന്ന തന്റെ വചനത്തെ അവിടുന്ന് അയച്ചു; വചനം നമ്മെ രക്ഷിക്കാൻ എത്തിയപ്പോൾ, നമ്മുടെ സ്ഥാനത്തും നമുക്ക് ജീവൻ നഷ്ടപ്പെട്ട അതേ അവസ്ഥയിലും തന്നെത്തന്നെ നിർത്തി. നമ്മുടെ കാരാഗൃഹബന്ധനങ്ങൾ അവിടുന്നു തകർത്തു; അവിടുത്തെ പ്രകാശം കടന്നുവന്ന് കാരാഗൃഹത്തിന്റെ അന്ധകാരം നീക്കി; നമ്മുടെ ബന്ധനം അഴിച്ചുകൊണ്ട്, നമ്മുടെ ജനനത്തെ വിശുദ്ധീകരിക്കുകയും മരണത്തെ നീക്കിക്കളയുകയും ചെയ്തു. മരിച്ചവരിൽ നിന്നുള്ള ആദ്യജാതനായിത്തീർന്നുകൊണ്ട് അവിടുന്ന് ഉത്ഥാനം വെളിപ്പെടുത്തുകയും വീണുകിടന്നവനെ തന്നിൽ എഴുന്നേല്പിക്കുകയും ചെയ്തു. അവനെ സ്വർഗീയോന്നതങ്ങളിലേക്കുയർത്തി പിതാവിന്റെ മഹത്ത്വത്തിന്റെ വലത്തുഭാഗത്ത് ഇരുത്തുകയും ചെയ്തു. "ദാവീദിന്റെ വീണുപോയ കൂടാരം ഞാൻ ഉയർത്തും" എന്ന് പ്രവാചകനിലൂടെ ദൈവം ചെയ്ത വാഗ്ദാനം അനുസരിച്ചാണിത് (ആമോസ് 9,11; നട 15,16). അതായത്, ദാവീദിൽ നിന്നുദിച്ച ശരീരം എന്നർത്ഥം. നമ്മുടെ രക്ഷയുടെ വിജയത്തിൽ നമ്മുടെ കർത്താവായ യേശുക്രിസ്തു ഇതു യഥാർത്ഥത്തിൽ സാധിക്കുക തന്നെ ചെയ്തു. നമ്മെ സ്വതന്ത്രരാക്കി പിതാവിന് സമർപ്പിച്ചുകൊണ്ട്, യഥാർത്ഥത്തിൽ ക്രിസ്തു നമ്മെ എഴുന്നേൽപ്പിച്ചു. എന്നാൽ അവന്റെ കന്യാത്വജനനം അംഗീകരിക്കാത്തവൻ എങ്ങനെ മരിച്ചവരിൽനിന്നുള്ള അവന്റെ ഉത്ഥാനം അംഗീകരിക്കും? ജനിക്കാത്തവൻ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തില്ല എന്നതിൽ അത്ഭുതപ്പെടാനോ, ആശ്ചര്യപ്പെടാനോ ഒന്നുമില്ല; അത് കേട്ടിട്ടില്ലാത്ത സംഗതിയുമല്ല; എന്നാൽ ജനിക്കാതെ അസ്തിത്വത്തിലേക്ക് വന്നവന്റെ ഉത്ഥാനത്തെപ്പറ്റി നമുക്ക് സംസാരിക്കാൻ പോലും സാധ്യമല്ല; ജനിക്കാത്തവൻ അമർത്യനുമാണ്. ജനന വിധേയനല്ലാത്തവൻ മരണവിധേയനുമല്ല. കാരണം, മനുഷ്യന്റെ ആരംഭം സ്വീകരിക്കാത്തവന് എങ്ങനെ മനുഷ്യന്റെ അന്ത്യം ലഭിക്കും?

അതുകൊണ്ട്, അവിടുന്ന് ജനിച്ചിട്ടില്ലെങ്കിൽ, മരിച്ചിട്ടില്ല. അവിടുന്നു മരിച്ചിട്ടില്ലെങ്കിൽ, മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തിട്ടുമില്ല. അവിടുന്നു മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തിട്ടില്ലെങ്കിൽ, മരണത്തെ കീഴടക്കിയിട്ടില്ല, അതിന്റെ ഭരണം നീക്കിക്കളഞ്ഞിട്ടുമില്ല.

www.malankaralibrary.com



മരണം കീഴടക്കപ്പെട്ടിട്ടില്ലെങ്കിൽ, ആരംഭം മുതലേ മരണത്തിനു വിധേയരായിരുന്ന നാം ജീവനിലേക്ക് എങ്ങനെ കയറും? (1 കൊറി 15,12-17).

## 39. ക്രിസ്തുവിന്റെ പ്രാഥമ്യം

മനുഷ്യരിൽനിന്നു രക്ഷ ഒഴിവാക്കുകയും മരിച്ചവരിൽനിന്ന് ദൈവം അവരെ ഉയിർപ്പിക്കുമെന്ന് വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവർ, ശരീരത്തിന്റെ ഉത്ഥാനം പ്രസ്പഷ്ടമാക്കാനും സ്വർഗത്തിൽ എല്ലാവരുടെയും മുമ്പനായിരിക്കാനും വചനമാം ദൈവം നമുക്കുവേണ്ടി ചെയ്ത, നമ്മുടെ കർത്താവിന്റെ ജനന ത്തെയും നിന്ദിക്കുന്നു. ആദ്യജാതനായി, പിതാവിന്റെ ചിന്തയുടെ ആദ്യജാതനായി, അവിടുന്ന് തന്റെ നിയമത്താലും നിയന്ത്രണ ത്താലും ലോകത്തിൽ എല്ലാറ്റിനെയും പരിപൂർണമാക്കുന്ന വചനം തന്നെയാണ്. അവിടുന്ന് കന്യകയുടെ ആദ്യജാതനായി; തന്നെ അനുഗമിക്കുന്നവരെ നരകത്തിൽനിന്ന് സ്വതന്ത്രരാക്കിക്കൊണ്ട് നീതിമാനും പരിശുദ്ധനുമായ മനുഷ്യനായി ദൈവദാസനായി; നല്ലവനും ദൈവത്തിനു പ്രീതികരനുമായി; എല്ലാറ്റിലും പരിപൂർണ നായി; ദൈവത്തിലേക്കുള്ള ജീവന്റെ ശിരസ്സും ഉറവിടവുമായി, മരിച്ചവരിൽ നിന്നുള്ള ആദ്യജാതനായി. ഇപ്രകാരം, വചനമാം ദൈവം എല്ലാ സംഗതികളിലും പ്രാഥമ്യം പുലർത്തുന്നു. കാരണം, ദൈവവുമായുള്ള സംസർഗത്താൽ നമുക്കും അഴിവില്ലായ്മയിൽ ഭാഗഭാഗിത്വം ലഭിക്കാനായി, മനുഷ്യനെ വീണ്ടും ദൈവിക സംസർഗ ത്തിലേക്കു വിളിക്കുന്ന സത്യമനുഷ്യനും അത്ഭുതകരമായ ഉപദേഷ്ടാവും ശക്തനായ ദൈവവുമാണ് അവൻ.

## 40. മോശയിൽനിന്ന് ശ്ലീഹന്മാരിലേക്ക്

അത്യുന്നതനും സർവശക്തനുമായ ദൈവത്തിന്റെ പ്രവാച കന്മാരും മോശയും പ്രഘോഷിച്ച, എല്ലാറ്റിന്റെയും പിതാവിന്റെ പുത്രനും എല്ലാറ്റിന്റെയും ഉറവിടവും മോശയോടു സംസാരിച്ചവനും ദൈവത്തിൽനിന്ന് ജനിച്ചവനും ആയവൻ, പരിശുദ്ധാത്മാവിനാൽ, അബ്രഹാമിന്റെയും ദാവീദിന്റെയും വംശാവലിയിൽപെട്ട കന്യക മറിയത്തിൽനിന്ന് ജനിച്ച് യൂദയായിൽ കടന്നുവന്നു. പ്രവാചകന്മാർ മുൻകൂട്ടി പ്രഘോഷിച്ചവൻ താൻ തന്നെയാണ് എന്ന് കാണിച്ച, ദൈവത്തിന്റെ അഭിഷിക്തനാണ് യേശു.

www.malankaralibrary.com



അവനു മുമ്പേ മുന്നോടിയായി സ്നാപകയോഹന്നാൻ വന്നു. ജീവന്റെ വചനം സ്വീകരിക്കാൻ അവൻ ജനത്തെ മുൻകൂട്ടി ഒരുക്കി സജ്ജരാക്കി: അവനാണ് ക്രിസ്തു എന്നും അവന്റെ ശരീരവുമായി ഐക്യപ്പെട്ട് ദൈവാത്മാവ് അവന്റെമേൽ വന്നാവസിച്ചു എന്നും യോഹന്നാൻ പ്രഖ്യാപിച്ചു. ക്രിസ്തു തന്റെ ശിഷ്യരെ പഠിപ്പിക്കുകയും തന്റെ എല്ലാ സത്കർമങ്ങൾക്കും തന്റെ പ്രബോധനത്തിനും പീഡാനുഭവത്തിനും മരണത്തിനും ഉത്ഥാനത്തിനും തന്റെ ശാരീരികോത്ഥാനത്തിനുശേഷമുള്ള സ്വർഗാരോഹണത്തിനും അവരെ സാക്ഷികളാക്കുകയും ചെയ്തു. പരിശുദ്ധാത്മശക്തിയുടെ ആവാസത്തിനുശേഷം അവൻ അവരെ ലോകം മുഴുവൻ അയയ്ക്കുകയും അവരിലൂടെ വിജാതീയരെ വിളിക്കുകയും ചെയ്തു. വിഗ്രഹങ്ങളിൽനിന്നും വേശ്യാവൃത്തിയിൽനിന്നും സ്വാർത്ഥസ്നേഹത്തിൽനിന്നും തിരിച്ചുകൊണ്ടും, ജലംകൊണ്ടും പരിശുദ്ധാത്മാവുകൊണ്ടുമുള്ള സ്നാനത്താൽ അവരുടെ ആത്മശരീരങ്ങളെ ശുദ്ധീകരിച്ചുകൊണ്ടും കർത്താവിൽനിന്നു തങ്ങൾ പ്രാപിച്ച പരിശുദ്ധാത്മാവിനെ വിശ്വാസികൾക്കു നൽകികൊണ്ടും, അവർ മനുഷ്യർക്ക് ജീവന്റെ പാത കാണിച്ചു കൊടുത്തു.

## 41. ശ്ലൈഹിക പ്രഘോഷണം

ദൈവം അവർക്കു നൽകിയ കൃപയ്ക്കനുസൃതമായി, വിശ്വാസത്താലും ശരണത്താലും സ്നേഹത്താലും ഈ മനോഭാവത്തിൽ അവർ സഭകൾ സ്ഥാപിച്ചു. അവരുടെ ശുശ്രൂഷാകർമങ്ങളിലൂടെ ഇവ വ്യക്തമാക്കിക്കൊണ്ടും പിതാക്കന്മാരോടും വിശ്വസിക്കുകയും കർത്താവിനെ സ്നേഹിക്കുകയും ചെയ്തവരോടും ചെയ്ത വാഗ്ദാനത്തിലേക്ക് സ്വീകരിച്ചുകൊണ്ടും പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചിരുന്ന വിജാതീയരുടെ വിളി അവർ യാഥാർത്ഥ്യമാക്കി. വിശുദ്ധിക്കും നീതിക്കും ക്ഷമയ്ക്കും പകരമായി, എല്ലാറ്റിന്റെയും ദൈവം വാഗ്ദാനം ചെയ്ത നിത്യജീവൻ, മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിലൂടെ, മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശുക്രിസ്തുവിലൂടെ, എത്തിക്കും. അവിടുന്ന് അവന് അസ്തിത്വമുള്ളവയുടെയെല്ലാം രാജത്വവും ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും ആധിപത്യവും ന്യായവിധിയും നൽകിയിരിക്കുന്നു. ഉത്ഥാനത്തിനായി ശരീരത്തെ കളങ്കരഹിതമായും ആത്മാവിനെ അഴിവില്ലാതെയും കാത്തുസൂക്ഷിക്കാൻ സത്യവചനത്തോടുകൂടി അവൻ ഉപദേശം നൽകി.

www.malankaralibrary.com



സ്നാനത്തിൽ നൽകപ്പെട്ട പരിശുദ്ധാത്മാവ് നിരന്തരമായി വിശ്വാസികളിൽ വസിക്കുമെങ്കിൽ, അവർ പറഞ്ഞതുപോലെ ജീവിക്കാൻ അവർക്കു കഴിയും. വിശുദ്ധിയും നീതിയും ക്ഷമയും പാലിച്ചുകൊണ്ട് അവനെ സ്വീകരിച്ചവർക്ക് ഇതു സാധിക്കും. ശരീരം ഒരിക്കൽകൂടി ആത്മാവിനെ സ്വീകരിക്കുമ്പോൾ, അരൂപിയുടെ ഉത്ഥാനമാണ് വിശ്വാസികൾക്കു ലഭിക്കുക. അതോടൊപ്പം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഉയർത്തപ്പെട്ട് ദൈവരാജ്യത്തിലേക്ക് ആനീതരാക്കപ്പെടും. ദൈവത്തിന്റെ വാഗ്ദാനം അനുസരിച്ച്, ശേമിന്റെ ഭവനത്തിൽ വാസം ഉറപ്പിക്കാനുള്ള നിരന്തര അനുസരണയിൽ സഭയിലൂടെ വെളിപ്പെട്ട, വിജാതീയരുടെ വിളി എന്ന യാഫേതിന്റെ അനുഗ്രഹത്തിന്റെ ഫലം ഇതാണ്.

## C. ക്രിസ്തു പഴയനിയമത്തിൽ

### 42. പ്രവചനങ്ങൾ

ദൈവത്തെ സത്യത്തിൽ ശുശ്രൂഷിച്ചവർ ഉറപ്പായി വിശ്വസിക്കാനായി, ഇവയെല്ലാം സംഭവിക്കുമെന്ന് പ്രവാചകരിലൂടെ ദൈവത്തിന്റെ ആത്മാവ് മുൻകൂട്ടി അറിയിച്ചിരുന്നു. നമ്മുടെ പ്രകൃതിക്ക് തികച്ചും അസാധ്യമായതും അതുകൊണ്ട് മനുഷ്യർ വിശ്വസിക്കാൻ കൂട്ടാക്കാത്തതുമായ കാര്യം, ദൈവം പ്രവാചകന്മാരിലൂടെ മുൻകൂട്ടി അറിയിച്ചു. വളരെ നേരത്തെ നടത്തിയ പ്രവചനങ്ങളനുസരിച്ച്, അവസാനം സംഭവം നടന്നപ്പോൾ, നമ്മുടെ രക്ഷ മുൻകൂട്ടി വെളിപ്പെടുത്തിയത് ദൈവമാണ് എന്ന് നാം അറിയുന്നതിനുവേണ്ടിയായിരുന്നു ഇത്.

### 43. പുത്രൻ ആരംഭത്തിൽ

സർവകാര്യങ്ങളിലും ദൈവം സത്യവാൻ ആകയാൽ നാം അവശ്യാവശ്യം എല്ലാറ്റിലും ദൈവത്തെ വിശ്വസിക്കണം. ദൈവപുത്രൻ ലോകത്തിൽ അവതരിക്കുന്നതിന് ലോകസൃഷ്ടിക്ക് മുമ്പുതന്നെ ജനിച്ചവനാണ്. ആദ്യമായി പ്രവചിച്ച മോശ എബ്രായ ഭാഷയിൽ ഇപ്രകാരം പറഞ്ഞു: "*ബറേശിത് ബറാ എലോവിം ബാസാൻ ബെനുആം സമെൻതാരെസ്*". അതിന്റെ വിവർത്തനം

www.malankaralibrary.com



ഇപ്രകാരമാണ്: "ആദിയിൽ ഒരു പുത്രൻ. പിന്നീട് ദൈവം ആകാശവും ഭൂമിയും സ്ഥാപിച്ചു". ഇതിനു സാക്ഷ്യം വഹിച്ചു കൊണ്ട് ജറമിയാ പ്രവാചകൻ ഇപ്രകാരം പറയുന്നു: "പ്രഭാത നക്ഷത്രത്തിനു മുമ്പേ നിനക്കു ഞാൻ ജന്മം നൽകി; സൂര്യനു മുമ്പാണ് നിന്റെ നാമം" (1,5). അതായത്, ലോകസൃഷ്ടിക്കുമുമ്പ്, എന്തുകൊണ്ടെന്നാൽ, ലോകം സൃഷ്ടിക്കപ്പെട്ടപ്പോൾ നക്ഷത്ര ങ്ങളും ഉണ്ടായി. വീണ്ടും അവൻ പറയുന്നു: "മനുഷ്യാവതാരത്തിനു മുമ്പുതന്നെ സ്ഥിതിചെയ്തിരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു". കാരണം, ലോകസൃഷ്ടിക്കു മുമ്പേ, പുത്രൻ ദൈവത്തിന് ഒരാരംഭം പോലെ ആയിരുന്നു. എന്നാൽ നമ്മെ സംബന്ധിച്ച്, അവനെ നാം അറിയാത്തതിനാൽ, തന്റെ പ്രത്യക്ഷീകരണത്തിനു മുമ്പ് അവൻ നമുക്ക് "സ്ഥിതിചെയ്തിരുന്നില്ല". ലോകസൃഷ്ടിക്കുമുമ്പേ അവൻ പിതാവിനോടൊത്തുണ്ടായിരുന്നു എന്നും, സൃഷ്ടികളെല്ലാം അവ നിലൂടെ നിർമിക്കപ്പെട്ടു എന്നും പറഞ്ഞുകൊണ്ട് അവന്റെ ശിഷ്യനായ യോഹന്നാനും ദൈവപുത്രൻ ആരാണെന്ന് നമ്മോടു വിവരിക്കുന്നു: അവൻ ഇപ്രകാരം പറയുന്നു: "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടി ആയിരുന്നു. വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടി ആയി രുന്നു. എല്ലാം അവൻവഴി ഉണ്ടായി; അവനെ കൂടാതെ ഒന്നും ഉണ്ടായില്ല". (1,1-3). ആദിയിൽ പിതാവിനോടൊത്ത് ആയിരുന്ന വചനത്തിലൂടെയാണ് സമസ്തവും നിർമിക്കപ്പെട്ടത് എന്ന് സ്പഷ്ടമായി അവൻ പ്രഖ്യാപിക്കുന്നു. അതാണ് അവന്റെ പുത്രൻ.

## 44. പുത്രനും അബ്രഹാമും. സോദോം ഗോമോറാ സംഭവം

വീണ്ടും അബ്രഹാമിനോട് സംസാരിക്കാനായി ദൈവപുത്രൻ അടുത്തുവന്നു എന്ന് മോശ പറയുന്നു:"മധ്യാഹ്നസമയത്ത് മാമ്രേയുടെ ഓക്കുമരത്തിനു സമീപം ദൈവം അവനു കാണപ്പെട്ടു. അവൻ തല ഉയർത്തി നോക്കിയപ്പോൾ, മൂന്നാളുകൾ തനിക്കെതിരെ നില്ക്കുന്നതു കണ്ടു. അവൻ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ട് പറഞ്ഞു: യജമാനനേ, അങ്ങ് എന്നിൽ സത്യമായും സംപ്രീതനെ ങ്കിൽ" (ഉല്പ 18,1-3). തുടർന്നുള്ള അവന്റെ സംഭാഷണമെല്ലാം കർത്താവുമായിട്ടാണ്; കർത്താവ് അവനോട് തുടർന്ന് സംസാ രിക്കുന്നു. മൂന്നുപേരിൽ രണ്ടുപേർ മാലാഖമാരും ഒരാൾ ദൈവ പുത്രനുമായിരുന്നു. പത്തു നീതിമാന്മാർ കാണപ്പെട്ടെങ്കിൽ, അവർ

www.malankaralibrary.com



നശിക്കരുതെന്ന് സോദോം നിവാസികൾക്കുവേണ്ടി വാദിച്ചുകൊണ്ട് അബ്രഹാം ദൈവപുത്രനോടു സംസാരിച്ചു. അവർ സംസാരിച്ചുകൊണ്ടിരിക്കെ രണ്ടു ദൂതന്മാർ സോദോമിലേക്ക് പോയി; ലോത്ത് അവരെ സ്വീകരിച്ചു. തുടർന്ന് തിരുലിഖിതം ഇപ്രകാരം പറയുന്നു: "സ്വർഗത്തിലെ കർത്താവിൽനിന്ന് സോദോമിലും ഗോമോറായിലും കർത്താവ് അഗ്നിയും ഗന്ധകവും വർഷിച്ചു" (19,24). അബ്രഹാമിനോടു സംസാരിച്ച അതേ പുത്രൻ. "കർത്താവ്" ആകയാൽ സോദോം നിവാസികളെ ശിക്ഷിക്കാൻ അധികാരം ലഭിച്ചവൻ. "സ്വർഗത്തിലെ കർത്താവിൽനിന്ന്" എല്ലാറ്റിന്റെയും കർത്താവായ പിതാവിൽനിന്ന്. അബ്രഹാം ഒരു പ്രവാചകനായിരുന്നു; ഭാവിയിൽ സംഭവിക്കാനിരിക്കുന്നത് അവൻ ദർശിച്ചു. അതായത്, സോദോമിലെ മനുഷ്യരെ ശിക്ഷിക്കാനുള്ള അധികാരം സകലത്തിന്റെയും നാഥനിൽനിന്ന് സ്വീകരിച്ച ദൈവപുത്രൻ മനുഷ്യരൂപത്തിൽ മനുഷ്യരോടു സംസാരിക്കുന്നതും അവരുടെ കൂടെ ഭക്ഷണം കഴിക്കുന്നതും പിതാവിൽനിന്ന് ന്യായവിധി എത്തിക്കുന്നതും.

### 45. പുത്രനും യാക്കോബും. പ്രത്യക്ഷീകരണങ്ങൾ പുത്രന്റേത്

മെസൊപ്പൊട്ടേമിയായിലേക്കുള്ള യാത്രയ്ക്കിടയിൽ യാക്കോബും സ്വപ്നത്തിൽ, ഒരു ഗോവണിയിൽ, അതായത് ഭൂമിയിൽനിന്ന് സ്വർഗം വരെ എത്തുന്ന മരത്തിൽ, നില്ക്കുന്നവനായി അവനെ ദർശിച്ചു; കാരണം, അവനിൽ വിശ്വസിക്കുന്നവർ സ്വർഗത്തിലേക്ക് കയറുന്നു; അവന്റെ പീഡാനുഭവമാണ് നമ്മുടെ ഉന്നതത്തിലേക്കുള്ള കരേറ്റം. മനുഷ്യരുടെ ഇടയിൽ വസിക്കുകയും മനുഷ്യരോട് സംസാരിക്കുകയും ചെയ്ത ദൈവപുത്രനെയാണ് ഇത്തരത്തിലുള്ള ദർശനങ്ങളെല്ലാം സൂചിപ്പിക്കുന്നത്; ഇവ എല്ലാറ്റിന്റെയും പിതാവിന്റെ ദർശനങ്ങളല്ല. എല്ലാറ്റിന്റെയും സ്രഷ്ടാവായ അവനെ ലോകം ദർശിച്ചിട്ടില്ല. "സ്വർഗം എന്റെ സിംഹാസനം, ഭൂമി എന്റെ പാദപീഠം, എന്തുതരം ഭവനമാണ് നിങ്ങൾ എനിക്കുവേണ്ടി നിർമിക്കുക? അഥവാ എന്റെ വിശ്രമസ്ഥലം ഏതാണ്? എന്ന് അവിടുന്നു ചോദിക്കുന്നു (ഏശ 66,1 f). 'അവിടുന്ന് തന്റെ കൈക്കുമ്പിളിൽ കരയെ ഉൾക്കൊള്ളുന്നു; ആകാശത്തെ തന്റെ കരവലയത്തിലും' (40,12). പരിമിതനായി

www.malankaralibrary.com



ത്തീർന്ന് അബ്രഹാമിനോട് സംസാരിച്ചത് അവിടുന്നല്ല, പിന്നെയോ, വചനമാം ദൈവമാണ്. വചനം എപ്പോഴും മനുഷ്യകുലത്തോടൊത്തുണ്ടായിരുന്നു; ഭാവിയിൽ സംഭവിക്കാൻ പോകുന്നത് അവൻ മുൻകൂട്ടി അറിയിക്കുകയും മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കുകയും ചെയ്തു.

## 46. പുത്രനും മോശയും മരുഭൂമിയിൽ

"ഈജിപ്തിൽ എന്റെ ജനത്തിന്റെ ദുരിതങ്ങൾ ഞാൻ കണ്ടിരിക്കുന്നു; അവരെ രക്ഷിക്കാൻ ഞാൻ ഇറങ്ങിവന്നിരിക്കുന്നു" എന്ന് മുൾപ്പടർപ്പിൽ മോശയോട് സംസാരിച്ചത് അവനാണ് (പുറ 3,7f). പീഡിതരെ വിടുവിക്കാനായി കയറുകയും ഇറങ്ങുകയും ചെയ്തത് അവനാണ്. അവൻ നമ്മെ ഈജിപ്തുകാരുടെ ആധിപത്യത്തിൽ നിന്ന് പുറത്തുകൊണ്ടുവന്നു; അതായത്, എല്ലാവിധ വിഗ്രഹാരാധനകളിൽനിന്നും അഭക്തിയിൽനിന്നും. അവൻ നമ്മെ ചെങ്കടലിൽ നിന്ന് രക്ഷപെടുത്തി. അതായത്, പുറജാതികളുടെ മാരകമായ അസൂയയിൽനിന്നും അവരുടെ ദൈവദൂഷണത്തിന്റെ ഘോര തിരമാലകളിൽ നിന്നും നമ്മെ വിടുവിച്ചു. കാരണം, വരാനിരുന്നവ വചനമാം ദൈവം അക്കാലത്ത് മുൻകൂട്ടി സൂചിപ്പിച്ചുകൊണ്ട് ഈ സംഗതികളിൽ നമ്മുടെ കാര്യങ്ങളുടെ റിഹേഴ്സൽ നടത്തുകയായിരുന്നു. എന്നാൽ ഇപ്പോൾ വിജാതീയരുടെ കടുത്ത അടിമത്തത്തിൽനിന്നു നമ്മെ യഥാർത്ഥമായി വിടുവിച്ചുകൊണ്ട്, മരുഭൂമിയിലെ പാറയിൽനിന്ന് ഒരരുവി സമൃദ്ധമായി കുതിച്ചുപായാൻ അവിടുന്ന് ഇടയാക്കി. ആ പാറ അവൻതന്നെ ആയിരുന്നു. അതിൽ നിന്ന് പന്ത്രണ്ട് കൈവഴികൾ ഒഴുകി; അതായത്, പന്ത്രണ്ട് ശ്ലീഹന്മാരുടെ പ്രബോധനം. പിൻതിരിയുന്നവരും അവിശ്വാസികളും മരുഭൂമിയിൽ ചത്തു മണ്ണടിയട്ടെ. ദുഷ്ടതയുടെ മക്കളായിരുന്നെങ്കിലും തന്നിൽ വിശ്വസിച്ചവരെ പിതാക്കന്മാരുടെ അവകാശത്തിലേക്ക് അവൻ കൊണ്ടുവന്നു. എന്നാൽ മോശയല്ല, യേശുവാണ് കൈവശപ്പെടുത്തിയതും കുറിയിട്ട് പകുത്തുകൊടുത്തതും. അവിടുന്നു തന്നെയാണ് തന്റെ കൈകൾ വിരിച്ച് അമാലേക്യരിൽ നിന്നു നമ്മെ വിടുവിക്കുന്നതും പിതാവിന്റെ രാജ്യത്തിലേക്ക് സംവഹിക്കുന്നതും.

www.malankaralibrary.com



## 47. ത്രിത്വം

അതുകൊണ്ട്, പിതാവ് കർത്താവാണ്; പുത്രനും കർത്താവാണ്. പിതാവ് ദൈവമാണ്, പുത്രനും ദൈവമാണ്. കാരണം, ദൈവത്തിൽനിന്നു ജനിക്കുന്നവൻ ദൈവമാണ്. തന്റെ അസ്തിത്വത്തിന്റെയും ശക്തിയുടെയും സത്തയാൽ ദൈവം ഏകനാണ്. അതേസമയം, നമ്മുടെ രക്ഷാരഹസ്യം കൈകാര്യം ചെയ്യുന്നവൻ എന്ന നിലയിൽ അവിടുന്നു പിതാവും പുത്രനുമാണ്. എല്ലാറ്റിന്റെയും പിതാവ് അദൃശ്യനും സൃഷ്ടികൾക്ക് എത്തിപ്പിടിക്കാൻ കഴിയാത്തവനുമാകയാൽ, ദൈവത്തെ സമീപിക്കുന്നവർ പുത്രനിലൂടെയാണ് പിതാവിനെ സമീപിക്കേണ്ടത്. കൂടാതെ പിതാവിനെപ്പറ്റിയും പുത്രനെപ്പറ്റിയും വളരെ സ്പഷ്ടമായും വ്യക്തമായും ദാവീദ് ഇപ്രകാരം പറയുന്നു: "ദൈവമേ, നിന്റെ സിംഹാസനം എന്നേക്കുമുള്ളതാകുന്നു; നീ നീതിയെ സ്നേഹിച്ചു, ദുഷ്ടതയെ വെറുത്തു. അതുകൊണ്ട് നിന്റെ സഖികളേക്കാൾ ഉപരിയായി ആനന്ദതൈലംകൊണ്ട് ദൈവം നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (സങ്കീ 45,6–7). പുത്രൻ ദൈവമാകയാൽ പിതാവിൽനിന്ന്, അതായത് ദൈവത്തിൽനിന്ന്, എന്നേക്കുമുള്ള രാജത്വത്തിന്റെ സിംഹാസനവും തന്റെ സഖികളേക്കാൾ ഉപരിയായി ആനന്ദതൈലവും സ്വീകരിക്കുന്നു എന്നതാണ് ഇതിനർത്ഥം. ആത്മാവാണ് "ആനന്ദതൈലം". അവൻവഴി അവൻ അഭിഷിക്തനായി. പ്രവാചകന്മാരും നീതിമാന്മാരും ശ്ലീഹന്മാരും തന്റെ രാജ്യത്തിൽ പൗരത്വമുള്ള എല്ലാവരും, അതായത്, തന്റെ ശിഷ്യർ ആണ് "തന്റെ സഖികൾ".

## 48. സങ്കീർത്തനം 110

വീണ്ടും ദാവീദ് പറയുന്നു: "കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക. കർത്താവ് സീയോനിൽനിന്ന് നിന്റെ അധികാരത്തിന്റെ ചെങ്കോൽ അയയ്ക്കും. ശത്രുക്കളുടെ മധ്യത്തിൽ നീ വാഴുക. നിന്റെ ശക്തിയുടെ ദിവസത്തിന്റെ ആരംഭത്തിൽ, വിശുദ്ധരുടെ പ്രകാശത്തിൽ നിന്നോടുകൂടെ, ഉദയനക്ഷത്രത്തിനുമുമ്പ് ഉദരത്തിൽനിന്ന് ഞാൻ നിന്നെ ജനിപ്പിച്ചു. കർത്താവ് ശപഥം ചെയ്തു; അവിടുന്ന് അനുതപിക്കുകയില്ല: മൽക്കിസെദെക്കിന്റെ ക്രമം അനുസരിച്ച് നീ എന്നേക്കും പുരോഹിതനാകുന്നു.

www.malankaralibrary.com



കർത്താവ് നിന്റെ വലത്തുവശത്തുണ്ട്. ക്രോധദിവസത്തിൽ അവിടുന്ന് രാജാക്കന്മാരെ തകർത്തുകളയും; ജനതകളുടെ ഇടയിൽ അവിടുന്ന് വിധി നടപ്പാക്കും; തകർന്നവയെ അവിടുന്ന് നിറയ്ക്കും; ഭൂമിയിലുള്ള അനേകരുടെ തലകൾ അവൻ തകർക്കും. വഴിയരികിലുള്ള ഒഴുക്കിൽ നിന്ന് അവൻ പാനംചെയ്യും. അതുകൊണ്ട് അവൻ ശിരസ്സുയർത്തി നിൽക്കും" (സങ്കീ 110). അവൻ വളരെ മുമ്പുതന്നെ അസ്തിത്വത്തിൽ എത്തിയെന്നും രാജ്യങ്ങളുടെമേൽ ഭരണം നടത്തുന്നു എന്നും എല്ലാ മനുഷ്യരെയും, തന്റെ ശത്രുക്കളായി ഇപ്പോൾ തന്നെ ദ്വേഷിക്കുകയും തന്റെ നാമത്തെ പീഡിപ്പിക്കുകയും ചെയ്യുന്ന രാജാക്കന്മാരെയും, വിധിക്കുന്നു എന്നും ഇതിലൂടെ അവൻ വിളംബരം ചെയ്യുകയത്രേ. എന്നേക്കുമുള്ള പുരോഹിതനായി ദൈവം അവനെ വിളിച്ചപ്പോൾ അവൻ അവന്റെ അമർത്യത പ്രഖ്യാപനം ചെയ്യുകയായിരുന്നു. അതുകൊണ്ടാണ് "വഴിയരികിലുള്ള ഒഴുക്കിൽനിന്ന് അവൻ പാനംചെയ്യും; അതിനാൽ അവൻ ശിരസ്സുയർത്തി നിൽക്കും" എന്ന് പറയപ്പെട്ടിരിക്കുന്നത്. തന്റെ മനുഷ്യസ്വഭാവത്തിലുള്ള നിന്ദനത്തിനും അവമാനത്തിനും ശേഷം മഹത്ത്വത്തിലേക്കുള്ള കരേറ്റത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

## 49. രാജാവായി അഭിഷിക്തനായ പുത്രൻ. പ്രവാചകന്മാരിലൂടെ സംസാരിച്ച ദൈവം

വീണ്ടും, ഏശായാപ്രവാചകൻ പറയുന്നു: "എന്റെ അഭിഷിക്തനായ കർത്താവിനോട് കർത്താവ് ഇപ്രകാരം പറയുന്നു: ജനതകൾ അവനെ ശ്രവിക്കാനായി അവന്റെ വലത്തുകൈയിൽ ഞാൻ പിടിച്ചിരിക്കുന്നു'' (45,1). ''അഭിഷിക്തൻ'' എന്നും, "ജനതകളുടെ രാജാവ്", അതായത്, എല്ലാ മനുഷ്യരുടെയും രാജാവ് എന്നും ദൈവപുത്രൻ വിളിക്കപ്പെടുന്നു. അവൻ ദൈവപുത്രൻ എന്നും എല്ലാവരുടെയും രാജാവ് എന്നും വിളിക്കപ്പെടുന്നതിനെ സംബന്ധിച്ച് ദാവീദും ഇപ്രകാരം പറയുന്നു: "കർത്താവ് എന്നോട് അരുളിച്ചെയ്തു: നീ എന്റെ പുത്രനാകുന്നു, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു, എന്നോടു ചോദിച്ചുകൊള്ളുക, ഞാൻ നിനക്ക് ജനതകളെ അവകാശമായും ഭൂമി മുഴുവനും നിന്റെ സ്വന്തമായും നൽകും" (സങ്കീ 2,7). ഈ കാര്യങ്ങൾ ദാവീദിനോടു പറഞ്ഞവയല്ല, കാരണം, അവന് ജനതകളുടെ മേലോ, ഭൂമി മുഴുവന്റെ മേലോ ആധിപത്യം ഇല്ലായിരുന്നു. പിന്നെയോ യഹൂദന്മാരുടെമേൽ

www.malankaralibrary.com



മാത്രമായിരുന്നു. അതുകൊണ്ട്, ഭൂമി മുഴുവന്റെ മേലും രാജാവായിരിക്കുമെന്ന് അഭിഷിക്തനോടു ചെയ്ത വാഗ്ദാനം ദൈവപുത്രനോടാണ് ചെയ്തതെന്ന് സുവ്യക്തമാണ്. അവനെ ദാവീദും തന്റെ നാഥനായി അംഗീകരിച്ചുകൊണ്ടു പറയുന്നു: നാം നേരത്തെ പറഞ്ഞതുപോലെ, "കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു: എന്റെ വലത്തുഭാഗത്ത് ഇരിക്കുക" എന്നിത്യാദി (സങ്കീ 110,1). ഏശായായിൽനിന്ന് അല്പംമുമ്പ് നാം ചൂണ്ടിക്കാണിച്ചതുപോലെ, പിതാവ് പുത്രനോട് സംസാരിക്കുന്നു എന്നാണ് അവൻ അർത്ഥമാക്കുന്നത്. അവൻ പറഞ്ഞു: "എന്റെ അഭിഷിക്തനായ കർത്താവിനോട് കർത്താവ് ഇപ്രകാരം പറയുന്നു: ജനതകൾ അവനെ ശ്രവിക്കും". കാരണം, അവൻ രാജാവായിരിക്കും എന്ന് പ്രവാചകന്മാരിലൂടെയുള്ള വാഗ്ദാനവും അതുതന്നെയാണ്. അതുകൊണ്ട്, ദൈവം ഒരാളോടു തന്നെയാണ് സംസാരിക്കുന്നത്. അതായത്, ദൈവപുത്രനായ ക്രിസ്തുവിനോടാണ് എന്നു ഞാൻ പറയും. "കർത്താവ് എന്നോട് അരുളിച്ചെയ്തു" എന്ന് ദാവീദ് പറയുന്നതിനാൽ, ഇവിടെ ദാവീദല്ല സംസാരിക്കുന്നത് എന്ന് പറയേണ്ടിയിരിക്കുന്നു; മറ്റേതെങ്കിലും പ്രവാചകൻ തന്റെ സ്വന്തനാമത്തിൽ സംസാരിക്കുകയുമല്ല. പിന്നെയോ, ബന്ധപ്പെട്ട ആളിന്റെ ഛായയിൽ, രൂപവും ആകൃതിയും സ്വീകരിച്ചുകൊണ്ട് പ്രവാചകന്മാരിൽ ദൈവാത്മാവാണ് സംസാരിക്കുന്നത്. ചിലപ്പോൾ പിതാവിന്റെ സ്ഥാനത്തായിരിക്കാം, ചിലപ്പോൾ പുത്രന്റെ സ്ഥാനത്ത് ആയിരിക്കാം.

## 50. നിത്യനായ പുത്രൻ സകലരുടെയും രക്ഷകൻ

അതുകൊണ്ട്, ദാവീദിലൂടെ വളരെ ശരിയായി ഉത്തമ പുരുഷനിൽ തന്നോടുകൂടെ പിതാവിന്റെ സംസാരം ചേർത്തുകൊണ്ട് ക്രിസ്തു പറയുന്നു: അതുപോലെ മറ്റു സംഗതികളും പ്രവാചകന്മാരിലൂടെ വളരെ ശരിയായി ഉത്തമപുരുഷനിൽ തന്നെ പറയുന്നു: "യാക്കോബിനെ തിരികെ കൊണ്ടുവരാനും ഇസ്രായേലിനെ തന്റെ അടുക്കൽ ഒന്നിച്ചുചേർക്കാനും ഗർഭത്തിൽ വച്ചുതന്നെ എന്നെ തന്റെ ദാസനായി രൂപപ്പെടുത്തിയ കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ കർത്താവിന്റെ മുമ്പാകെ മഹത്ത്വീകരിക്കപ്പെടും; എന്റെ ദൈവം എനിക്ക് ബലമായിരിക്കുകയും ചെയ്യും. അവിടുന്ന് അരുളിച്ചെയ്യുന്നു: "യാക്കോബിന്റെ ഗോത്രങ്ങളെ എഴുന്നേൽപിച്ച്

www.malankaralibrary.com



നിലനിർത്താനും ഇസ്രായേലിലെ ചിതറിപ്പോയവരെ തിരികെ കൊണ്ടുവരാനും നീ എന്റെ ദാസൻ എന്നു വിളിക്കപ്പെടുന്നത് മഹാസംഗതി ആയിരിക്കും. എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും" (ഏശാ 49,5f).

## 51. പുത്രന്റെ പ്രിസ്ഥിതി

പിതാവ് പുത്രനോട് സംസാരിച്ചു എന്നതിനാലും, അവന്റെ ജനനത്തിനു മുമ്പുതന്നെ മനുഷ്യർക്ക് അവനെ വെളിപ്പെടുത്തി എന്നതിനാലും ദൈവപുത്രൻ നേരത്തെതന്നെ സ്ഥിതിചെയ്തിരുന്നു എന്ന് വ്യക്തമാണ്. മനുഷ്യകുലത്തിൽനിന്നു പിറന്ന് അവൻ മനുഷ്യനായി തീരണമായിരുന്നു. ഉദരത്തിൽ ദൈവംതന്നെ അവനെ രൂപീകരിച്ചു; അതായത്, അവൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി. അവൻ എല്ലാ മനുഷ്യരുടെയും കർത്താവും യഹൂദരിൽ നിന്നും മറ്റുള്ളവരിൽ നിന്നും തന്നിൽ വിശ്വസിക്കുന്നവരുടെ രക്ഷകനുമാണ്. "ഇസ്രായേൽ" എന്നത് എബ്രായഭാഷയിൽ യഹൂദരുടെ നാമമാണ്. "ഇസ്രായേൽ" എന്ന് ആദ്യമായി വിളിക്കപ്പെട്ട പൂർവപിതാവ് യാക്കോബിൽ നിന്ന് അവർക്കിതു ലഭിച്ചതാണ്. 'വിജാതീയർ' എന്ന് അവൻ വിളിക്കുന്നത് എല്ലാ മനുഷ്യരെയുമാണ്. മനുഷ്യരുടെ ഇടയിൽ മക്കൾ പിതാവിന്റെ ദാസരായിരിക്കുന്നതുപോലെ, പിതാവിനോടുള്ള അനുസരണം നിമിത്തം പുത്രൻ തന്നെത്തന്നെ പിതാവിന്റെ ദാസൻ എന്നു വിളിക്കുന്നു.

## 52. തിരുലിഖിതസാരം

ലോകങ്ങൾക്കെല്ലാം മുമ്പ് ദൈവപുത്രനായിരിക്കുന്ന ക്രിസ്തു പിതാവിനോടുകൂടെയാണ്. അഭേദ്യവും ദൃഢവുമായ സംസർഗത്താൽ, അവിടുന്ന് ദൈവത്തോടും മനുഷ്യരോടും കൂടെയാണ്. പിതാവ് സകലതും അവനു കീഴ്പ്പെടുത്തിയതിനാൽ അവൻ എല്ലാറ്റിന്റെയും രാജാവാണ്; തന്നിൽ വിശ്വസിക്കുന്നവരുടെ രക്ഷകനുമാണ്. ഇതുപോലെയുള്ള തിരുലിഖിതഭാഗങ്ങളുടെ സാരം ഇതാണ്. അങ്ങനെയുള്ളവയെല്ലാം ഒന്നിച്ചണിനിരത്തുക നമ്മുടെ ലക്ഷ്യത്തിനും കഴിവിനും അതീതമാകയാൽ, ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ടും പ്രവാചകന്മാർ പറഞ്ഞവ ഗ്രഹിക്കാനുള്ള വിജ്ഞാനവും ഗ്രഹണശക്തിയും ദൈവത്തോടു യാചിച്ചുകൊണ്ടും

www.malankaralibrary.com



ഇതുപോലെയുള്ള മറ്റുഭാഗങ്ങൾ ഇവയിൽ നിന്ന് ഗ്രഹിക്കാൻ സാധിക്കും.

## 53. കന്യകയുടെ ഗർഭധാരണം

പിതാവിന്റെ വചനവും പിതാവിനോടൊത്ത് ആയിരിക്കുന്നവനുമായ ഈ ക്രിസ്തു ജഡം എടുത്തു മനുഷ്യനായിത്തീരുകയും കന്യകയിൽനിന്നു ജനിക്കുകയും ജനനത്തിലൂടെ ദൃശ്യമായി കാണപ്പെടുകയും മനുഷ്യരോടുകൂടി വ്യാപരിക്കുകയും ചെയ്യുന്നതിനെപ്പറ്റി ഏശായായും ഇപ്രകാരം പറയുന്നു: "അതുകൊണ്ട് കർത്താവുതന്നെ നിനക്ക് ഒരടയാളം നൽകും. ഇതാ, കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് അമ്മാനുവേൽ എന്നു പേരിടണം. അവൻ തേനും തൈരും ഭക്ഷിക്കും. അവന് തിരിച്ചറിവുണ്ടാകുന്നതിനുമുൻപ്, അവൻ നന്മ തെരഞ്ഞെടുക്കും. എന്തുകൊണ്ടെന്നാൽ ശിശു നന്മയും തിന്മയും തിരിച്ചറിയുന്നതിനുമുമ്പ് നന്മ തെരഞ്ഞെടുക്കാനായി അവൻ തിന്മയെ തിരസ്കരിക്കും" (7,14-16). അവൻ കന്യകയിൽനിന്ന് ജനിക്കുമെന്ന് അവൻ അറിയിക്കുന്നു; അവൻ ഭക്ഷിക്കുന്നതിനാലും അവനെ ഒരു ശിശു എന്നു വിളിക്കുന്നതിനാലും അവന് ഒരു പേരു നൽകുന്നതിനാലും അവൻ സത്യമായി ഒരു മനുഷ്യനാണെന്ന് മുൻകൂട്ടി ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ജനിക്കുന്നവരെ സംബന്ധിച്ച് ഇതാണു പതിവ്. എബ്രായഭാഷയിൽ അവന് ഇരട്ട നാമമാണുള്ളത്: മിശിഹാ - ക്രിസ്തു - അഭിഷിക്തൻ; യേശു - രക്ഷകൻ. നടന്ന ചില സംഗതികളുടെ നാമങ്ങളാണ് ഈ രണ്ടു പേരുകളും. പിതാവ് അവനിലൂടെ എല്ലാ വസ്തുക്കളെയും അഭിഷേകം ചെയ്ത് അവതരിപ്പിച്ചു; തന്റെ പിതാവായ ദൈവത്തിന്റെ ആത്മാവിനാൽ അവൻ അഭിഷിക്തനായി. അങ്ങനെ മനുഷ്യനായി അവൻ വന്നു. അതുകൊണ്ട്, ക്രിസ്തു - അഭിഷിക്തൻ - എന്ന് അവൻ വിളിക്കപ്പെടുന്നു. ഏശായായിലൂടെ അവൻ തന്നെപ്പറ്റി ഇപ്രകാരം പറയുന്നു: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരോട് സദ്വാർത്ത അറിയിക്കാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു"(61,1). അക്കാലത്ത് എല്ലാവിധ രോഗങ്ങളിൽ നിന്നും മരണത്തിൽനിന്നും വിടുവിക്കപ്പെട്ടവർക്കും അവർക്കുശേഷം തന്നിൽ വിശ്വസിക്കാനിരിക്കുന്നവർക്കും അവൻ രക്ഷയുടെ ഹേതുഭൂതനും നിത്യരക്ഷാദാതാവും ആയിത്തീർന്നതിനാൽ, രക്ഷകനാണ്.

www.malankaralibrary.com



## 54. കന്യാത്വജനനം, അമ്മാനുവേൽ

അതുകൊണ്ട് രക്ഷകൻ; "ദൈവം നമ്മോടുകൂടെ" എന്നാണ് അമ്മാനുവേൽ എന്നതിന്റെ അർത്ഥം. അഥവാ, "ദൈവം നമ്മോടുകൂടെ ആയിരിക്കട്ടെ" എന്നതിനു തുല്യമായി ഒരാഗ്രഹ പ്രകടനമായി പ്രവാചകൻ പറഞ്ഞതുമാകാം. ഇങ്ങനെ ഇത് സദ്വാർത്തയുടെ വിശദീകരണം പ്രസ്പഷ്ടമാക്കലും ആകാം. കാരണം, അവൻ പറയുന്നു: "ഇതാ, കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ദൈവമാകയാൽ, നമ്മോടുകൂടെ ആയിരിക്കേണ്ടതാണ്". ഇവ അതിശയകരമായ സംഗതികൾ ആയിരിക്കെത്തന്നെ ദൈവം നമ്മോടുകൂടെ ആയിരിക്കും എന്ന് ഭാവി സംബന്ധിച്ചും അവൻ പറയുന്നു. അവന്റെ ജനനം സംബന്ധിച്ച് ഈ പ്രവാചകൻ തന്നെ മറ്റൊരിടത്ത് ഇപ്രകാരം പറയുന്നു: "സമയമാകുന്നതിനു മുമ്പേ അവൾ പ്രസവിച്ചു. പ്രസവവേദന ഉണ്ടാകുന്നതിനു മുമ്പേ അവൾ ഒരു പുത്രനെ പ്രസവിച്ചു" (66,7). ഇതിലൂടെ, കന്യകയിൽ നിന്നുള്ള അവന്റെ അസാധാരണ ജനനം അവൻ പ്രഖ്യാപിക്കുകയത്രേ ചെയ്യുന്നത്.

## 55. വിസ്മയനീയനായ ഉപദേഷ്ടാവ്

വീണ്ടും അതേ പ്രവാചകൻ പറയുന്നു: "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം എന്ന് അവൻ വിളിക്കപ്പെടും" (9,6). പിതാവിന്റെ പോലും "അത്ഭുതാവഹനായ ഉപദേഷ്ടാവ്" എന്ന് അവൻ അവനെ വിളിക്കുന്നു. "ദൈവം അരുളിച്ചെയ്തു: നമുക്കു മനുഷ്യനെ നമ്മുടെ ഛായയിലും സാദൃശ്യത്തിലും നിർമിക്കാം" എന്ന് "ഉല്പത്തി" എന്നു പേരുള്ള മോശയുടെ ഒന്നാം പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, പിതാവ് സമസ്ത സംഗതികളും അവനോടൊത്താണ് ചെയ്യുന്നതെന്ന് ഇതിലൂടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. പിതാവിന്റെ അത്ഭുതാവഹനായ ഉപദേഷ്ടാവായി പിതാവ് പുത്രനെ അഭിസംബോധന ചെയ്യുന്നത് ഇവിടെ വ്യക്തമായി കാണാൻ കഴിയും. അവൻ നമുക്ക് ഉപദേശം നൽകുന്നതിനാൽ, നമ്മുടെയും ഉപദേശകനാണ്; എന്നാൽ നമ്മെ നിർബന്ധിച്ചുകൊണ്ടല്ല; പിന്നെയോ, ദൈവമായി, "സർവശക്തനായ ദൈവമായി" എന്ന് അവൻ

www.malankaralibrary.com



പറയുന്നു. നമ്മുടെ അജ്ഞത കൈവെടിഞ്ഞ് അറിവ് നേടാനും ജീർണത ഉരിഞ്ഞുകളഞ്ഞ് അഴിവില്ലായ്മ സ്വീകരിക്കാനും അവിടുന്ന് നമുക്ക് ഉപദേശം നൽകുന്നു.

## 56. അവിശ്വാസികൾക്കുള്ള ശിക്ഷാവിധി

വീണ്ടും ഏശായാ പറയുന്നു: അഗ്നിയിൽ ദഹിച്ചുപോകാൻ അവർ ആഗ്രഹിക്കട്ടെ. എന്തെന്നാൽ നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിൽ ആയിരിക്കും. വിസ്മയനീയനായ ഉപദേഷ്ടാവ് എന്ന് അവൻ വിളിക്കപ്പെടും. ഞാൻ രാജാക്കന്മാർക്കു സമാധാനം പ്രദാനം ചെയ്യും; അവന് സമാധാനവും സന്തുഷ്ടിയും. നീതിയിലും ധർമത്തിലും ഇപ്പോൾമുതൽ എന്നേക്കും നിലനിർത്താനും ഭരിക്കാനും ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജ്യത്തിലും അവന്റെ സാമ്രാജ്യം വിസ്തൃതവും അവന്റെ സമാധാനം അനന്തവുമായിരിക്കും (9,5–7).

ദൈവപുത്രൻ ജനിക്കുമെന്നും അവൻ നിത്യരാജാവായിരിക്കുമെന്നും ഇതിലൂടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. എന്നാൽ "അഗ്നിയിൽ ദഹിച്ചുപോകുവാൻ അവർ ആഗ്രഹിക്കട്ടെ" എന്ന വാക്കുകൾ അവനെ വിശ്വസിക്കാത്തവരെയും അവനോട് അന്യായം പ്രവർത്തിച്ചവരെയും സൂചിപ്പിക്കുന്നു; കാരണം, ന്യായവിധിയിൽ അവർ ഇപ്രകാരം പറയും: "ദൈവപുത്രൻ ജനിച്ചപ്പോൾ അവനിൽ വിശ്വസിക്കാതിരുന്നതിനേക്കാൾ ഭേദം, അവൻ ജനിക്കുന്നതിനു മുമ്പ് അഗ്നിയിൽ ദഹിക്കപ്പെടുന്നതാകുന്നു". ക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തിനു മുമ്പ് മരിച്ചവർക്ക്, അതായത്, പൂർവപിതാക്കന്മാർ, പ്രവാചകന്മാർ, നീതിമാന്മാർ എന്നിവരെപ്പോലെ ദൈവത്തെ ഭയക്കുകയും നീതിയിൽ നിദ്രപ്രാപിക്കുകയും തങ്ങളുടെ ഉള്ളിൽ ദൈവാത്മാവ് ഉണ്ടായിരിക്കുകയും ചെയ്തവർക്ക്, ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ന്യായവിധിയിൽ രക്ഷകിട്ടാൻ വഴിയുണ്ട്. എന്നാൽ അവിടുത്തെ പ്രത്യക്ഷീകരണത്തിനുശേഷം തന്നിൽ വിശ്വസിക്കാത്തവർക്ക് ന്യാവിധിയിൽ ഭീകരമായ പ്രതികാരം ഉണ്ടായിരിക്കും. "ആധിപത്യം അവന്റെ തോളിലാണ്" എന്ന വാക്കുകൾ അല്ലെഗോറിക്കലായി കുരിശിനെ സൂചിപ്പിക്കുന്നു. അവൻ ക്രൂശിക്കപ്പെട്ടപ്പോൾ, അതിന്മേൽ അവൻ തല ചായിച്ചു കിടന്നു. അവന് കടുത്ത അവമാനം ആയിരുന്നത്, ആകുന്നത്,

www.malankaralibrary.com



അതായത് കുരിശ് അവൻ നിമിത്തം നമുക്ക് ആധിപത്യമായി, തന്റെ രാജ്യത്തിന്റെ അടയാളമായി എന്ന് അവൻ പറയുന്നു. 'വിസ്മയനീയനായ ഉപദേഷ്ടാവ്' എന്ന് അവൻ പറയുന്നു: അതായത്, പിതാവിന്റെ സന്ദേശവാഹകൻ; അവനെപ്പറ്റി അവൻ നമ്മോടു പ്രസംഗിച്ചു.

## 57. "യൂദായിൽ നിന്നുള്ള ഭരണാധികാരി", "മുന്തിരിച്ചാറ്"

ദൈവപുത്രൻ ജനനവിധേയനാകും എന്നും ഏതുരീതിയിൽ ജനിക്കുമെന്നും അവൻ അഭിഷിക്തനായി കാണപ്പെടുമെന്നും പ്രവാചകരിലൂടെ നേരത്തെതന്നെ എപ്രകാരം വ്യക്തമാക്കപ്പെട്ടിരുന്നു എന്ന് മുകളിൽ പറഞ്ഞതിൽ നിന്നു സുവ്യക്തമാണല്ലോ. പിന്നീട് അവൻ ഏതുനാട്ടിൽ ഏതു ജനതയുടെ ഇടയിൽ ജനിച്ച് പ്രത്യക്ഷീഭവിക്കുമെന്നു വ്യക്തമാക്കപ്പെട്ടു. അങ്ങനെ മോശ ഉല്പത്തിപ്പുസ്തകത്തിൽ താഴെപറയുംവിധം രേഖപ്പെടുത്തിയിരിക്കുന്നു:

"അവകാശി വന്നുചേരുന്നതുവരെ യൂദായിൽനിന്ന് ഭരണാധികാരിയോ അവന്റെ അരയിൽ നിന്ന് നേതാവോ ഇല്ലാതാകുകയില്ല. അവൻ ജനതകളുടെ പ്രത്യാശ ആയിരിക്കും; അവൻ തന്റെ ഉടുപ്പ് വീഞ്ഞിലും തന്റെ മേലങ്കി മുന്തിരിച്ചാറിലും കഴുകും" (49.10-11). യാക്കോബിന്റെ പുത്രനായ യൂദായാണ് യഹൂദരുടെ പൂർവപിതാവ്; അവന്റെ പേരിലൂടെ അവർ അറിയപ്പെടുന്നു. ക്രിസ്തുവിന്റെ വരവുവരെ ഒരു ഭരണാധികാരിയോ നേതാവോ അവർക്ക് ഇല്ലാതിരുന്നിട്ടില്ല. എന്നാൽ അവിടുത്തെ വരവുമുതൽ അധികാരം നീക്കപ്പെട്ടു; യഹൂദരുടെ രാജ്യം റോമൻ ആധിപത്യത്തിനു വിധേയമാക്കപ്പെട്ടു; അവർക്ക് അവരുടെ സ്വന്തം നേതാവും ഭരണാധികാരിയും ഇല്ലാതാകുകയും ചെയ്തു. അവൻ തന്റെ ലക്ഷ്യത്തിലേക്കു വന്നു; കാരണം, സ്വർഗത്തിൽ ഒരു രാജത്വം അവനായി സജ്ജമാക്കപ്പെട്ടിരിക്കുന്നു; അവൻ തന്റെ ഉടുപ്പ് വീഞ്ഞിലും തന്റെ മേലങ്കി മുന്തിരിച്ചാറിലും അലക്കി. തന്നിൽ വിശ്വസിക്കുന്നവരും തന്റെ രക്തത്താൽ അവിടുന്ന് കഴുകി വീണ്ടെടുത്തവരുമാണ് തന്റെ ഉടുപ്പും മേലങ്കിയും. അവന്റെ രക്തം "മുന്തിരിയുടെ രക്തം" എന്ന് വിളിക്കപ്പെടുന്നു. ഒരു മനുഷ്യനും മുന്തിരിയുടെ രക്തം ഉണ്ടാക്കുന്നില്ല; എന്നാൽ ദൈവം അതുണ്ടാക്കി, അതു കുടിക്കുന്നവരെ സന്തുഷ്ടരാക്കുന്നു. അതുപോലെ, അവന്റെ

www.malankaralibrary.com



ശരീരരക്തങ്ങളുടെ സ്വഭാവം മാനുഷിക കർമമല്ല, ദൈവികപ്രവൃത്തിയാണ്. കർത്താവുതന്നെ കന്യകയുടെ അടയാളം നൽകി. അതായത്, കന്യകയിൽനിന്ന് വരികയും തന്നെ പാനം ചെയ്യുന്നവരെ, അതായത്, തന്റെ ആത്മാവിനെ സ്വീകരിക്കുന്നവരെ സന്തുഷ്ടരാക്കുകയും നിത്യമായി ആനന്ദിപ്പിക്കുകയും ചെയ്യുന്ന അമ്മാനുവേൽ. അതുകൊണ്ട്, അവനാണ് തന്നിൽ പ്രത്യാശ വച്ചിരിക്കുന്ന ജനതകളുടെ പ്രതീക്ഷ. എന്തുകൊണ്ടെന്നാൽ അവൻ രാജ്യം പുനഃസ്ഥാപിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു.

## 58. യാക്കോബിന്റെ നക്ഷത്രം

വീണ്ടും, മോശ പറയുന്നു: "യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽനിന്ന് ഒരു നേതാവ് എഴുന്നേൽക്കും" (സംഖ്യ 24,17). ജഡപ്രകാരമുള്ള അവന്റെ വരവിന്റെ വ്യാപാരം യഹൂദരുടെ ഇടയിൽ ആയിരിക്കുമെന്ന് വ്യക്തമായി അവൻ അറിയിക്കുന്നു. അവൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന് വ്യാപാര പ്രകാരം യാക്കോബിൽനിന്നും യൂദാഗോത്രത്തിൽനിന്നും ജനിച്ചു. കാരണം, സ്വർഗത്തിൽ ഒരു നക്ഷത്രം ഉദിക്കും; "നേതാവ്" എന്നാൽ രാജാവ് എന്നർത്ഥം. കാരണം, രക്ഷിക്കപ്പെട്ടവരുടെയെല്ലാം രാജാവാണ് അവിടുന്ന്. എന്നാൽ പൗരസ്ത്യദേശവാസികളായ വിദ്വാന്മാർക്ക് അവന്റെ ജനനത്തിൽ ഒരു നക്ഷത്രം കാണപ്പെട്ടു; ക്രിസ്തു ജനിച്ചെന്ന് അതുവഴി അവർ ഗ്രഹിച്ചു. ക്രിസ്തു ജനിച്ച ബേത്‌ലഹേമിൽ വന്നുനില്ക്കുന്നതുവരെ നക്ഷത്രം അവരെ യൂദയായിലേക്ക് നയിച്ചു. പിള്ളക്കച്ചകളാൽ ചുറ്റപ്പെട്ട ശിശു കിടന്ന ഭവനത്തിൽ അവർ പ്രവേശിച്ചു. ദൈവപുത്രനായ ക്രിസ്തുവിനെ കാണിച്ചുകൊണ്ട് നക്ഷത്രം അവന്റെ തലയ്ക്കു മുകളിൽ നിലയുറപ്പിച്ചു (മത്താ 2,1-12).

## 59. ചെങ്കോലും ഈശായിയുടെ വേരിൽ നിന്നുള്ള മുളയും

വീണ്ടും, അതേ ഏശായാ പറയുന്നു: "ഈശായിയുടെ വേരിൽ നിന്ന് ഒരു മുളയും അവന്റെ കുറ്റിയിൽനിന്ന് ഒരു ശാഖയും കിളിർത്തുവരും. കർത്താവിന്റെ ആത്മാവ് അവന്റെമേൽ ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ഉപദേശത്തിന്റെയും ശക്തിയുടെയും ആത്മാവ്, അറിവിന്റെയും ദൈവഭക്തിയുടെയും ആത്മാവ്; കർതൃഭയത്തിന്റെ ആത്മാവ്

www.malankaralibrary.com



അവനെ നിറയ്ക്കും. കാണുന്നതുപോലെ അവൻ വിധിക്കുകയില്ല, കേൾക്കുന്നതുപോലെ കുറ്റപ്പെടുത്തുകയുമില്ല; പിന്നെയോ, ബലഹീനർക്ക് നീതിനിറഞ്ഞ ന്യായവിധി നടത്തും; ഭൂമിയിൽ താഴ്മയുള്ളവരോട് അവൻ സഹതാപം കാണിക്കും. അവൻ തന്റെ വായിലെ വചനംകൊണ്ട് ധരയെ പ്രഹരിക്കും; തന്റെ ചുണ്ടുകളിലെ നിശ്വാസത്താൽ നിരീശ്വരരെ നിഗ്രഹിക്കും. അവൻ നീതികൊണ്ട് അര കെട്ടും; സത്യംകൊണ്ട് തന്റെ പാർശ്വം മറയ്ക്കും. ചെന്നായ് ആട്ടിൻകുട്ടിയുടെയും പുള്ളിപ്പുലി കോലാട്ടിൻ കുട്ടിയുടെയും സിംഹം പശുക്കുട്ടിയുടെയും കൂടെ തീറ്റ തിന്നും. കൊച്ചുകുട്ടി അണലിപ്പൊത്തിലും അണലിക്കൂട്ടത്തിലും കൈ കടത്തും; എന്നാൽ അവ അതിനെ ഉപദ്രവിക്കുകയില്ല. ആ ദിവസം ഇപ്രകാരം ആയിരിക്കും: ഈശായിയുടെ വേരും ജനതകളെ ഭരിക്കാനായി എഴുന്നേൽക്കുവാനുള്ളവനുമായവനിൽ ജനതകൾ പ്രത്യാശ വയ്ക്കും. അവന്റെ എഴുന്നേല്പ് ബഹുമാന്യം ആയിരിക്കും" (ഏശാ 11,1-10). അവൻ ജനിക്കുന്നത് അബ്രഹാമിന്റെയും ദാവീദിന്റെയും വംശാവലിയിൽ നിന്നുള്ളവളിൽ നിന്നാണെന്ന് ഇതിലൂടെ അവൻ വ്യക്തമാക്കുന്നു. കാരണം, ഈശായി, അബ്രഹാമിന്റെ പിൻതലമുറക്കാരനും ദാവീദിന്റെ പിതാവുമാണ്. ക്രിസ്തുവിനെ ഗർഭം ധരിച്ച പിൻതലമുറക്കാരിയായ കന്യക ഇപ്രകാരം ശാഖ ആയിത്തീർന്നു. അതുകൊണ്ട്, മോശയും ഫറവോന്റെ മുമ്പിൽ വടികൊണ്ട് തന്റെ അത്ഭുതം പ്രവർത്തിച്ചു; മറ്റു മനുഷ്യരുടെ ഇടയിലും ദണ്ഡ് രാജ്യത്തിന്റെ അടയാളമാണ്: 'മുള' അവന്റെ ശരീരത്തെ സൂചിപ്പിക്കുന്നു; നാം നേരത്തെ പറഞ്ഞതു പോലെ, ആത്മാവിനാൽ അതു മുളച്ചുവരാൻ ഇടയായി.

## 60. ബലഹീനർക്ക് നീതിയുള്ള ന്യായവിധി

"കാണുന്നതുപോലെ അവൻ വിധിക്കുകയില്ല; കേൾക്കുന്ന തുപോലെ കുറ്റപ്പെടുത്തുകയുമില്ല; പിന്നെയോ ബലഹീനർക്ക് നീതിനിറഞ്ഞ ന്യായവിധി നടത്തും; ഭൂമിയിൽ താഴ്മയുള്ളവരോട് അവൻ സഹതാപം കാണിക്കും" എന്നത് കൂടുതൽ ശക്തമായി അവന്റെ ദൈവത്വത്തെ ചിത്രീകരിക്കുന്നു. മുഖം നോക്കാതെ ന്യായവിധി നടത്തുന്നതും പക്ഷപാതം കാണിക്കാതിരിക്കുന്നതും കുലീനരെ പ്രത്യേകം പരിഗണിക്കാതിരിക്കുന്നതും ദരിദ്രർക്ക് ന്യായവും നീതിയും ഉചിതവുമായത് ചെയ്തുകൊടുക്കുന്നതും

www.malankaralibrary.com



ദൈവനീതിയുടെ ഔന്നത്യത്തിനും ശ്രേഷ്ഠതയ്ക്കും ചേർന്നതാണ്. കാരണം, ദൈവം സ്വാധീനവിധേയനല്ല, നീതിമാന്മാരോടല്ലാതെ മറ്റാരോടും അവൻ പരിഗണന കാണിക്കുന്നില്ല. കാരുണ്യം കാണിക്കുക എന്നത് പ്രത്യേകമായി ദൈവത്തിനു ചേർന്നതാണ്; തന്റെ കരുണയാൽ രക്ഷിക്കാനും അവിടുത്തേക്കു കഴിയും. തന്റെ വചനം കൊണ്ട് അവൻ ഭൂമിയെ അടിക്കും; ഒറ്റ വാക്കുകൊണ്ടു തന്നെ നിരീശ്വരരെ നിഗ്രഹിക്കും. തന്റെ വചനം കൊണ്ട് സർവതും പ്രവർത്തിക്കുന്ന ദൈവത്തിനു ചേർന്നതാണിത്. എന്നാൽ 'അവൻ നീതികൊണ്ട് അരകെട്ടും; സത്യംകൊണ്ട് തന്റെ പാർശ്വഭാഗം മറയ്ക്കും' എന്നത് തന്റെ ബാഹ്യമായ മാനുഷികരൂപവും ആന്തരികമായ ഉന്നതനീതിയും കാണിക്കുന്നു.

## 61. "ചെന്നായ് കുഞ്ഞാടിന്റെ കൂടെ മേയും"

പ്രകൃത്യാ പരസ്പര ശത്രുതയും വിദ്വേഷവുമുള്ള വിവിധയിനം മൃഗങ്ങളുടെ സഹകരണവും യോജിപ്പും ശാന്തതയും സംബന്ധിച്ച് മൂപ്പന്മാർ പറയുന്നത് ക്രിസ്തുവിന്റെ വരവിൽ, അവൻ എല്ലാവരുടെയും രാജാവായിരിക്കുമ്പോൾ, യഥാർത്ഥത്തിൽ അപ്രകാരമായിരിക്കും എന്നത്രേ. കാരണം, ക്രിസ്തുവിന്റെ നാമത്തിൽ വിവിധ സ്വഭാവം ഉള്ളവരും വ്യത്യസ്ത രാജ്യങ്ങളിൽ ഉള്ളവരുമായ മനുഷ്യർ സമാധാനപൂർവകമായ ഹൃദയൈക്യത്തിൽ ഒന്നിച്ചു വരും എന്ന് ഉപമാമയമായി അവൻ ഇപ്പോൾ സംസാരിക്കയത്രേ. പശുക്കുട്ടികൾക്കും കുഞ്ഞാടുകൾക്കും കുട്ടികൾക്കും ശിശുക്കൾക്കും തുല്യരായ നീതിമാന്മാരുടെ സമൂഹത്തെ, മുമ്പ് സ്വാർത്ഥതയും അഹങ്കാരവും നിമിത്തം മൃഗങ്ങളെപ്പോലെ ക്രൂരരായിരുന്ന സ്ത്രീപുരുഷന്മാർ ഉപദ്രവിക്കുകയേയില്ല. അവരിൽ ചിലർ, ബലഹീനരെ കടന്നാക്രമിച്ച് കൊള്ള ചെയ്തുകൊണ്ട് ചെന്നായ്ക്കളെപ്പോലെയും സിംഹങ്ങളെപ്പോലെയും പെരുമാറിയിരുന്നു. അവരുടെ സ്ത്രീകൾ തങ്ങളുടെ കാമാർത്തി കൊണ്ടോ, തങ്ങളുടെ മാരകവിഷം കൊണ്ടോ സ്നേഹിതരെപ്പോലും നശിപ്പിക്കുകയും അണലികളെപ്പോലെയും പുലികളെപ്പോലെയും പെരുമാറുകയും ചെയ്തിരുന്നു. അവർ തങ്ങളുടെ മൃഗീയസ്വഭാവം മാറ്റി, ദൈവകൃപയാൽ നീതിപൂർവകമായ പെരുമാറ്റത്തിൽ ഏക നാമത്തിൽ ഒന്നിച്ചുകൂടി. ഇത് യഥാർത്ഥത്തിൽ സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ഭക്തിരാഹിത്യത്തിൽ നിറഞ്ഞുനിന്ന കൊടിയ ദുഷ്ടർ തന്നെയും

www.malankaralibrary.com



ക്രിസ്തുവിനെ അറിയുകയും ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്തപ്പോൾ ഒരു സത്കർമവും ഉപേക്ഷിക്കാത്തവരായിത്തീർന്നു. ദൈവപുത്രനായ യേശുക്രിസ്തുവിൽ ഉള്ള വിശ്വാസത്താൽ ഉണ്ടായ മാറ്റം അത്ര വലുതായിരുന്നു. 'ജനതകളെ ഭരിക്കാനായി അവൻ എഴുന്നേല്ക്കുന്നു' എന്ന് പറയുന്നു; കാരണം, മരിച്ചശേഷം അവൻ ഉത്ഥാനം ചെയ്യുകയും ദൈവപുത്രനും രാജാവുമായി അംഗീകരിക്കപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്യേണ്ടിയിരുന്നു. അതുകൊണ്ട്, 'അവന്റെ എഴുന്നേൽപ്പ് ബഹുമാന്യം ആയിരിക്കും' എന്നും പറയുന്നു. അതായത്, മഹത്ത്വം. കാരണം, അവൻ ഉത്ഥാനം ചെയ്തപ്പോഴാണ് ദൈവമായി അവൻ മഹത്ത്വീകരിക്കപ്പെട്ടത്.

## 62. "ഞാൻ ദാവീദിന്റെ കൂടാരം ഉയർത്തും"

അതുകൊണ്ട്, പ്രവാചകൻ വീണ്ടും പറയുന്നു: "ദാവീദിന്റെ വീണുപോയ കൂടാരം ആ ദിവസം ഞാൻ ഉയർത്തും" (ആമോസ് 9,11). നാം നേരത്തെ പറഞ്ഞതുപോലെ, ദാവീദിൽനിന്നു ജനിക്കുകയും മരിച്ചശേഷം ഉത്ഥിതനാകുകയും ചെയ്ത ക്രിസ്തുവിന്റെ ശരീരത്തെപ്പറ്റിയാണ് വ്യക്തമായി അവൻ പ്രഖ്യാപിക്കുന്നത്. കാരണം, ശരീരത്തെ *കൂടാരം* എന്നു വിളിക്കാറുണ്ടല്ലോ. ജഡപ്രകാരം ദാവീദിന്റെ വംശത്തിൽ നിന്നുള്ള അഭിഷിക്തൻ ദൈവപുത്രനാണെന്നും, തന്റെ മരണശേഷം അവൻ ഉത്ഥാനം ചെയ്യുമെന്നും അവനു മനുഷ്യരൂപം ഉണ്ടായിരിക്കുമെന്നും ശക്തിയിൽ ദൈവമാണെന്നും ലോകത്തെ മുഴുവൻ വിധിക്കുന്ന ന്യായാധിപൻ ആയിരിക്കുമെന്നും രക്ഷയുടെയും നീതിയുടെയും ഏകകർത്താവ് ആയിരിക്കുമെന്നുമെല്ലാം ഈ വാക്യങ്ങളിലൂടെ തിരുലിഖിതം വിളംബരം ചെയ്യുന്നു.

## 63. യൂദയായിലെ ബേത്‌ലഹേം

വീണ്ടും, ക്രിസ്തു ജനിക്കാനിരിക്കുന്ന സ്ഥലം യൂദയായിലെ ബേത്‌ലഹേമിൽ ആയിരിക്കും എന്ന് മീഖാപ്രവാചകനും പറയുന്നു. "യൂദയായിലെ ബേത്‌ലഹേമേ, നീ യൂദായിലെ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല. എന്തുകൊണ്ടെന്നാൽ, എന്റെ ജനമായ ഇസ്രായേലിനെ നയിക്കാനുള്ള നേതാവ് നിന്നിൽനിന്ന് പുറപ്പെടും" (5,2; മത്താ 2,6). ബേത്‌ലഹേം ദാവീദിന്റെയും സ്ഥലമാണ്. അതുകൊണ്ട്, കന്യകയിൽനിന്നു ജനിച്ചു എന്നതു കൊണ്ടുമാത്രമല്ല, ദാവീദിന്റെ

www.malankaralibrary.com



സ്ഥലമായ ബേത്‌ലഹേമിൽ ജനിച്ചു എന്നതിനാലും അവൻ ദാവീദിന്റെ ബീജത്തിൽ നിന്നുള്ളവനാണ്.

## 64. എന്നേക്കും ദാവീദിന്റെ പുത്രൻ

ക്രിസ്തു തന്റെ വംശാവലിയിൽനിന്നു ജനിക്കും എന്നതിനെ സംബന്ധിച്ച് ദാവീദ് ഇപ്രകാരം പറയുന്നു: "അങ്ങയുടെ ദാസനായ ദാവീദിനെ പ്രതി അങ്ങയുടെ അഭിഷിക്തനെ തിരസ്കരിക്കരുതേ. ദാവീദിനോട് കർത്താവ് ഒരു ശപഥം ചെയ്തു. അവിടുന്ന് അവനോട് വ്യാജം പറയുകയില്ല. നിന്റെ മക്കളിൽ ഒരുവനെ നിന്റെ സിംഹാസനത്തിൽ ഞാൻ ഉപവിഷ്ടനാക്കും. എന്റെ ഉടമ്പടിയും ഞാൻ നൽകുന്ന കല്പനകളും നിന്റെ മക്കൾ അനുസരിച്ചാൽ അവരുടെ മക്കൾ *എന്നേക്കും* നിന്റെ സിംഹാസനത്തിൽ വാഴും" (സങ്കീ 132,10-12). എന്നാൽ ദാവീദിൽനിന്നു ജനിച്ച രാജാവായ ക്രിസ്തു അല്ലാതെ ദാവീദിന്റെ മക്കളാരും "എന്നേക്കും" ഭരണം നടത്തിയിട്ടില്ല. അവരുടെ രാജ്യവും "എന്നേക്കും" ഉള്ളതായിരുന്നില്ല; കാരണം, അവ തകർക്കപ്പെട്ടു. അവന്റെ ജഡപ്രകാരമുള്ള വരവിനെപ്പറ്റിയുള്ള ഈ സാക്ഷ്യങ്ങളെല്ലാം അവന്റെ വംശാവലിയും അവന്റെ ജനനസ്ഥലവും സ്പഷ്ടമായും വ്യക്തമായും വെളിപ്പെടുത്തുന്നു. അതുകൊണ്ട്, ജനിച്ച ദൈവപുത്രനെ മനുഷ്യർ അബ്രഹാമിൽ നിന്നും ദാവീദിന്റെ വംശാവലിയിൽ നിന്നും യൂദയായിലെ ബേത്‌ലഹേമിലല്ലാതെ വിജാതീയരുടെ ഇടയിലോ മറ്റൊരിടത്തോ തേടേണ്ടതില്ല.

## 65. ജറുസേലം പ്രവേശനം

യൂദയായുടെ മെട്രോപ്പൊളീസായിരുന്ന ജറുസലേമിലേക്കുള്ള അവന്റെ പ്രവേശനത്തെപ്പറ്റിയും അവന്റെ കൊട്ടാരവും ദൈവാലയവും എവിടെ ആയിരുന്നു എന്നതിനെപ്പറ്റിയും പ്രവാചകൻ ഇപ്രകാരം പറയുന്നു: "സീയോൻ പുത്രിയോടു പറയുക: ഇതാ, ഒരു രാജാവ് വിനീതനായി കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്തു കയറി നിന്റെ പക്കലേക്കു വരുന്നു" (സക്ക 9,9; മത്താ 21,5). അവൻ കഴുതക്കുട്ടിയുടെ പുറത്തു കയറിയാണ് ജറുസലേമിലേക്കു വന്നത്. അവൻ കടന്നുപോകാനായി ജനക്കൂട്ടം തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു. ജറുസലേമിനെയാണ് "സീയോൻ പുത്രി" എന്ന് അവൻ വിളിച്ചത് (മത്താ 2,6-8).

www.malankaralibrary.com



## 66. ക്രിസ്തു പ്രവാചകന്മാരിൽ

ദൈവപുത്രൻ ജനിക്കുമെന്നും എപ്രകാരം ജനിക്കുമെന്നും എവിടെ ജനിക്കുമെന്നും അവൻ ഏകനിത്യരാജാവായ ക്രിസ്തുവാണെന്നും പ്രവാചകന്മാർ അറിയിച്ചിരുന്നു. അവൻ വരുമ്പോൾ അവൻ മനുഷ്യരെ എപ്രകാരം സുഖപ്പെടുത്തുമെന്നും മരിച്ചവരെ ഉയിർപ്പിക്കുമെന്നും മനുഷ്യർ അവനെ എങ്ങനെ അന്വേഷിക്കുമെന്നും നിന്ദിക്കുമെന്നും അവൻ എങ്ങനെ പീഡ അനുഭവിക്കുമെന്നും കുരിശിൽ തറയ്ക്കപ്പെട്ട് കൊല്ലപ്പെടുമെന്നും എല്ലാം അവർ മുൻകൂട്ടി അറിയിച്ചിരുന്നു. അവൻ മനുഷ്യരെ സൗഖ്യമാക്കി, മരിച്ചവരെ ഉയിർപ്പിച്ചു, അവർ അവനെ വെറുക്കുകയും നിന്ദിക്കുകയും കൊല്ലുകയും ചെയ്തു.

## 67. ക്രിസ്തുവിന്റെ അത്ഭുതങ്ങൾ

സുഖമാക്കലിനെപ്പറ്റി നമുക്കിനി സംസാരിക്കാം. ഏശായാ ഇപ്രകാരം പറയുന്നു:'അവൻ നമ്മുടെ രോഗങ്ങൾ എടുക്കുകയും വേദനകൾ വഹിക്കുകയും ചെയ്തു' (53,4). അതായത് "എടുക്കും" "വഹിക്കും". കാരണം, ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യം നടന്നതായി പ്രവാചകരിലൂടെ ദൈവാത്മാവ് അവതരിപ്പിക്കാറുണ്ട്. ദൈവത്തെ സംബന്ധിച്ച് ചെയ്യണമെന്ന് അംഗീകരിച്ച് തീരുമാനിച്ചുറപ്പിച്ച കാര്യം നടന്നതായി കണക്കാക്കപ്പെടുന്നു. പ്രവചനം നടക്കുന്ന കാലത്തെ പദപ്രയോഗങ്ങൾ ആത്മാവ് ഉപയോഗിക്കാറുണ്ട്. അവന്റെ സൗഖ്യദായക കർമങ്ങളെപ്പറ്റി താഴെവരുംവിധം അവൻ പറയുന്നു: "അന്നു ചെകിടർ ഗ്രന്ഥത്തിലെ വാക്കുകൾ വായിച്ചു കേൾക്കുകയും അന്ധർക്ക് അന്ധകാരത്തിൽ ദർശനം ലഭിക്കുകയും ചെയ്യും" (ഏശാ 29,18). വീണ്ടും അതേ പ്രവാചകൻ പറയുന്നു: "ദുർബലകരങ്ങളെ ശക്തിപ്പെടുത്തുകയും ബലഹീനമായ കാൽമുട്ടുകളെ ഉറപ്പിക്കുകയും ചെയ്യുവിൻ. ഭയപ്പെട്ടിരിക്കുന്നവരോട് പറയുവിൻ: ഭയപ്പെടേണ്ട; ധൈര്യം അവലംബിക്കുവിൻ. ഇതാ, നിങ്ങളുടെ ദൈവം പ്രതികാരം ചെയ്യാൻ വരുന്നു. അവിടുന്നു തന്നെ വന്ന് നമ്മെ രക്ഷിക്കും. അപ്പോൾ അന്ധരുടെ കണ്ണ് തുറക്കപ്പെടും; ബധിരരുടെ ചെവികൾ ശ്രവണശക്തിയുള്ളതാകും; മുടന്തൻ മാനിനെപ്പോലെ കുതിച്ചുചാടും. മൂകന്റെ നാവ് സ്വതന്ത്രമാകും" (35,3-6). മരിച്ചവരുടെ ഉയർപ്പിനെപ്പറ്റി അവൻ പറയുന്നു: "മരിച്ചവർ

www.malankaralibrary.com



വീണ്ടും എഴുന്നേൽക്കും; കല്ലറകളിൽ ഉള്ളവർ വീണ്ടും ഉയിർത്തെഴുന്നേൽക്കും"(26,19). ഇപ്രകാരമൊക്കെ പ്രവർത്തിക്കുന്നതിലൂടെ അവിടുന്ന് ദൈവപുത്രനാണ് എന്ന് ജനം ഏറ്റുപറയും.

## 68. പീഡാനുഭവം

അവൻ നിന്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും അവസാനം കൊല്ലപ്പെടുകയും ചെയ്യും എന്നതു സംബന്ധിച്ച് ഏശായാ ഇപ്രകാരം പറയുന്നു:"ഇതാ എന്റെ പുത്രൻ ഗ്രഹിക്കും; അവൻ ഉയർത്തപ്പെടുകയും അത്യധികം പുകഴ്ത്തപ്പെടുകയും ചെയ്യും. നിന്നെ കാണുന്നവർ അമ്പരന്നു പോകത്തക്കവിധം മനുഷ്യരുടെ ഇടയിൽ നിന്റെ കാഴ്ച മഹത്ത്വരഹിതമായിരിക്കും. അനേകം ജനതകൾ പരിഭ്രാന്തരാകും, രാജാക്കന്മാർ തങ്ങളുടെ വായ് പൊത്തും. കാരണം, അവനെപ്പറ്റി പറയപ്പെട്ടിട്ടില്ലാത്തവർ അവനെ കാണും, കേട്ടിട്ടില്ലാത്തവർ ശ്രദ്ധിക്കും. കർത്താവേ, ഞങ്ങളുടെ വിവരണം ആര് വിശ്വസിക്കുന്നു? കർതൃകരം ആർക്കു വെളിപ്പെട്ടിട്ടുണ്ട്? ശിശുവിനോടെന്നപോലെ, വരണ്ടനിലത്തിലെ വേരുപോലെ, അവന്റെ മുമ്പിൽ ഞങ്ങൾ ഞങ്ങളുടെ കഥ പറഞ്ഞു. അവന് രൂപഭംഗിയോ മഹത്ത്വമോ ഉണ്ടായിരുന്നില്ല. ഞങ്ങൾ അവനെ കണ്ടു. അവന് സൗന്ദര്യമോ രൂപസൗഭഗമോ ഇല്ലായിരുന്നു. അവൻ കാഴ്ചയിൽ വിരൂപനായിരുന്നു. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ മുറിവേറ്റവനും പീഡനങ്ങൾ സഹിച്ചവനുമായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു; അവൻ നിന്ദിക്കപ്പെടുകയും അവമാനിക്കപ്പെടുകയും ചെയ്തു. നമ്മുടെ പാപങ്ങളാണ് അവൻ വഹിച്ചത്. നമ്മെപ്രതിയാണ് അവൻ പീഡ അനുഭവിച്ചത്. എന്നാൽ ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തെന്നു നാം കരുതി. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു. നമ്മുടെ പാപങ്ങളെപ്രതി അവൻ ക്ഷതമേല്പിക്കപ്പെട്ടു. അവന്റെ പീഡനങ്ങളാൽ നമുക്കു സമാധാനം കിട്ടി; അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു" (52, 13–53,5). "ഞാൻ പീഡിപ്പിക്കപ്പെട്ടു" എന്ന് ദാവീദ് പറയുന്നതുപോലെ, അവൻ പീഡിപ്പിക്കപ്പെട്ടു എന്ന് ഇതിലൂടെ പ്രഖ്യാപിക്കപ്പെടുന്നു. എന്നാൽ ദാവീദ് പീഡിപ്പിക്കപ്പെട്ടില്ല; എന്നാൽ ക്രൂശിക്കപ്പെടാൻ കല്പന നൽകപ്പെട്ടപ്പോൾ ക്രിസ്തു പീഡിപ്പിക്കപ്പെട്ടു.

www.malankaralibrary.com



വീണ്ടും ഏശായായിലൂടെ വചനം പറയുന്നു: "ഞാൻ എന്റെ മുതുകിനെ അടികൾക്കും എന്റെ കവിളുകളെ ദണ്ഡനത്തിനും ഏല്പിച്ചു; തുപ്പലിന്റെ നിന്ദനത്തിൽ നിന്നു ഞാൻ എന്റെ മുഖം തിരിച്ചില്ല" (50,6). ജറമിയാ പ്രവാചകനും അപ്രകാരം തന്നെ പറയുന്നു: "അടിക്കുന്നവന് അവൻ തന്റെ കവിൾ കാട്ടിക്കൊടുക്കും; കുറ്റപ്പെടുത്തലുകൾ കൊണ്ട് അവൻ നിറയ്ക്കപ്പെടും" (വിലാ 3,30). ക്രിസ്തു ഇവയെല്ലാം സഹിച്ചു.

ഏശായാ തുടർന്നു പറയുന്നു: "അവന്റെ മുറിവുകളാൽ നാം സൗഖ്യമാക്കപ്പെട്ടു. ആടുകളെപ്പോലെ നാമെല്ലാം വഴിതെറ്റിപ്പോയി; ഓരോരുത്തരും താന്താങ്ങളുടെ വഴിയെ പോയി; നമ്മുടെ പാപങ്ങളെപ്രതി കർത്താവ് അവനെ കയ്യാളിച്ചു"(53,5f). നമ്മുടെ രക്ഷയെപ്രതി പിതാവിന്റെ തിരുഹിതാനുസൃതമാണ് ഇങ്ങനെയെല്ലാം അവനു സംഭവിച്ചത് എന്ന് വ്യക്തമാണല്ലോ. പിന്നീട് അവർ പറയുന്നു: "അവന്റെ വേദനയിൽ അവൻ വായ് തുറന്നില്ല. കൊല്ലുവാനുള്ള ആട്ടിൻകുട്ടിയെപ്പോലെ അവൻ കൊണ്ടുപോകപ്പെട്ടു; രോമം വെട്ടുന്നവന്റെ മുമ്പിൽ ആടുപോലെ അവൻ മൗനമായി നിന്നു (53,7). അവൻ സ്വമനസ്സാ മരണം വരിച്ചു എന്ന് അവൻ പ്രസ്താവിക്കുന്നതു ശ്രദ്ധിച്ചാലും (53,8).

## 69. ന്യായവിധി

എന്നാൽ "താഴ്മയിൽ അവന്റെ ന്യായവിധി എടുക്കപ്പെട്ടു" എന്ന് പ്രവാചകൻ പറയുന്നത് (53,8), അവന്റെ താഴ്മയിലുള്ള പ്രത്യക്ഷീകരണത്തെപ്പറ്റിയാണ്: ശൂന്യവൽക്കരണത്തിന്റെ രീതിയിലാണ് ന്യായവിധി എടുക്കപ്പെട്ടത്. ന്യായവിധി എടുക്കപ്പെട്ടത് ചിലർക്ക് രക്ഷയ്ക്കും ചിലർക്ക് ശിക്ഷാവിധിയുടെ പീഡനത്തിനുമാണ്. കാരണം, ഒരാളിലേക്ക് എടുക്കുന്നതുണ്ട്; ഒരാളിൽനിന്ന് എടുക്കുന്നതുണ്ട്. അതുപോലെ, ചിലരുടെമേൽ ന്യായവിധി ഉണ്ടാകും; അവരുടെ നാശത്തിന്റെ പീഡനത്തിൽ അവർക്ക് അതുണ്ടാകും; എന്നാൽ മറ്റുചിലരിൽനിന്ന് അതു നീക്കപ്പെടും; അവർ അതുവഴി രക്ഷിക്കപ്പെടും. അവനെ ക്രൂശിക്കുകയും നിന്ദ്യമായി അവനോടു പെരുമാറുകയും അവനെ വിശ്വസിക്കാതിരിക്കുകയും ചെയ്തവർ, തങ്ങൾ വിധിച്ച ന്യായവിധിയാൽ പീഡനങ്ങളോടുകൂടി നാശത്തിലെത്തിച്ചേരുന്നതിന്, തങ്ങളെത്തന്നെ ന്യായം വിധിച്ചു. അവനിൽ

www.malankaralibrary.com



വിശ്വസിച്ചവരിൽനിന്ന് ന്യായവിധി നീക്കപ്പെട്ടു; അവർ മേലിൽ അതിനു വിധേയരല്ല. ഈ ലോകത്തിന്റെ അവസാനത്തിൽ, വിശ്വസിക്കാതിരുന്നവരുടെ നാശമായിരിക്കും, അഗ്നിയാൽ വരാനിരിക്കുന്ന ന്യായവിധി.

## 70. "അവന്റെ തലമുറയെ ആരു വിവരിക്കും?"

"അവന്റെ തലമുറയെ ആരു വിവരിക്കും?" എന്ന് അവൻ പിന്നീട് പറയുന്നു (53,8). അവന്റെ ശത്രുക്കൾ നിമിത്തവും അവന്റെ പീഡകളുടെ കാഠിന്യം നിമിത്തവും വിലയില്ലാത്തവനും കഴമ്പില്ലാത്തവനുമായ മനുഷ്യനായി അവനെ നാം നിന്ദിക്കാതിരിക്കാനും നമ്മെ ശരിയായി നിർത്താനുമാണ് ഇപ്രകാരം പറഞ്ഞിരിക്കുന്നത്. ഇവയെല്ലാം സഹിച്ചവന്റെ തലമുറ വിവരണാതീതമാണ്; "തലമുറ" എന്നാൽ വംശാവലി എന്നർത്ഥം. അതായത്, അവന്റെ പിതാവ് പദപ്രയോഗങ്ങൾക്കും വിവരണങ്ങൾക്കും ഉപരിസ്ഥനാണ്. അതുകൊണ്ട്, ഈ പീഡനങ്ങൾ എല്ലാം സഹിച്ചവന്റെ വംശാവലി ഇതാണെന്ന് അംഗീകരിച്ചാലും. നിനക്കുവേണ്ടി സ്വമേധയാ അവൻ സഹിച്ച പീഡനങ്ങളെപ്രതി അവനെ നിന്ദിക്കാതിരുന്നാലും. മറിച്ച്, അവന്റെ വംശാവലി നിമിത്തം അവനെ ഭയപ്പെടുക.

## 71. "നിന്റെ നിഴലിൻ കീഴിൽ ഞങ്ങൾ പാർക്കും"

മറ്റൊരിടത്ത് ജറമിയാ ഇപ്രകാരം പറയുന്നു: "ഞങ്ങളുടെ ജീവശ്വാസം, കർത്താവിന്റെ അഭിഷിക്തൻ അത്രേ. അവരുടെ ക്ലേശങ്ങളിൽ അവൻ പങ്കാളിയായി. നിന്റെ നിഴലിൽ ജനതകളുടെ ഇടയിൽ ഞങ്ങൾ വസിക്കും എന്ന് അവനെ പറ്റിയാണ് ഞങ്ങൾ പറഞ്ഞിരുന്നത്" (വിലാ 4,20). ദൈവത്തിന്റെ ആത്മാവായ ക്രിസ്തു സഹനവിധേയനായ മനുഷ്യനായി തീരേണ്ടിയിരുന്നു എന്ന് തിരുലിഖിതം പറയുന്നു. അവൻ ഇപ്രകാരം സഹനവിധേയനാകേണ്ടിയിരിക്കുന്നു എന്നതിൽ അത് അവന്റെ പീഡാനുഭവം സംബന്ധിച്ച് അത്ഭുതപ്പെടുകയും ആശ്ചര്യപ്പെടുകയും ചെയ്തു. "അവന്റെ നിഴലിൽ ഞങ്ങൾ വസിക്കും" എന്ന് നാം പറഞ്ഞുവല്ലോ. നിഴൽ എന്നാൽ അവന്റെ *ശരീരം* എന്നർത്ഥം. ശരീരംകൊണ്ട് നിഴലുണ്ടാകുന്നതുപോലെ, ക്രിസ്തുവിന്റെ ശരീരം ഉണ്ടാക്കിയത് അവന്റെ ആത്മാവാണ്. എന്നാൽ "നിഴൽ" എന്നതുകൊണ്ട് തന്റെ ശരീര

www.malankaralibrary.com



ത്തിന്റെ താഴ്മയെയും നിസ്സാരതയെയും സൂചിപ്പിക്കുന്നു; കാരണം, നേരെ നില്ക്കുന്നവയുടെ പോലും നിഴലുകൾ നിലത്താണല്ലോ വീശുന്നതും മനുഷ്യർ ചവിട്ടുന്നതും. അതുപോലെ, ക്രിസ്തുവിന്റെ ശരീരവും നിലത്തെറിയപ്പെടുകയും പീഡാനുഭവത്താൽ അവമതിക്കപ്പെടുകയും ചെയ്തു. അവൻ ക്രിസ്തുവിന്റെ ശരീരത്തെ "നിഴൽ" എന്നു വിളിക്കുന്നു. അത്, തന്നെ പൊതിയുന്ന ആത്മാവിന്റെ മഹത്ത്വത്തിന്റെ ഒരു നിഴലായിത്തീർന്നു. എന്നാൽ പല അവസരങ്ങളിലും കർത്താവ് കടന്നുപോയപ്പോൾ പലവിധ രോഗങ്ങളാൽ അലട്ടപ്പെട്ടവരെ അവർ വഴിയോരത്തിൽ കിടത്തിയിരുന്നു; അവന്റെ നിഴൽ പതിച്ചവരെല്ലാം സുഖം പ്രാപിച്ചു.

## 72. നീതിമാന്റെ മരണം

വീണ്ടും, ക്രിസ്തുവിന്റെ പീഡാനുഭവത്തെക്കുറിച്ച് പ്രവാചകൻ ഇപ്രകാരം പറയുന്നു: "നീതിമാൻ നശിക്കുന്നു; ആരും കാര്യമാക്കുന്നില്ല. നീതിമാന്മാർ തുടച്ചുമാറ്റപ്പെടുന്നു; ആരും ശ്രദ്ധിക്കുന്നില്ല. എന്നാൽ നീതിമാൻ ദുഷ്ടതയിൽനിന്ന് എടുക്കപ്പെടും. അവന്റെ കബറടക്കം സമാധാനമായിരിക്കും. അവൻ നമ്മുടെ മധ്യത്തിൽനിന്ന് എടുക്കപ്പെട്ടു" (ഏശാ 57, 1-4). ദൈവപുത്രനല്ലാതെ പരിപൂർണനായ നീതിമാൻ ആരാണ്? തന്നെപ്പോലെ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്ന, തന്നിൽ വിശ്വസിക്കുന്നവരെ അവിടുന്നു നീതീകരിച്ച് പരിപൂർണരാക്കുന്നു. "അവന്റെ കബറടക്കം സമാധാനം ആയിരിക്കും" എന്നു പറയുന്നതിലൂടെ, എപ്രകാരം നമ്മുടെ രക്ഷയ്ക്കുവേണ്ടി അവൻ മരിച്ചു എന്ന് അവൻ പറയുന്നു. "സമാധാനത്തിൽ" എന്നാൽ "രക്ഷയിൽ" എന്നർത്ഥം. മുൻപ് പരസ്പരം ശത്രുക്കളും എതിരാളികളുമായിരുന്നവർ, അവന്റെ മരണത്താൽ ഏകയോഗമായി അവനിൽ വിശ്വസിക്കുന്നതിലൂടെ പരസ്പരം സമാധാനത്തിൽ വർത്തിക്കുകയും അവനിലുള്ള പൊതുവിശ്വാസത്താൽ സ്നേഹിതരും സന്മനോഭാവം ഉള്ളവരും ആയിത്തീരുകയും ചെയ്തു. "അവൻ നമ്മുടെ മധ്യത്തിൽനിന്ന് എടുക്കപ്പെട്ടു" എന്ന വാക്കുകൾ, മരിച്ചവരുടെ ഇടയിൽ നിന്നുള്ള അവന്റെ ഉത്ഥാനത്തെ കുറിക്കുന്നു. കാരണം, അവന്റെ കബറടക്കത്തിനുശേഷം മരിച്ചവനായിട്ടല്ല, അവൻ കാണപ്പെട്ടത്. മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്യുന്നതിലൂടെ അവൻ എന്നേക്കും അമർത്യനായിരിക്കും എന്നതു

www.malankaralibrary.com



സംബന്ധിച്ച് പ്രവാചകൻ ഇപ്രകാരം പറയുന്നു: "അവൻ നിന്നോട് ജീവൻ ചോദിച്ചു. നീ അവന് എന്നേക്കും ദിവസങ്ങൾ നീട്ടിക്കൊടുക്കുക പോലും ചെയ്തു" (സങ്കീ 21,4). അവൻ മരിക്കേണ്ടിയിരുന്നെങ്കിൽ പിന്നെ "അവൻ ജീവൻ ചോദിച്ചു" എന്നതിൽ എന്തു കഥയാണിരിക്കുക? അതുകൊണ്ട്, മരിച്ചവരിൽനിന്നുള്ള അവന്റെ ഉത്ഥാനമാണ് അവൻ പ്രഘോഷിക്കുന്നത്. മരിച്ചവരിൽ നിന്നുയിർത്ത്, അവൻ അമർത്യനായി. അവൻ ഉത്ഥാനം ചെയ്യാനായി അവൻ "ജീവൻ പ്രാപിച്ചു"; വ്യതിയാനാതീതനായിരിക്കാനായി അവന് എന്നേക്കും ദിവസവും നീട്ടിക്കിട്ടി.

### 73. ഉത്ഥാനം

വീണ്ടും, ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും സംബന്ധിച്ച് ദാവീദ് ഇപ്രകാരം പറയുന്നു: "ഞാൻ ശാന്തമായി കിടന്നുറങ്ങി. ഞാൻ ഉണർന്നെഴുന്നേറ്റു; എന്തെന്നാൽ ഞാൻ കർത്താവിന്റെ കരങ്ങളിലാണ്" (സങ്കീ 3,5). തന്നെപ്പറ്റിയല്ല ദാവീദ് ഇതു പറഞ്ഞത്; കാരണം, അവൻ മരിച്ചപ്പോൾ ഉയിർത്തില്ല. എന്നാൽ മറ്റു പ്രവാചകരിൽ സംസാരിച്ച ക്രിസ്തുവിന്റെ ആത്മാവ്, ഇപ്പോൾ ദാവീദിലൂടെ അവനെപ്പറ്റി പറയുന്നു: "ഞാൻ ശാന്തമായി കിടന്നുറങ്ങി. ഞാൻ ഉണർന്നെഴുന്നേറ്റു; എന്തെന്നാൽ ഞാൻ കർത്താവിന്റെ കരങ്ങളിലാണ്". അവൻ ഉത്ഥാനം ചെയ്തതിനാൽ, മരണത്തെ നിദ്ര എന്നു വിളിക്കുന്നു.

### 74. ഹേറോദേസും പീലാത്തോസും

ക്രിസ്തുവിന്റെ പീഡാനുഭവത്തെപ്പറ്റി ദാവീദ് വീണ്ടും പറയുന്നു: "ജനതകൾ ഇളകി മറിയുന്നത് എന്തിന്? ജനങ്ങൾ എന്തിന് വ്യർത്ഥമായി ഗൂഢാലോചന നടത്തുന്നു? കർത്താവിനും അവിടുത്തെ അഭിഷിക്തനുമെതിരെ ഭൂമിയിലെ രാജാക്കന്മാർ അണിനിരന്നു"(സങ്കീ 2,1ff). കാരണം, യഹൂദരുടെ രാജാവായ ഹേറോദേസും ക്ലോഡിയസ് സീസറിന്റെ പ്രൊക്കുറേറ്ററായ പൊന്തിയോസ് പീലാത്തോസും ഒന്നിച്ചുകൂടി അവനെ ക്രൂശിക്കാനായി വിധിച്ചു. ഭൗമികരാജാവ് എന്നവണ്ണം അവൻ വന്ന് തന്നെ സ്ഥാനഭ്രഷ്ടനാക്കും എന്ന് ഹേറോദേസ് ഭയപ്പെട്ടു; രാജാവെന്ന സ്ഥാനസംജ്ഞയുള്ള ഒരു മനുഷ്യനെ സ്വതന്ത്രനാക്കുന്നതിലൂടെ, അവനെ വിധിക്കാതിരിക്കുന്നതിലൂടെ, താൻ സീസറിനെതിരെ

www.malankaralibrary.com



നില്ക്കുന്നു എന്ന് തോന്നാതിരിക്കാൻ ഹേറോദേസിന്റെയും തന്റെ ചുറ്റും നിന്ന യഹൂദരുടെയും നിർബന്ധത്താൽ, തനിക്കിഷ്ടമില്ലാതിരുന്നിട്ടും പീലാത്തോസ് അവനെ കയ്യാളിച്ചു.

## 75. പീഡാനുഭവം പിതൃഹിതപ്രകാരം

ക്രിസ്തുവിന്റെ പീഡാനുഭവം സംബന്ധിച്ച് പ്രവാചകൻ വീണ്ടും പറയുന്നു:"അങ്ങ് ഞങ്ങളെ പരിത്യജിക്കുകയും നിന്ദിക്കുകയും ചെയ്തു. അങ്ങയുടെ അഭിഷിക്തനെ അങ്ങ് തള്ളിക്കളഞ്ഞു. എന്റെ ദാസന്റെ ഉടമ്പടിയെ ഉപേക്ഷിച്ചു. അവന്റെ വിശ്വസ്തസ്ഥലം അങ്ങ് നിരസിച്ചു. അവിടുന്ന് അവന്റെ മതിലുകളെല്ലാം തകർത്തു. അവന്റെ ദുർഗങ്ങൾ അങ്ങ് ഇടിച്ചു നിരത്തി. വഴിപോക്കർ അവനെ കൊള്ളയടിച്ചു. അവൻ തന്റെ അയൽക്കാർക്ക് പരിഹാസപാത്രമായി. അങ്ങ് അവന്റെ വൈരികളുടെ വലത്തുകൈ ഉയർത്തി; അവന്റെ ശത്രുക്കൾ അവന്റെമേൽ ജയഭേരി മുഴക്കി. അങ്ങ് അവന്റെ വാളിന്റെ വായ്ത്തല മടക്കി; പോരാട്ടത്തിൽ അവനെ അങ്ങ് സഹായിച്ചില്ല. ശുദ്ധീകരണത്തിൽനിന്ന് അങ്ങ് അവനെ വെട്ടിമാറ്റി; അവന്റെ കിരീടത്തെ മണ്ണിലേക്കെറിഞ്ഞു. അവന്റെ നാളുകൾ അവിടുന്ന് വെട്ടിച്ചുരുക്കി. അവിടുന്ന് അവനെ അവമാനം കൊണ്ട് പൊതിഞ്ഞു (സങ്കീ 89,38-45). താൻ ഇവയെല്ലാം സഹിക്കുമെന്നും അത് പിതാവിന്റെ ഹിതാനുസൃതമാണെന്നും അവൻ സ്പഷ്ടമായി പ്രഖ്യാപിക്കുന്നു; എന്തുകൊണ്ടെന്നാൽ പിതാവിന്റെ ഹിതാനുസൃതമാണ് അവൻ സഹിക്കേണ്ടിയിരുന്നത്.

## 76. ക്രിസ്തുവിനെ അറസ്റ്റുചെയ്യുന്നത്

സഖറിയാ ഇപ്രകാരം പറയുന്നു: "എന്റെ ഇടയനെതിരായി, എന്നോടു പറ്റിച്ചേർന്നിരിക്കുന്നവനെതിരായി, ഓ, വാളേ, ഉണരുക. ഇടയനെ അടിക്കുക; ആട്ടിൻകൂട്ടത്തിലെ ആടുകൾ ചിതറിക്കപ്പെടും" (13,7). യഹൂദർ അവനെ അറസ്റ്റുചെയ്തപ്പോൾ ഇതു സംഭവിച്ചു. ഒരുപക്ഷേ അവനോടൊപ്പം മരിക്കേണ്ടിവരും എന്നു കരുതി അവന്റെ ശിഷ്യരെല്ലാം അവനെ വിട്ടുപോയി. അവൻ മരിച്ചവരിൽനിന്ന് ഉയിർക്കുന്നതുവരെ അവർപോലും ഉറപ്പായി അവനിൽ വിശ്വസിച്ചിരുന്നില്ല.

www.malankaralibrary.com



## 77. ക്രിസ്തു ഹേറോദേസിന്റെ മുമ്പിൽ

വീണ്ടും, പന്ത്രണ്ടു പ്രവാചകന്മാരിൽ അവൻ പറയുന്നു: "അവർ അവനെ ബന്ധിച്ച് ഒരു സമ്മാനമായി രാജാവിന്റെ മുമ്പിൽ എത്തിച്ചു" (ഹോശിയ 10,6). പൊന്തിയോസ് പീലാത്തോസ് ആയിരുന്നു യൂദയായിലെ പ്രൊക്കുറേറ്റർ; യഹൂദരുടെ രാജാവായ ഹേറോദേസുമായി അക്കാലത്ത് അവർ നീരസത്തിലായിരുന്നു. ഹേറോദേസുമായി അനുരഞ്ജനപ്പെടാൻ ക്രിസ്തു നല്ല ഒരവസരമായിരിക്കും എന്നു കരുതി. ബന്ധിക്കപ്പെട്ടവനായി തന്റെ പക്കലെത്തിച്ച ക്രിസ്തുവിനെ കൂടുതൽ ചോദ്യം ചെയ്ത് അന്വേഷിച്ചറിയാനായി പീലാത്തോസ് ഹേറോദേസിന്റെ പക്കലേക്കയച്ചു (ലൂക്കാ 23,6-12).

## 78. പാതാളപ്രവേശനം

തന്റെ മരണവും പാതാളത്തിലേക്കുള്ള ഇറക്കവും താഴെ പറയുന്ന വാക്കുകളിൽ ജറമിയായിലൂടെ അവൻ പ്രഖ്യാപിക്കുന്നു: "പണ്ട് ധരയിലെ പൊടിയിൽ നിദ്രകൊള്ളുന്നവരെ ഇസ്രായേലിന്റെ കർത്താവായ പരിശുദ്ധൻ അനുസ്മരിക്കുകയും അവർക്കു രക്ഷയുടെ സദ്വാർത്ത എത്തിച്ച് അവരെ വിടുവിക്കാനായി അവരുടെ പക്കലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്തു".[1] ഇവിടെ അവന്റെ മരണകാരണംകൂടി അവൻ നൽകുന്നു; അവന്റെ പാതാളത്തിലേക്കുള്ള ഇറക്കം പരേതരുടെ രക്ഷയായിരുന്നു.

## 79. ക്രൂശാരോഹണം

വീണ്ടും, അവന്റെ കുരിശ് സംബന്ധിച്ച് ഏശായാ ഇപ്രകാരം പറയുന്നു: "പിടലി കടുത്തവരും മത്സരിക്കുന്നവരുമായ ജനത്തിന്റെ പക്കലേക്ക് ഞാൻ ദിവസം മുഴുവൻ എന്റെ കൈകൾ നീട്ടി" (65,2). ഇതു കുരിശിന്റെ പ്രതീകമാണ്. കുറേക്കൂടി സ്പഷ്ടമായി ദാവീദ് പറയുന്നു: "എല്ലാ വശത്തുനിന്നും നായ്ക്കൾ എന്നെ വളഞ്ഞു. ദുരാലോചകർ എന്റെ ചുറ്റുംകൂടി. അവർ എന്റെ കൈകളും കാലുകളും തുളച്ചു" (സങ്കീ 22,16). വീണ്ടും അവൻ പറയുന്നു:

1. അപ്പോക്രിഫൽ കൃതിയിൽ നിന്നുള്ള ഉദ്ധരണിയാകാം.

www.malankaralibrary.com



"എന്റെ ഹൃദയം എന്റെ ഉള്ളിൽ ഉരുകുന്ന മെഴുകുപോലെയായി. അവർ എന്റെ അസ്ഥികൾ ചിതറിച്ചു" (22,14). വീണ്ടും, അവൻ പറയുന്നു: "എന്റെ ആത്മാവിനെ വാളിൽനിന്നും എന്റെ ശരീരത്തെ ആണികളിൽനിന്നും വിടുവിക്കണമെ; കാരണം, ദുരാലോചകർ എനിക്കെതിരെ എഴുന്നേറ്റു" (22,20). ഇതിൽ അവൻ തന്റെ ക്രൂശാരോഹണം സ്പഷ്ടമായും വ്യക്തമായും സൂചിപ്പിക്കുന്നു. മോശയും ഇതുതന്നെ ജനത്തോടു പറയുന്നു: "നിന്റെ ജീവൻ നിരന്തരം അപകടത്തിലായിരിക്കും. രാവും പകലും നീ സംഭീതനായിരിക്കും. ജീവിതത്തിൽ നിനക്ക് ഒരു സുരക്ഷിതത്വവും ഉണ്ടായിരിക്കുകയില്ല" (ആവ 28,66).

## 80. വസ്ത്രം പങ്കിട്ടെടുക്കൽ

വീണ്ടും ദാവീദ് പറയുന്നു: "അവരെന്നെ തുറിച്ചുനോക്കി. അവർ എന്റെ വസ്ത്രങ്ങൾ പങ്കിട്ടെടുത്തു; എന്റെ അങ്കിക്കായി അവർ ചീട്ടിട്ടു" (സങ്കീ 22,17-18). അവർ അവനെ ക്രൂശിച്ചപ്പോൾ, അവരുടെ പതിവനുസരിച്ച്, അവന്റെ വസ്ത്രം പങ്കിട്ടെടുക്കുകയും ഓരോരുത്തരുടെയും ഭാഗം കീറിയെടുക്കുകയും ചെയ്തു. എന്നാൽ അവന്റെ അങ്കി തുന്നലില്ലാതെ നെയ്തെടുത്തതാകയാൽ ചീട്ടു വീഴുന്നവന് ലഭിക്കാനായി അവർ ചീട്ടിട്ടു (യോഹ 19,23f).

## 81. മുപ്പതു വെള്ളിനാണയങ്ങൾ

വീണ്ടും, ജറമിയാ പ്രവാചകൻ പറയുന്നു: "അവന്റെ വിലയായി ഇസ്രായേൽ മക്കൾ നിശ്ചയിച്ച മുപ്പതു വെള്ളിനാണയങ്ങൾ എടുത്ത്, കർത്താവ് എന്നോടു കല്പിച്ചതുപോലെ, അവർ കുശവന്റെ പറമ്പിനായി കൊടുത്തു".[2] ക്രിസ്തുവിന്റെ ശിഷ്യരിൽ ഒരാളായിരുന്ന യൂദാസ് യൂദന്മാരുമായി ഒത്തുചേർന്ന് അവനെ ഒറ്റിക്കൊടുക്കാൻ ഉടമ്പടി ചെയ്തു. യൂദന്മാർ അവനെ കൊല്ലാൻ ആഗ്രഹിച്ചിരുന്നതായി അവൻ കണ്ടു. അവനെ ക്രിസ്തു താക്കീതു ചെയ്തതിനാലത്രേ അവനിതു ചെയ്തത്. അവൻ മുപ്പതു വെള്ളി നാണയങ്ങൾ വാങ്ങിയിട്ട് ക്രിസ്തുവിനെ അവർക്ക് ഒറ്റിക്കൊടുത്തു.

---

2. ജറമിയായിൽ നിന്നുള്ളതായി മത്താ 27,9-10 ൽ ഉദ്ധരിച്ചിരിക്കുന്നു. സക്ക 11,12-13; ജറ 32,6-14; 18,2-3

www.malankaralibrary.com



പിന്നീട് താൻ ചെയ്തതിനെപ്പറ്റി ദുഃഖിക്കുകയും നാണയം യഹൂദ നേതാക്കന്മാർക്കു തിരിച്ചുകൊടുത്തശേഷം കെട്ടിഞാന്നു ചാകുകയും ചെയ്തു. എന്നാൽ അതു രക്തത്തിന്റെ വിലയാകയാൽ ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നത് ഉചിതമല്ലെന്ന് അവർ വിധിക്കുകയും പരദേശികളെ അടക്കാനായി ആ പണം കൊണ്ട് കുശവന്റെ നിലം വാങ്ങുകയും ചെയ്തു (മത്താ 27,6f).

## 82. വിനാഗിരിയും കയ്പും

അവർ അവനെ ക്രൂശിന്മേൽ ഉയർത്തിയപ്പോൾ അവൻ കുടിക്കാൻ ചോദിച്ചു; എന്നാൽ അവർ അവന് കയ്പു കലർത്തിയ വിനാഗിരി നൽകി. ഇതും ദാവീദ് പറഞ്ഞിട്ടുള്ളതാണ്: "ഭക്ഷണമായി അവർ എനിക്കു വിഷം തന്നു; ദാഹത്തിന് അവർ എനിക്കു വിനാഗിരി തന്നു" (സങ്കീ 69,21).

## 83. സ്വർഗാരോഹണം

മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിനുശേഷം അവൻ സ്വർഗത്തിലേക്ക് എടുക്കപ്പെടേണ്ടിയിരുന്നു. തത്സംബന്ധമായി ദാവീദ് ഇപ്രകാരം പറയുന്നു: "ആയിരമായിരം രഥവ്യൂഹങ്ങളോടെ കർത്താവ് സീനായിൽനിന്ന് തന്റെ വിശുദ്ധ സ്ഥലത്തേക്കു വന്നു. അവിടുന്ന് ഉന്നതത്തിലേക്ക് കരേറി. അവിടുന്ന് അടിമത്തത്തെ അടിമയാക്കി. അവിടുന്ന് എടുത്ത് മനുഷ്യർക്കു ദാനങ്ങൾ വിതറി" (സങ്കീ 68,17-18). "അടിമത്തം" എന്നത് മത്സരിച്ച മാലാഖമാരുടെ ആധിപത്യം തകർത്തതിനെ കുറിക്കുന്നു. അവൻ ഭൂമിയിൽനിന്ന് സ്വർഗത്തിലേക്ക് കയറേണ്ട സ്ഥലം ഏതാണെന്നും അവൻ അറിയിച്ചു. അവൻ പറയുന്നു: "കർത്താവ് സീയോനിൽനിന്ന് ഉന്നതത്തിലേക്കു കരേറി". മരിച്ചവരിൽനിന്നുള്ള തന്റെ ഉത്ഥാനത്തിനുശേഷം അവൻ തന്റെ ശിഷ്യന്മാരെ ഒന്നിച്ചുകൂട്ടുകയും ദൈവരാജ്യത്തെപ്പറ്റി അവരെ പ്രബോധിപ്പിക്കുകയും ചെയ്തു. അതിനുശേഷം ജറുസലേമിന് എതിർവശത്തുള്ള ഒലിവുമല എന്നു വിളിക്കപ്പെടുന്ന സ്ഥലത്തുനിന്ന് തന്റെ ശിഷ്യരുടെ മുമ്പാകെ എടുക്കപ്പെട്ടു. സ്വർഗം തുറക്കപ്പെട്ട് അവനെ സ്വീകരിച്ചത് അവന്റെ ശിഷ്യന്മാർ കണ്ടു (നടപടി 1,9-12).

www.malankaralibrary.com



## 84. സ്വർഗപ്രവേശനം

വീണ്ടും ദാവീദ് അതുതന്നെ പറയുന്നു: "രാജകുമാരന്മാരേ, നിങ്ങളുടെ കവാടങ്ങൾ ഉയർത്തുവിൻ; നിത്യകവാടങ്ങളേ, ഉയർത്തുവിൻ. മഹത്ത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ"(സങ്കീ 24,7). "നിത്യകവാടങ്ങൾ" സ്വർഗങ്ങളാണ്. വചനം അദൃശ്യനായി സൃഷ്ടികളുടെ പക്കലേക്ക് ഇറങ്ങിവന്നതിനാൽ, തന്റെ ഇറക്കത്തിൽ അവൻ അറിയപ്പെട്ടിരുന്നില്ല. എന്നാൽ വചനം അവതരിച്ചപ്പോൾ ദൃശ്യനായി തീർന്നതിനാൽ, തന്റെ സ്വർഗാരോഹണത്തിലും അവൻ ദൃശ്യനായിരുന്നു. അധികാരങ്ങൾ അവനെ ദർശിച്ചപ്പോൾ താഴെയുണ്ടായിരുന്ന മാലാഖമാർ അന്തരീക്ഷത്തിലുള്ളവരോട് ഇങ്ങനെ വിളിച്ചുപറഞ്ഞു: "രാജകുമാരന്മാരേ, നിങ്ങളുടെ കവാടങ്ങൾ ഉയർത്തുവിൻ. മഹത്ത്വത്തിന്റെ രാജാവ് പ്രവേശിക്കാനായി നിത്യകവാടങ്ങളേ, ഉയർത്തുവിൻ". അപ്പോൾ അവർ ആശ്ചര്യഭരിതരായി ചോദിച്ചു: "ആരാണിത്?". അവനെ കണ്ടിട്ടുള്ളവർ രണ്ടാമതും സാക്ഷ്യം നൽകി: "ബലവാനും ശക്തനുമായ കർത്താവ്; അവനാണ് മഹത്ത്വത്തിന്റെ രാജാവ്" (സങ്കീ 24,6-10).

## 85. കാത്തിരിക്കുന്ന ന്യായവിധി

അവിടുന്ന് ഉയിർത്തെഴുന്നേറ്റ് സ്വർഗാരോഹണം ചെയ്തു. ന്യായവിധിക്കായി പിതാവ് നിശ്ചയിച്ചിരിക്കുന്ന സമയം നോക്കിപ്പാർത്തുകൊണ്ട് പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. അപ്പോൾ അവന്റെ ശത്രുക്കളെല്ലാം അവന് കീഴമർത്തപ്പെടും. സത്യത്തെ തിരസ്കരിച്ച മാലാഖമാരും പ്രധാന മാലാഖമാരും അധികാരങ്ങളും സിംഹാസനങ്ങളുമായി മത്സരിച്ചവരെല്ലാമാണ് തന്റെ ശത്രുക്കൾ. വാസ്തവത്തിൽ, അതേ പ്രവാചകൻ ദാവീദ് ഇപ്രകാരം പറയുന്നു: "കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ എന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക" (സങ്കീ 110,1). അവൻ എവിടെനിന്ന് താഴേക്കിറങ്ങിയോ, ആ സ്ഥലത്തേക്ക് അവൻ കയറി എന്ന് ദാവീദ് പറയുന്നു: "സ്വർഗത്തിന്റെ അതിർത്തിയിൽ നിന്നാണ് അവൻ പുറപ്പെട്ടത്; സ്വർഗത്തിന്റെ അതിർത്തിയിലാണ് അവന്റെ വിശ്രമസ്ഥലം". പിന്നീട്, ന്യായവിധിയെപ്പറ്റി പരാമർശിച്ചുകൊണ്ട് അവൻ പറയുന്നു: "അവന്റെ ചൂടിൽനിന്ന് മറഞ്ഞിരിക്കാൻ കഴിയുന്നവൻ ആരുമില്ല" (സങ്കീ 19,6).

www.malankaralibrary.com



## D. ക്രിസ്തു പുതിയനിയമത്തിൽ

### 86. പ്രവാചകന്മാരും ശ്ലൈഹികപ്രബോധനവും

ദൈവപുത്രൻ ഭൂമിയിൽ പ്രത്യക്ഷപ്പെടുമെന്ന് പ്രവാചകന്മാർ പ്രവചിച്ചിരുന്നു; അവൻ ഭൂമിയിൽ ഏതുസ്ഥലത്ത് എങ്ങനെ ജനിക്കുമെന്നും അവൻ ഏതുതരത്തിലുള്ള മനുഷ്യനായി കാണപ്പെടുമെന്നും അവർ പ്രവചിച്ചിരുന്നു. കർത്താവ് ഈ പ്രവചനങ്ങളെല്ലാം പൂർത്തിയാക്കി. അങ്ങനെയെങ്കിൽ അവനിലുള്ള നമ്മുടെ വിശ്വാസം അടിയുറച്ചതാണ്; പ്രഘോഷണ പാരമ്പര്യം സത്യസന്ധവുമാണ്. അതായത്, കർത്താവ് അയച്ച ശ്ലീഹന്മാരുടെ സാക്ഷ്യം. പീഡനങ്ങൾക്കായി ദൈവപുത്രൻ എത്തിയെന്നും മരണത്തെ തകർക്കാനും ജഡത്തിനു ജീവൻ പകരാനും എല്ലാം സഹിച്ചെന്നും അവർ സമസ്തലോകത്തോടും പ്രഘോഷിച്ചു. ദൈവത്തോടുള്ള ശത്രുത, അതായത് ദുഷ്ടത ദൂരെയകറ്റി, അവന് സ്വീകാര്യമായതു പ്രവർത്തിച്ചുകൊണ്ട് അവനോട് രമ്യപ്പെടണമെന്നും അവർ ഉപദേശിച്ചു. ഇതേപ്പറ്റി പ്രവാചകന്മാർ താഴെപ്പറയുന്ന വാക്കുകളിൽ മുന്നറിയിച്ചിരുന്നതാണ്: "സമാധാനത്തിന്റെ സദ്വാർത്തകൾ കൊണ്ടുവരുന്നവരുടെയും നല്ല വസ്തുക്കളുടെ സദ്വാർത്തകൾ കൊണ്ടുവരുന്നവരുടെയും പാദങ്ങൾ എത്ര മനോഹരമാണ്" (ഏശാ 52,7). അവർ നമ്മോടു ദൈവവചനം അറിയിക്കാൻ യൂദയായിൽ നിന്നും ജറുസേലമിൽനിന്നും വരേണ്ടിയിരുന്നു. ഈ ദൈവവചനമാണ് നമ്മുടെ നിയമം. ഇതേപ്പറ്റി ഏശായാ ഇപ്രകാരം പറയുന്നു: "സീയോനിൽ നിന്നു നിയമം വരും; ജറുസലേമിൽ നിന്ന് കർത്താവിന്റെ വചനവും" (2,3). അതു ലോകം മുഴുവൻ പ്രഘോഷിക്കേണ്ടതാണെന്ന് ദാവീദും പറയുന്നു: "അവരുടെ ശബ്ദം ലോകം മുഴുവൻ എത്തിയിരിക്കുന്നു; അവരുടെ വാക്കുകൾ ഭൂമിയുടെ അതിർത്തികൾ വരെയും" (സങ്കീ 19,4).

### 87. നിയമത്തെ മറികടക്കുന്ന സ്നേഹം

നിയമത്തിലെ വാക്കുകൾ അനുസരിച്ചല്ല, പിന്നെയോ, വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അളവനുസരിച്ചാണ് മനുഷ്യർ രക്ഷിക്കപ്പെടുക. ഏശായാ ഇപ്രകാരം പറയുന്നു: "നീതിയിൽ ചുരുക്കിയ ഒരു വചനം. എന്തുകൊണ്ടെന്നാൽ ദൈവം

www.malankaralibrary.com



ഭൂമിയുടെ മേലുള്ള വിധി ഉടൻതന്നെ നിർവഹിക്കും" (ഏശാ 10,23; റോമാ 9,28). അതുകൊണ്ട് പൗലോസ് ശ്ലീഹാ പറയുന്നു: "സ്നേഹം നിയമത്തിന്റെ പൂർത്തീകരണമാണ്" (13,10). എന്തുകൊണ്ടെന്നാൽ, കർത്താവിനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തിയാക്കുന്നു". ഒന്നാമത്തെ കല്പന ഏതാണെന്ന് ചോദിച്ചപ്പോൾ കർത്താവും ഇപ്രകാരം പറഞ്ഞു: "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും നിന്റെ സർവശക്തിയോടും കൂടെ സ്നേഹിക്കുക. രണ്ടാമത്തെ കല്പന ഇതിനു തുല്യമാണ്: നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക. ഈ രണ്ടു കല്പനകളിൽ സമസ്ത നിയമവും പ്രവാചകന്മാരും അധിഷ്ഠിതമായിരിക്കുന്നു" (മത്താ 22,37-40). അതുകൊണ്ട് തന്നിലുള്ള നമ്മുടെ വിശ്വാസത്തിലൂടെയും ദൈവത്തോടും നമ്മുടെ അയൽക്കാരോടുമുള്ള സ്നേഹത്തിലൂടെയും നമ്മെ ദൈവികരും നീതിമാന്മാരും നല്ലവരും ആക്കിക്കൊണ്ട് അവൻ സന്തുഷ്ടനായിരിക്കുന്നു. അങ്ങനെ അവൻ ഭൂമിയിൽ ഒരു ചെറിയ വാക്ക് നൽകിയിരിക്കുന്നു.

## 88. ക്രിസ്തു മഹത്ത്വത്തിൽ. അവൻ നമ്മെ വീണ്ടെടുത്തു

സ്വർഗാരോഹണത്തിനുശേഷം അവൻ എല്ലാറ്റിനുമുപരി മഹത്ത്വപ്പെടേണ്ടിയിരുന്നു. അവനെപ്പോലെയോ, അവനുമായി താരതമ്യപ്പെടുത്തത്തക്കവണ്ണമോ മറ്റൊരാളും ഇല്ല. തത്സംബന്ധമായി ഏശായാ ഇപ്രകാരം പറയുന്നു: "ആരുണ്ട് എന്നോടു മത്സരിക്കാൻ? നമുക്കു നേരിടാം. നീതീകരിക്കപ്പെട്ടവൻ ആര്? അവൻ കർത്താവിന്റെ പുത്രന്റെ അടുത്തേക്കു വരട്ടെ. പഴകിപ്പോകുകയും ഇരട്ടവാലൻ കരണ്ടുതിന്നുകയും ചെയ്യുന്ന വസ്ത്രംപോലെയുള്ള നിങ്ങൾക്കു ഹാ, കഷ്ടം! എല്ലാ ജഡവും മണ്ണിലേക്ക് വലിച്ചു താഴ്ത്തപ്പെടും; കർത്താവു മാത്രം മഹത്ത്വീകരിക്കപ്പെട്ടവരുടെ ഇടയിൽ മഹത്ത്വീകരിക്കപ്പെട്ടവനായിരിക്കും" (50,8f). ദൈവത്തെ സേവിച്ചവർ അവസാനത്തിൽ അവന്റെ നാമത്തിലൂടെ രക്ഷിക്കപ്പെടും എന്ന് ഏശായാ പറയുന്നു: "എന്നെ സേവിച്ചവർ മറ്റൊരു നാമത്താൽ വിളിക്കപ്പെടും. അത് ഭൂമിയിൽ അനുഗ്രഹിക്കപ്പെട്ടതായിരിക്കും. അവർ സത്യദൈവത്തെ വാഴ്ത്തും" (65,15-16). അവൻതന്നെ നേരിട്ട് ഈ അനുഗ്രഹങ്ങൾ കൊണ്ടുവരും എന്നതു സംബന്ധിച്ച് ഏശായാ ഇപ്രകാരം പറയുന്നു: "ഒരു മധ്യസ്ഥനോ, ഒരു മാലാഖയോ അല്ല, കർത്താവുതന്നെ അവർക്ക്

www.malankaralibrary.com



ജീവൻ നൽകിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൻ അവരെ സ്നേഹിക്കുകയും അവരോടു കരുണ കാണിക്കുകയും ചെയ്യുന്നു. അവൻ തന്നെ അവരെ രക്ഷിച്ചിരിക്കുന്നു"(63,9).

## 89. ആത്മാവ് നിയമത്തെ ഉല്ലംഘിക്കുന്നു

ക്രിസ്തു നിയമത്തെ പൂർണമാക്കിയതിനാൽ, രക്ഷിക്കപ്പെടേണ്ടവരെ വീണ്ടും മോശയുടെ നിയമത്തിൻ കീഴിൽ കൊണ്ടുവരാൻ ആഗ്രഹിച്ചില്ല. വിശ്വാസത്തിലൂടെയും ദൈവപുത്രനോടുള്ള സ്നേഹത്തിലൂടെയും വചനത്താൽ നവീകരണത്തിൽ സ്വതന്ത്രരായി തീരണം എന്ന് അവിടുന്ന് നിശ്ചയിച്ചു. അതേപ്പറ്റി ഏശായാ ഇപ്രകാരം പറയുന്നു: "കഴിഞ്ഞ കാര്യങ്ങൾ ഓർക്കുകയോ, ആരംഭം മുതലുള്ളവയെ ശ്രദ്ധിക്കുകയോ വേണ്ട. ഇതാ, ഞാൻ പുതിയ കാര്യം ചെയ്യുന്നു; അതിപ്പോൾ മുളയെടുക്കുകയും നിങ്ങൾ അറിയുകയും ചെയ്യും. എന്നെ സ്തുതിച്ചു പ്രകീർത്തിക്കാൻ ഞാൻ എന്റെ സ്വന്തമാക്കിയ എന്റെ ജനത്തിനും എന്റെ തെരഞ്ഞെടുക്കപ്പെട്ട വംശത്തിനും ദാഹജലം നൽകാൻ ഞാൻ മരുഭൂമിയിൽ ഒരു പാതയും വരണ്ടനിലത്ത് നദികളും ഉണ്ടാക്കും (43,18-21). "മരുഭൂമിയും വരണ്ടനിലവും" ആയിരുന്നു മുമ്പ് വിജാതീയരുടെ വിളി. കാരണം, വചനം അവരുടെ ഇടയിലൂടെ നടന്നില്ല; ദൈവികതയുടെയും നീതിയുടെയും നവീനപാത സജ്ജമാക്കിയ പരിശുദ്ധാത്മാവിനെ അവർക്ക് പാനംചെയ്യാൻ നൽകിയതുമില്ല. അന്ത്യനാളുകളിൽ ഭൂമി മുഴുവൻ ആത്മാവിനെ വർഷിക്കുമെന്ന് പ്രവാചകരിലൂടെ അവൻ വാഗ്ദാനം ചെയ്തതനുസരിച്ച് (യോയേൽ 2,26-29), ഭൂമിയിൽ പരിശുദ്ധാത്മാവിനെ വർഷിക്കാനായി അവൻ സമൃദ്ധമായി നദികളൊഴുക്കിയിരിക്കുന്നു.

## 90. ആത്മാവിന്റെ പുതുക്കം. പുതിയ ഉടമ്പടി

ജറമിയാ പ്രവചിച്ചതുപോലെ, നമ്മുടെ വിളി ആത്മാവിന്റെ പുതുക്കത്തിലാണ്, അക്ഷരത്തിന്റെ പഴക്കത്തിലല്ല (റോമാ 7,6) : "കർത്താവ് അരുളിച്ചെയ്യുന്നു: ഇസ്രായേൽ ഗോത്രത്തോടും യൂദാഗോത്രത്തോടും ഞാൻ ഒരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസം, ഇതാ വരുന്നു. ഞാൻ അവരെ കൈക്കു പിടിച്ച് ഈജിപ്തിൽ നിന്നു കൊണ്ടുവന്ന നാളിൽ അവരുടെ പിതാക്കന്മാരോടു ചെയ്ത ഉടമ്പടിപോലെ ആയിരിക്കുകയില്ല അത്. എന്തുകൊണ്ടെന്നാൽ

www.malankaralibrary.com



അവർ ഉടമ്പടിയിൽ ഉറച്ചുനിന്നില്ല, ഞാൻ അവരെ പരിഗണിച്ചുമില്ല - കർത്താവ് അരുളിച്ചെയ്യുന്നു. ആ ദിവസം വരുമ്പോൾ, ഞാൻ ഇസ്രായേലുമായി ചെയ്യുന്ന ഉടമ്പടി ഇതായിരിക്കും: ഞാൻ എന്റെ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും. ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവും ആയിരിക്കും. 'കർത്താവിനെ അറിയുക' എന്ന് ഇനി ആരും സഹോദരനെയോ, അയൽക്കാരനെയോ പഠിപ്പിക്കേണ്ടിവരികയില്ല. വലിപ്പച്ചെറുപ്പമെന്യേ അവർ എല്ലാവരും എന്നെ അറിയും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. അവരുടെ അകൃത്യത്തിനു ഞാൻ മാപ്പു നൽകും; അവരുടെ പാപങ്ങൾ മേലിൽ ഓർക്കുകയുമില്ല" (31,31-34).

## 91. വിജാതീയർ ഉടമ്പടിയുടെ അവകാശികൾ

വിജാതീയരുടെ വിളിയിലൂടെയാണ് ഈ വാഗ്ദാനങ്ങൾ അവകാശമാക്കേണ്ടത്; അവരിലാണ് പുതിയ ഉടമ്പടി തുറന്നത്. തത്സംബന്ധമായി ഏശായാ പറയുന്നു: "അന്ന് ജനം തങ്ങളുടെ സ്രഷ്ടാവിനെ കുറിച്ചു ചിന്തിക്കുകയും ഇസ്രായേലിന്റെ പരിശുദ്ധനിലേക്കു തങ്ങളുടെ കണ്ണുകൾ ഉയർത്തുകയും ചെയ്യും. അവർ തങ്ങളുടെ കരവേലയായ ബലിപീഠങ്ങളിലോ, തങ്ങളുടെ വിരലുകളുടെ വേലയായ വസ്തുക്കളിലോ, തങ്ങളുടെ പ്രത്യാശ വയ്ക്കുകയില്ല" (17,7-8). വിഗ്രഹങ്ങളെ ഉപേക്ഷിച്ച് ഇസ്രായേലിന്റെ പരിശുദ്ധനിലൂടെ നമ്മുടെ സ്രഷ്ടാവായ ദൈവത്തിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചാണ് വളരെ സ്പഷ്ടമായി ഇപ്രകാരം പറഞ്ഞിരിക്കുന്നത്; ക്രിസ്തുവാണ് ഇസ്രായേലിന്റെ പരിശുദ്ധൻ. അവൻ മനുഷ്യർക്കു പ്രത്യക്ഷനായി. നാം അവനെ ഹൃദയപൂർവം സ്വീകരിച്ചു. പൂജാപീഠങ്ങളിലോ, നമ്മുടെ കരവേലകളിലോ നാം പ്രത്യാശ വയ്ക്കുന്നില്ല.

## 92. വിജാതീയർ അവനെ ദർശിച്ചു

അവിടുന്ന് നമ്മുടെ ഇടയിൽ കാണപ്പെട്ടു; ദൈവപുത്രൻ മനുഷ്യപുത്രനായിത്തീർന്നു; അജ്ഞതയിൽ കഴിഞ്ഞിരുന്ന നാം അവനെ ദർശിച്ചു. ഇതേപ്പറ്റി വചനംതന്നെ ഏശായായിൽ ഇപ്രകാരം പറയുന്നു: "എന്നെപ്പറ്റി ആരായാത്തവർക്ക് ഞാൻ വെളിപ്പെട്ടു; എന്നെ തേടാത്തവർക്ക് ഞാൻ ദർശനമരുളി. എന്റെ നാമം

www.malankaralibrary.com



വിളിച്ചപേക്ഷിക്കാത്ത ജനതയോട്, 'ഇതാ, ഞാൻ ഇവിടെ' എന്നു ഞാൻ പറഞ്ഞു (65,1).

## 93. വിശുദ്ധ ജനമായി തീരേണ്ട വിജാതീയർ

ഈ ആളുകൾ ഒരു വിശുദ്ധജനം ആയിത്തീരാനുള്ളവരാണെന്ന് പന്ത്രണ്ടു പ്രവാചകരിൽ ഒരാളായ ഹോശിയായിലൂടെ അറിയിക്കപ്പെട്ടിരുന്നു:"എന്റെ ജനമല്ലാത്തവരെ എന്റെ ജനമെന്നും, പ്രിയപ്പെട്ടവൾ അല്ലാത്തവളെ പ്രിയപ്പെട്ടവൾ എന്നും ഞാൻ വിളിക്കും. നിങ്ങൾ എന്റെ ജനമല്ല എന്നു പറയപ്പെട്ട അതേ സ്ഥലത്തു വച്ച്, ജീവിക്കുന്ന ദൈവത്തിന്റെ മക്കൾ എന്ന് അവർ വിളിക്കപ്പെടും. (2,23f; 1,10; റോമാ 9, 25-26). അതായത്, 'കല്ലുകളിൽ നിന്ന് മക്കളെ എഴുന്നേൽപ്പിക്കാൻ അബ്രഹാമിനു കഴിയും' എന്ന് സ്നാപക യോഹന്നാൻ പറഞ്ഞതുപോലെയുമാണിത് (മത്താ 3,9). കല്ലുകളുടെ ശുശ്രൂഷയിൽനിന്ന് വിശ്വാസത്തിലൂടെ ഹൃദയം അകറ്റപ്പെട്ട നാം ദൈവത്തെ കാണുകയും വിശ്വാസത്താൽ നീതീകരിക്കപ്പെട്ട അബ്രഹാമിന്റെ മക്കളായി തീരുകയും ചെയ്യും. അതുകൊണ്ട് എസക്കിയേൽ പ്രവാചകനിലൂടെ ദൈവം പറയുന്നു: "ഞാൻ അവർക്ക് ഒരു നവഹൃദയം നൽകും; ഞാൻ അവരിൽ ഒരു നവചൈതന്യം നിക്ഷേപിക്കും. ഞാൻ അവരുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തുമാറ്റുകയും മാംസളഹൃദയം നൽകുകയും ചെയ്യും. അങ്ങനെ അവർ എന്റെ കല്പനകൾ കാക്കുന്നവരും എന്റെ ന്യായവിധികൾ സംരക്ഷിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നവരുമാകും. അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവും ആയിരിക്കും" (36,26-28).

## 94. സിനഗോഗിനേക്കാൾ സഭ സമൃദ്ധയാണ്

"വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" എന്ന് ശിഷ്യനായ യോഹന്നാൻ പറയുന്നതുപോലെ (1,14), അവൻ അവതരിച്ച് മനുഷ്യരുടെ ഇടയിൽ വസിച്ചപ്പോൾ ദൈവവചനത്തിലൂടെ, പുതിയ വിളിയിലൂടെ, വിജാതീയർക്ക് ഹൃദയപരിവർത്തനം ഉണ്ടായി. ഇക്കാരണത്താലും രക്ഷിക്കപ്പെട്ടവരുടെ വലിയ സമൂഹത്തിന്റെ ഫലം സഭയിലുണ്ടാകുന്നു. മോശ, ഏലിയ എന്നു തുടങ്ങിയ മധ്യസ്ഥന്മാരല്ല, പിന്നെയോ, കർത്താവു തന്നെയാണു നമ്മെ രക്ഷിച്ചത്. പഴയ സിനഗോഗിനു നൽകിയതിനേക്കാൾ

www.malankaralibrary.com



കൂടുതൽ മക്കളെ അവിടുന്ന് സഭയ്ക്കു നൽകുന്നു. "പ്രസവിക്കാത്ത വന്ധ്യയേ, ആനന്ദിക്കുക" എന്ന് ഏശായാ പറയുന്നു. സഭയായിരുന്നു വന്ധ്യ. മുൻകാലങ്ങളിൽ അവൾ ദൈവത്തിന് മക്കളെ പ്രസവിച്ചില്ല - ഏശായാ തുടരുന്നു: "പ്രസവവേദന അനുഭവിക്കാത്തവളേ, ആർപ്പുവിളിക്കുക. എന്തുകൊണ്ടെന്നാൽ ഭർതൃമതിക്കെന്നതിനേക്കാൾ മക്കൾ ഉപേക്ഷിക്കപ്പെട്ടവൾക്കുണ്ട്" - മുൻ സിനഗോഗിന് നിയമം എന്ന ഭർത്താവ് ഉണ്ടായിരുന്നു (ഏശാ 54,1; ഗലാ 4,27).

## 95. ഇസ്രായേലിനു പകരം വിജാതീയർ

വിജാതീയർ ശിരസ്സായി തീരുമെന്നും വിശ്വസിക്കാത്ത ജനം വാലായി തീരുമെന്നും ആവർത്തനപുസ്തകത്തിൽ മോശ പറയുന്നു (28,44). അവൻ വീണ്ടും ഇപ്രകാരം പറയുന്നു:"ദൈവം അല്ലാത്തതിനെക്കൊണ്ട് നിങ്ങൾ എന്നിൽ അസൂയ ഉണർത്തി; മിഥ്യാമൂർത്തികളാൽ നിങ്ങൾ എന്നെ പ്രകോപിപ്പിച്ചു. അതുകൊണ്ട്, ജനം അല്ലാത്തവരെ കൊണ്ട് ഞാൻ നിങ്ങളിൽ അസൂയ ഉണർത്തും; ഭോഷന്മാരായ ജനതയെ കൊണ്ട് ഞാൻ നിങ്ങളെ പ്രകോപിപ്പിക്കും" (32,21). അവർ യഥാർത്ഥ ദൈവത്തെ ഉപേക്ഷിക്കുകയും കപട ദേവന്മാർക്ക് സേവനം നടത്തുകയും ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുകയും ബാലിനുവേണ്ടി പ്രവചിക്കുകയും ചെയ്തു. കനാന്യർക്കു ബാലിന്റെ ഒരു വിഗ്രഹം ഉണ്ടായിരുന്നു. അവർ യഥാർത്ഥ ദൈവപുത്രനെ നിന്ദിക്കുകയും നിരസിക്കുകയും കൊലപാതകത്തിൽ പിടിക്കപ്പെട്ട കൊള്ളക്കാരനായ ബറാബാസിനെ തെരഞ്ഞെടുക്കുകയും നിത്യരാജാവിനെ തള്ളിപ്പറയുകയും തങ്ങളുടെ രാജാവായി ഭൗമികസീസറിനെ അംഗീകരിക്കുകയും ചെയ്തു. അതുകൊണ്ട്, വിഡ്ഢികളായ വിജാതീയർക്ക്, ദൈവത്തിന്റെ പൗരന്മാർ അല്ലാത്തവരും ദൈവം ആരെന്ന് അറിയാത്തവരുമായ ജനതകൾക്ക്, തന്റെ അവകാശം നൽകാൻ ദൈവം തിരുമനസ്സായി. അന്നുമുതൽ ഈ വിളിയിലൂടെയാണ് ജീവൻ നൽകപ്പെടുന്നത്. തന്നിലുള്ള അബ്രഹാമിന്റെ വിശ്വാസം ദൈവം നമ്മിൽ പുനഃസ്ഥാപിച്ചു. അതുകൊണ്ട് നാം മേലിൽ മുൻകാല നിയമസംഹിതകളിലേക്കു പിൻതിരിയാൻ പാടില്ല. നിയമത്തിന്റെ കർത്താവായ ദൈവപുത്രനെ തന്നെ നമുക്കു ലഭിച്ചിരിക്കുന്നു; അവനിലുള്ള വിശ്വാസത്തിലൂടെ, നമ്മുടെ പൂർണഹൃദയത്തോടെ ദൈവത്തെ

www.malankaralibrary.com



സ്നേഹിക്കാനും നമ്മുടെ അയൽക്കാരെ നമ്മെപ്പോലെ സ്നേഹിക്കാനും നാം പഠിച്ചിരിക്കുന്നു; ദൈവസ്നേഹം പാപമാലിന്യം ഏശാത്തതാണ്; സഹോദരസ്നേഹം അയൽക്കാരന് ഒരു തിന്മയും ചെയ്യുന്നില്ല (റോമാ 13,10).

## 96. നമുക്ക് "നിയമത്തിന്റെ" ആവശ്യമില്ല

അതുകൊണ്ട് വഴികാട്ടി എന്ന നിലയിൽ നമുക്ക് നിയമത്തിന്റെ ആവശ്യമില്ല. ഇതാ, നാം തിന്മയ്ക്കു ശിശുക്കളും എല്ലാ നീതിയിലും വെടിപ്പിലും ശക്തരും ആയിത്തീർന്ന്, പിതാവുമായി അഭിമുഖ സംഭാഷണം നടത്തുന്നു. കാരണം, മറ്റൊരാളുടെ ഭാര്യയെ മോഹിക്കുക എന്ന ചിന്തപോലും ഇല്ലാത്തവനോട് "നീ വ്യഭിചാരം ചെയ്യരുത്" എന്ന് നിയമം പറയേണ്ട കാര്യമില്ല. അഥവാ, തന്നിൽ നിന്ന് എല്ലാ കോപവും വിദ്വേഷവും നീക്കിക്കളഞ്ഞവനോട്, "കൊല്ലരുത്" എന്ന് നിയമം പറയുകയില്ല. അല്ലെങ്കിൽ, ഭൗമിക വസ്തുക്കൾ വാരിക്കൂട്ടാതെ, സ്വർഗത്തിൽ സമ്പാദ്യം കരുതി വയ്ക്കുന്നവനോട് "അന്യന്റെ നിലമോ, കാളയെയോ, കഴുതയെയോ" ആഗ്രഹിക്കരുത് എന്ന് പറയുകയില്ല. അല്ലെങ്കിൽ, ഒരുത്തനെയും തന്റെ ശത്രുവായി കരുതാതെ, എല്ലാവരെയും തന്റെ അയൽക്കാരായി കരുതുകയും അതുകൊണ്ടുതന്നെ പ്രതികാരത്തിനായി തന്റെ കൈനീട്ടാൻപോലും കരുതാത്തവനോട് "കണ്ണിനു കണ്ണ്, പല്ലിനു പല്ല്" എന്ന് നിയമം പറയുകയില്ല. അല്ലെങ്കിൽ, തന്റെ സമ്പാദ്യം മുഴുവൻ ദൈവത്തിന് സമർപ്പിക്കുകയും തന്റെ മാതാപിതാക്കളെയും ബന്ധുമിത്രാദികളെയും വിട്ടിട്ട്, ദൈവവചനത്തെ പിൻചെല്ലുകയും ചെയ്യുന്നവനോട് നിയമം ദശാംശം ചോദിക്കുകയില്ല. അഥവാ, നിരന്തരം സാബത് ആചരിക്കുന്നവനോട്, അതായത്, മനുഷ്യശരീരമാകുന്ന ദേവാലയത്തിൽ ദൈവത്തിന് ആരാധന അർപ്പിക്കുകയും സദാ നീതിയുടെ പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നവനോട് ഒരു ദിവസത്തെ വിശ്രമം അലസമായി ചെലവഴിക്കാൻ അതു കല്പിക്കയില്ല. എന്തുകൊണ്ടെന്നാൽ, അവിടുന്ന് അരുളിച്ചെയ്യുന്നു: "ഞാൻ ബലിയല്ല കാരുണ്യമാണ് ആഗ്രഹിക്കുന്നത്; ദഹനബലിയേക്കാൾ ദൈവത്തെപ്പറ്റിയുള്ള ജ്ഞാനമാണ് ഞാൻ കാംക്ഷിക്കുന്നത്" (ഹോശാ 6,6). എന്നാൽ "കാളക്കുട്ടിയെ ബലി കഴിക്കുന്ന നീതിരഹിതർ പട്ടിയെ അർപ്പിക്കുന്നതുപോലെയാണ്; ധാന്യബലി അർപ്പിക്കുന്ന അത്തരക്കാരൻ

www.malankaralibrary.com



പന്നിയുടെ രക്തം അർപ്പിക്കുന്നതുപോലെയുമാണ്" (ഏശാ 66,3). "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരെല്ലാം രക്ഷിക്കപ്പെടും" (യോയേൽ 2,32; നട 2,21; റോമാ 10,13). ദൈവപുത്രനായ യേശുക്രിസ്തു എന്ന ദൈവനാമമല്ലാതെ ആകാശത്തിൻ കീഴിൽ മനുഷ്യർക്കു രക്ഷ പ്രാപിക്കാൻ കർത്താവിന്റെ മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല (നട 4,12); അവനെ പിശാചുക്കളും ദുഷ്ടാരൂപികളും മത്സരശക്തികളും പോലും അനുസരിക്കുന്നു (മർക്കോ 1,27).

## 97. സർവശക്തന്റെ സമീപസ്ഥമായ സഹായം

പൊന്തിയോസ് പീലാത്തോസിന്റെ കാലത്ത് ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിന്റെ നാമത്തിൽ മനുഷ്യരിൽ നിന്ന് സാത്താൻ പുറത്താക്കപ്പെടുന്നു. അവനിൽ വിശ്വസിക്കുകയും അവന്റെ തിരുവിഷ്ടം നിറവേറ്റുകയും ചെയ്തുകൊണ്ട് ആര് എവിടെനിന്ന് അവനെ വിളിച്ചപേക്ഷിച്ചാലും, ശുദ്ധഹൃദയത്തോടെ അവനെ വിളിച്ചപേക്ഷിക്കുന്നവരുടെ യാചനകൾ സാധിച്ചുകൊണ്ട്, അവൻ വന്ന് അടുത്തു നില്ക്കുന്നു. ഇപ്രകാരം, രക്ഷപ്രാപിച്ചുകൊണ്ട്, തന്റെ അന്വേഷണാതീതവും പരിശോധനാതീതവുമായ മഹാജ്ഞാനത്തിലൂടെയും സ്വർഗത്തിൽനിന്നുള്ള രക്ഷയുടെ പ്രഘോഷകനിലൂടെയും രക്ഷകനായ ദൈവത്തിനു നാം നിരന്തരം കൃതജ്ഞത അർപ്പിക്കുന്നു. നമ്മുടെ കർത്താവ് ദൃശ്യനായി എഴുന്നെള്ളി; അതായത് അവിടുന്ന് മനുഷ്യനായി അവതരിച്ചു - ഇത് സ്വീകരിക്കാൻ ഞങ്ങൾക്ക് കഴിവുണ്ടായിട്ടല്ല; പിന്നെയോ, "മനുഷ്യർക്ക് അസാധ്യമായവ ദൈവത്തിനു സാധ്യമാണ് (ലൂക്കാ 18,27). തിരുലിഖിതം ഇതേപ്പറ്റി ഇപ്രകാരം പറയുന്നു: "ആരാണ് സ്വർഗത്തിൽ കയറി അവളെ പിടിച്ച് മേഘത്തിൽ നിന്നു താഴെ കൊണ്ടുവന്നത്? ആരാണ് സമുദ്രം കടന്ന് അവളെ കണ്ടെത്തുകയും തനിസ്വർണം കൊടുത്ത് അവളെ കൂട്ടിക്കൊണ്ടു വരികയും ചെയ്തത്? അവളുടെ മാർഗം കണ്ടെത്തിയവരോ, അവളുടെ മാർഗത്തെ ഗ്രഹിക്കുന്നവരോ ഇല്ല. എന്നാൽ എല്ലാം അറിയുന്നവൻ തന്റെ വിജ്ഞാനം കൊണ്ട് അവളെ അറിയുന്നു; എന്നേക്കുമായി ധരയെ സജ്ജമാക്കുകയും തടിച്ചുകൊഴുത്ത കന്നുകാലികളെ കൊണ്ട് അതിനെ നിറയ്ക്കുകയും ചെയ്തവൻ, പ്രകാശം അയയ്ക്കുന്നു, അതു കടന്നുപോകുന്നു; അവൻ അതിനെ വിളിക്കുകയും അത് ഭയത്തോടുകൂടെ അവനെ അനുസരിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



നക്ഷത്രങ്ങൾ തങ്ങളുടെ നിശ്ചിതയാമങ്ങളിൽ ശോഭയോടെ തിളങ്ങി പ്രകാശിക്കുന്നു. അവിടുന്ന് അവയെ വിളിച്ചു. ഇതാ, ഞങ്ങൾ എന്ന് അവ പ്രത്യുത്തരിച്ചു. തങ്ങളെ സൃഷ്ടിച്ചവനുവേണ്ടി അവ സന്തോഷപൂർവം മിന്നിത്തിളങ്ങി. ഇതാണു നമ്മുടെ ദൈവം; അവിടുത്തോടു തുലനം ചെയ്യാൻ ഒന്നുമില്ല. അവിടുന്ന് എല്ലാ വഴികളും ഗ്രഹിച്ചറിയുകയും തന്റെ ദാസനായ യാക്കോബിനും തന്റെ പ്രിയപ്പെട്ട ഇസ്രായേലിനും അതു നല്കുകയും ചെയ്തു. അനന്തരം അവൻ ധരയിൽ കാണപ്പെടുകയും മനുഷ്യരുമായി ഇടപഴകുകയും ചെയ്തു. എന്നേക്കുമുള്ള ദൈവകല്പനകളുടെയും നിയമത്തിന്റെയും ഗ്രന്ഥമിതാണ്. അതു കാക്കുന്നവർ ജീവിക്കും; അതു നിരസിക്കുന്നവർ മരിക്കും" (ബാറൂക്ക് 3,29-4,1). എന്നാൽ യാക്കോബിനെയും ഇസ്രായേലിനെയും അവൻ ദൈവപുത്രൻ എന്നു വിളിക്കുന്നു. അവൻ പിതാവിൽനിന്ന് നമ്മുടെ ജീവന്റെ മേൽ അധികാരം പ്രാപിച്ചു. അതു സ്വീകരിക്കുകയും അവനിൽ നിന്ന് വളരെ അകലെ കഴിഞ്ഞ നമ്മുടെ പക്കലേക്ക് അത് ഇറക്കിക്കൊണ്ടുവരികയും ചെയ്തു. അവൻ ഭൂമിയിൽ കാണപ്പെട്ടു; മനുഷ്യരുടെ ഇടയിൽ വ്യാപരിച്ചു. മനുഷ്യർ ദൈവത്തിന്റെ ഛായയും സാദൃശ്യവും ആയിത്തീരാനായി പിതാവായ ദൈവത്തിന്റെ ആത്മാവിനെ ദൈവം നിർമിച്ചതുമായി അവൻ ഐക്യപ്പെടുത്തി.

## 98. ഉപസംഹാരം

പ്രിയപ്പെട്ടവനേ, പ്രവാചകന്മാർ പ്രഘോഷിച്ചതും ക്രിസ്തു യാഥാർത്ഥ്യവൽക്കരിച്ചതും ശ്ലീഹന്മാർ കൈമാറിത്തന്നതും തന്റെ മക്കൾക്ക് ലോകം മുഴുവൻ സഭ കൈമാറിക്കൊടുത്തതുമായ സത്യപ്രഘോഷണം ഇതാകുന്നു; ഇതാണ് നമ്മുടെ രക്ഷാരീതി; ഇതാണ് ജീവവഴി. വളരെ സുരക്ഷിതമായും സന്മനോഭാവത്തോടുകൂടിയും സത്പ്രവൃത്തികളിലൂടെയും ശരിയായ ധാർമ്മിക ജീവിതത്തിലൂടെയും ദൈവത്തിനു പ്രീതികരമായ രീതിയിലും ഇതു കാത്തുസൂക്ഷിക്കണം.

## 99. ത്രിത്വത്തിലെ ആളുകൾക്കെതിരെയുള്ള തെറ്റുകൾ

പാഷണ്ഡികൾ ചിന്തിക്കുന്നതുപോലെ, നമ്മുടെ നിർമാതാവ് അല്ലാതെ, മറ്റേതോ പിതാവായ ദൈവം ഉണ്ടെന്ന് ആരും

www.malankaralibrary.com



ചിന്തിക്കാതിരിക്കട്ടെ; അവർ യഥാർത്ഥ ദൈവത്തെ നിന്ദിക്കുകയും അയഥാർത്ഥമായതിന്റെ വിഗ്രഹം ഉണ്ടാക്കുകയും നമ്മുടെ സ്രഷ്ടാവിന് ഉപരിയായി ഒരു പിതാവിനെ തങ്ങൾക്കായി സൃഷ്ടിക്കുകയും സത്യത്തെക്കാൾ വലുതായ എന്തോ ഒന്ന് സ്വന്തമായി കണ്ടെത്തിയെന്ന് കരുതുകയും ചെയ്യുന്നു. “കപട ഗ്നോസിസിന്റെ വിവരണവും ഖണ്ഡനവും” എന്ന നമ്മുടെ കൃതിയിൽ നാം കാണിച്ചിരിക്കുന്നതുപോലെ, അവരെല്ലാം ദുഷ്ട മനുഷ്യരും തങ്ങളുടെ സ്രഷ്ടാവിനും പിതാവിനും എതിരെ ദൂഷണം പറയുന്നവരുമാണ്. വീണ്ടും, മറ്റുചിലർ ദൈവപുത്രന്റെ വരവിനെയും അവന്റെ മനുഷ്യാവതാര വ്യാപാരത്തെയും നിന്ദിക്കുന്നു; ശ്ലീഹന്മാർ രക്ഷാകരസന്ദേശം നമുക്ക് കൈമാറിത്തന്നു; നാം ചുരുക്കമായി കാണിച്ചതുപോലെ, അതു മനുഷ്യകുലത്തിന്റെ സമാഹരണം ആയിരിക്കും എന്ന് പ്രവാചകന്മാർ മുൻകൂട്ടി പ്രവചിച്ചിരുന്നു. നിന്ദകരെയെല്ലാം അവിശ്വാസികളുടെ കൂട്ടത്തിൽ ഗണിക്കേണ്ടതാണ്. മറ്റുചിലർ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ അംഗീകരിക്കുന്നില്ല; പ്രവചനവരത്തെ അവർ നിരസിക്കുകയും ചെയ്യുന്നു. അതുകൊ ണ്ടുള്ള തളിക്കലാലാണ് മനുഷ്യർ ദൈവത്തിനു ജീവഫലം പുറപ്പെടുവിക്കുന്നത്. “അവർ ഇല കൊഴിഞ്ഞ കരുവേലകവൃക്ഷം പോലെയും വെള്ളം ഇല്ലാത്ത തോട്ടം പോലെയും ആകും” എന്ന് ഏശായാ പറഞ്ഞത് ഇത്തരക്കാരെപ്പറ്റിയാണ് (1,30). അവർക്ക് യാതൊരു ഫലവും പുറപ്പെടുവിക്കാൻ കഴിയാത്തതിനാൽ, അവർ ദൈവത്തിന് യാതൊരു തരത്തിലും ഉപകരിക്കുകയില്ല.

### 100. പാഷണ്ഡികളെ സംബന്ധിച്ചു കരുതലുള്ളവരായിരിക്കണം

അതുകൊണ്ട്, നമ്മുടെ മുദ്രയുടെ മൂന്ന് വിശ്വാസസത്യങ്ങളെ സംബന്ധിച്ചുള്ള തെറ്റ്, സത്യത്തിൽനിന്നുള്ള നിരവധി അലഞ്ഞുതിരിയലുകൾക്ക് ഇട നൽകിയിട്ടുണ്ട്. കാരണം, അവർ ഒന്നുകിൽ പിതാവിനെ നിന്ദിക്കുന്നു, അല്ലെങ്കിൽ പുത്രനെ അംഗീകരിക്കുന്നില്ല; തന്റെ മനുഷ്യാവതാര വ്യാപാരത്തിനെതിരെ അവർ സംസാരിക്കുന്നു; അല്ലെങ്കിൽ പരിശുദ്ധാത്മാവിനെ അംഗീകരിക്കുന്നില്ല; അതായത്, പ്രവചനത്തെ അവർ നിരസിക്കുന്നു. നാം യഥാർത്ഥത്തിൽ ദൈവത്തെ പ്രീതിപ്പെടുത്തുകയും അവനിൽനിന്ന് രക്ഷ സ്വീകരിക്കുകയും ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിൽ, ഇത്തരം

www.malankaralibrary.com



മനുഷ്യരെ സംബന്ധിച്ച് കരുതലുള്ളവരായിരിക്കുകയും അവരുടെ വഴിക ളിൽനിന്ന് ഓടിയകലുകയും ചെയ്യണം.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പരിപാവനമായ ത്രിത്വൈക ദൈവത്തിനു സ്തുതി. ആമ്മീൻ.

ഈ ഗ്രന്ഥത്തിന്റെ ഉടമസ്ഥനും വിശുദ്ധരാജാവിന്റെ സഹോദരനും അതിഭാഗ്യവാനായ നാഥനും ദൈവതുല്യനുമായ ആർച്ചുബിഷപ് യോഹന്നാനെയും ഇതെഴുതിയ ബലഹീനനായ എഴുത്തുകാരനെയും കർത്താവിൽ അനുസ്മരിക്കുക.

www.malankaralibrary.com

# പദസൂചിക


അബ്രഹാം 25,33

അബ്രഹാമിനോടുള്ള വാഗ്ദാന പൂർത്തീകരണം 33

അമർത്യത 19

അമ്മാനുവേൽ 47

അവിശ്വാസികൾക്കുള്ള ശിക്ഷാവിധി 48

അഴിവില്ലായ്മ 30

അറിവിന്റെ വൃക്ഷം 19

അറിവിന്റെ വൃക്ഷവും കുരിശും 32

ആത്മാവിന്റെ പുതുക്കം 68

ആത്മാവും നിയമവും 68,72

ആദവും ക്രിസ്തുവും 31

ആദ്യനിഷ്കളങ്കത 19

ഈജിപ്ത്-പെസഹാ 27

ഈശായിയുടെ വേരിൽനിന്നുള്ള മുള 50

ഉത്ഥാനം 60

കന്യകയുടെ ഗർഭധാരണം 46

കന്യാത്വജനനം 34,47

കാത്തിരിക്കുന്ന ന്യായവിധി 65

കായേനും ഹാബേലും 20

ക്രിസ്തു - അത്ഭുതങ്ങൾ 55

- അറസ്റ്റ് 61

- ക്രൂശാരോഹണം 62;

- ദാവീദിന്റ പുത്രൻ 58

- പ്രവാചകന്മാരിൽ 55

- പ്രാഥമ്യം 36

- മഹത്ത്വത്തിൽ 67

- തലമുറ 58

- ഹേറോദേസിന്റെ മുമ്പിൽ 62

ചാരന്മാർ 28

ചെങ്കോൽ 50

ചെന്നായും കുഞ്ഞാടും 52

ജലപ്രളയം 22

ജീവന്റെ വഴി 9

തിരുലിഖിതസാരം 45

ത്രിത്വം 42

ത്രിത്വസംബന്ധമായ തെറ്റുകൾ 74

ത്രിത്വവും വീണ്ടും ജനനവും 14

ത്രിത്വവും സൃഷ്ടികളും 13,42

ദാവീദിനോടുള്ള വാഗ്ദാനപൂർത്തീകരണം 34

നിയമാവർത്തനം 29

നീതിമാന്റെ മരണം 59

നോഹയോടുള്ള ഉടമ്പടി 24

ന്യായവിധി 57

പറുദീസാ 18

പാതാളപ്രവേശനം 62

പാഷണ്ഡികൾ 75

www.malankaralibrary.com



പിതാവും മനുഷ്യകുലവും 15
പീഡാനുഭവം 55,61
പുത്രൻ-ആരംഭത്തിൽ 38
പുത്രനും അബ്രഹാമും 39
പുത്രനും മോശയും 41
പുത്രനും യാക്കോബും 40
പുത്രന്റെ പ്രിസ്ഥിതി 45
പെസഹാ 27
പ്രത്യക്ഷീകരണങ്ങൾ പുത്രന്റേത് 40
പ്രവചനങ്ങൾ 38
പ്രവാചകന്മാർ 30
പ്രവാചകന്മാരും ശ്ലൈഹിക പ്രബോധനവും 66
പ്രവാചകന്മാരിലൂടെ സംസാരിച്ച ദൈവം 43
മനുഷ്യസൃഷ്ടി 17
മല്ലന്മാർ 21
മുപ്പതുവെള്ളി നാണയങ്ങൾ 63
മോശയിൽനിന്ന് ശ്ലീഹന്മാരിലേക്ക് 36
യഥാർത്ഥജനനം, മരണം, ഉത്ഥാനം 35
യാക്കോബിന്റെ നക്ഷത്രം 50
യൂദായിൽനിന്നുള്ള ഭരണാധികാരി 49
യൂദായിലെ ബേത്ലഹേം 53
രക്ഷയുടെ വിജയം 34
വസ്ത്രം പങ്കിട്ടെടുക്കൽ 63
വാഗ്ദത്തനാട് 30
വിജാതീയർ 69,70
വിനാഗിരിയും കയ്പും 64
വിശ്വാസനിയമം 11
വിശ്വാസം വഴിയുള്ള നീതീകരണം 33
വിശ്വാസവും സത്പ്രവൃത്തികളും 10
വിസ്മയനീയനായ ഉപദേഷ്ടാവ് 47
വീഴ്ച 20
ശേമിനും യാഫേത്തിനും ലഭിച്ച അനുഗ്രഹം 23
ശ്ലൈഹിക പ്രഘോഷണം 37
സങ്കീർത്തനം 110 42
സപ്താകാശങ്ങൾ 16
സിനഗോഗ് 70
സോദോമും ഗോമോറായും 39
സൃഷ്ടികളുടെ ഉത്ഭവം 12
സ്വർഗപ്രവേശനം 65
സ്വർഗാരോഹണം 64
ഹവ്വാ 18
ഹവ്വായും മറിയവും 32
ഹാമിനു കിട്ടിയ ശാപം 22
ഹേറോദേസും പീലാത്തോസും 60